# ഗിരിദീപം

മാർച്ച് 2023



മാർച്ച് 19

## വി. യൗസേപ്പിതാവിന്റെ തിരുനാൾ




മാർച്ച് 19 ന്
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

# മാർ ജോസഫ് പാംപ്ലാനി പിതാവിന്

അതിരൂപതാക്കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ...

മാർച്ച് 2023

വാല്യം 06
ലക്കം 03

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. സർക്കുലർ : കെ.സി.ബി.സി.- മദ്യവിരുദ്ധ ഞായർ ............ 05
2. Prot. No. 0083 / 2023, Circular No. 02/2023 ............ 10
3. Prot. No. 0084 / 2023, Circular No. 03/2023 ............ 14
4. Prot. No. 0085 / 2023, Circular No. 04/2023 ............ 18
5. Prot. No. 0082 / 2023, പ്രത്യേക അറിയിപ്പുകൾ ............ 21
6. കച്ചേരിക്കാര്യം ............ 24
7. വൈദിക സമിതി റിപ്പോർട്ട് ............ 30
8 സെമിനാരി വാർത്തകൾ ............ 33
9. വിശ്വാസപരിശീലനം ............ 36
10. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ............ 43
11. ചെറുപുഷ്പ മിഷൻലീഗ് ............ 46
12. തിരുബാലസഖ്യം ............ 51
13. യുവജനശുശ്രൂഷ ............ 53
14. കുടുംബപ്രേഷിതത്വം ............ 57
15. വിദ്യാഭ്യാസ ഏജൻസി ............ 61
16. നിർമ്മലഗിരി കോളേജ് ............ 65
17. സാൻജോസ് അക്കാദമി ............ 68
18. വിമൽജ്യോതി വാർത്തകൾ ............ 69
19. ഇൻഫാം ............ 71
20. എ.കെ.സി.സി. ............ 72
21. മദ്യവിരുദ്ധ സമിതി ............ 74
22. എയ്ഞ്ചൽ ട്രസ്റ്റ് ............ 76
23. സാമൂഹ്യസേവനവേദി ............ 77
24. ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ............ 80
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ............ 81
26. Engagements - March (Archbishop Mar Joseph Pamplany) ............ 86
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ............ 87
28. Engagements - March (Archbishop Mar George Njaralakkatt) ............ 88
29. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ............ 89

Ref: 3840/K-5/KCBC/OL/DS 11.02. 2023

# മദ്യവിരുദ്ധ ഞായർ, 2023 മാർച്ച് 12

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സന്ദേശം

വന്ദ്യ വൈദികരേ, സന്യാസ സഹോദരങ്ങളെ, മിശിഹായിൽ പ്രിയ വിശ്വാസികളെ,

മാർച്ച് 12-ാം തീയതി കേരള കത്തോലിക്കാസഭ മദ്യവിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണല്ലോ. മദ്യ-ലഹരി വിപത്തിനെക്കുറിച്ച് ആഴമായി ചിന്തിക്കുവാനും ഫലപ്രദമായി നേരിടുവാനും അതിജീവിക്കാനും, മദ്യവിരുദ്ധ പ്രതിജ്ഞകളെടുക്കുവാനുമുള്ള ഒരു അവസരമാണ് ഈ ആചരണത്തിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വലിയൊരു തിന്മയാണ് മദ്യവും രാസനിർമ്മിതമായ ലഹരിയുമെന്ന് എല്ലാവർക്കും അറിയാം. മദ്യവിരുദ്ധ സമിതി കഴിഞ്ഞ 25 വർഷമായി, മദ്യവിരുദ്ധസഭയും സമൂഹവുമെന്ന, ആപ്തവാക്യവുമായി പ്രവർത്തിച്ചു വരുന്നു.

സാമൂഹ്യതിന്മകളുടെ കാര്യത്തിൽ സാക്ഷര കേരളം മുൻപന്തിയിലാണ്. സമൂഹത്തിന്റെ ധാർമ്മിക അധഃപതനത്തിനും മൂല്യച്യുതിക്കും മദ്യപാനവും ലഹരി ഉപയോഗവും മുഖ്യപങ്കുവഹിക്കുന്നു. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കാരണം കേരളത്തിന്റെ എല്ലാ കോണുകളും ഗുണ്ടാ സംഘങ്ങളും ലഹരി മാഫിയയും കയ്യടക്കിയിരിക്കുന്നു. ഇവിടെ നടക്കുന്ന കൊള്ളയും കൊലയും അനീതിയും അഴിമതിയും ആത്മഹത്യയും പെരുകുന്നതിന്റെ കാരണവും ഒരു പരിധിവരെ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗമാണ്. ലഹരി മാഫിയക്കെതിരെ പോരാടാനുറച്ചുകൊണ്ട് ജില്ലാ, താലൂക്കു, പഞ്ചായത്തു തലത്തിൽ സമിതികൾ രൂപീകരിച്ചും, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും സർക്കാർ നീങ്ങുകയാണ്. ഒരു വശത്ത് ബാറിന്റെയും ബിവറേജ് ഔട്ട്ലെറ്റുകളുടെയും എണ്ണം വർധിപ്പിച്ചും, ബ്രൂവറികളും പഴവർഗങ്ങളിൽ നിന്ന് മദ്യം ഉല്പാദിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പമ്പും അനുവദിച്ചും മുന്നേറുന്നു. മറുവശത്ത് ലഹരിമുക്തകേരള കാമ്പയിൻ സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെമ്പാടും പ്രചരണത്തിന് സർക്കാർ നേതൃത്വം

കൊടുക്കുന്നു. കേരളം ലഹരി മാഫിയയുടെ ഹബ്ബായി മാറിയിരിക്കുന്നുവെന്ന് സർക്കാർ തിരിച്ചറിഞ്ഞു. സോഷ്യൽ മീഡിയയുടെ വ്യാപക ഉപയോഗം മയക്കുമരുന്നിലേക്ക് യുവാക്കളെ ആകർഷിക്കാനും എളുപ്പത്തിൽ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. സർക്കാരിന് ഇച്ഛാശക്തിയുണ്ടെങ്കിൽ ഏതു മയക്കുമരുന്നു മാഫിയയെയും അടിച്ചമർത്താനും ഉന്മൂലനം ചെയ്യാനും സാധിക്കും. വിവിധ രാഷ്ട്രീയ പാർട്ടികളും അവരുടെ പോഷകസംഘടനകളും ലഹരിക്കെതിരെ പോരാടുമെന്ന് പ്രതിജ്ഞ ചെയ്തിട്ടും ചിലർ ഒളിഞ്ഞും തെളിഞ്ഞും ലഹരിക്കച്ചവടം നടത്താനും മദ്യ-ലഹരികടത്തുകാരുമായി ചേർന്ന് നേട്ടമുണ്ടാക്കാനും നടത്തുന്ന ശ്രമങ്ങൾ പകൽപോലെ സത്യമാണ്.

ഭരണഘടനയിലെ ആർട്ടിക്കിൾ 47-പ്രകാരം ദാരിദ്രത്തിനും കുറ്റകൃത്യങ്ങൾക്കും കാരണമായ മദ്യവും അതിന്റെ വ്യവസായവും ഒഴിവാക്കുന്നതിന്, എല്ലാ പൗരന്മാർക്കും കടമയുണ്ടെന്നും മദ്യവ്യാപാരം ആരുടെയും അവകാശമല്ലെന്നും 1975-ൽ സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. മദ്യവ്യവസായം ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളുടെ വ്യാപാരമാണെന്ന് 1984-ൽ കേരള ഹൈക്കോടതിയും വിധിച്ചിട്ടുണ്ട്. മദ്യവിപണനവും നിർമ്മാണവും സർക്കാർ ഏറ്റെടുത്തു നടത്തുന്നത് കാപട്യമാണ്. മദ്യകുപ്പികളിൽ ആരോഗ്യത്തിനു ഹാനികരമാണെന്ന ലേബലൊട്ടിച്ചാണ് സർക്കാർ വിതരണം നടത്തുന്നത്. കേരളത്തിലെ ജയിലുകളിൽ കഴിയുന്ന ഭൂരിപക്ഷം തടവുകാരും മദ്യലഹരിയിൽ കൊലപാതകങ്ങളും മറ്റ് അക്രമങ്ങളും നടത്തിയവരാണ്. റോഡപകടങ്ങളിൽ ഏറിയപങ്കും മദ്യലഹരിക്കടിമപ്പെട്ടവരുടെയും മദ്യപിച്ച് വാഹനമോടിച്ചവരുടെയും ഇരകളായിട്ടുള്ളവരാണ്. മദ്യപിച്ചെത്തിയ പിതാവിന്റെ അക്രമണം ഭയന്ന് രാത്രി തോട്ടത്തിലൊളിച്ച നാലു വയസുകാരി പാമ്പുകടിയേറ്റ് മരണപ്പെട്ട ദാരുണ സംഭവം ആരും മറക്കാനിടയില്ല. മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും പടിപടിയായി കുറയ്ക്കുമെന്നും മദ്യവർജനമാണ് സർക്കാർ മദ്യനയമെന്നും വാഗ്ദാനം ചെയ്തു അധികാരത്തിൽവന്ന സർക്കാർ ഘട്ടം ഘട്ടമായി കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുന്ന കാഴ്ചയാണ് നാം കാണുന്നത്. നാടുതകർന്നാലും സമൂഹം നശിച്ചാലും സ്കൂൾകുട്ടികൾ ഉൾപ്പെടെയുള്ള യുവജനങ്ങൾ ലഹരിക്കടിമപ്പെട്ടാലും അക്രമം പെരുകിയാലും ഖജനാവ് നിറയ്ക്കണം എന്ന ചിന്ത ഒരു ജനാധിപത്യ സർക്കാരിന് ഭൂഷണമല്ല.

ഒരുവശത്ത് ലഹരിവിരുദ്ധ ക്യാമ്പെയ്‌ൻ സംഘടിപ്പിക്കുകയും അത് പാഠ്യപദ്ധതിയുടെ ഭാഗമാക്കുമെന്നു വാഗ്ദാനം ചെയ്യുകയും മറുവശത്ത് യഥേഷ്ടം മദ്യം ഒഴുക്കുകയും അതിന് നേതൃത്വം കൊടുക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. അതീവ ഗുരുതരമായ സാമൂഹ്യപ്രശ്നത്തെ സൃഷ്ടിച്ചുകൊണ്ട് മനുഷ്യന്റെ സ്വൈര്യജീവിതം തകർക്കുന്ന മദ്യവ്യാപാരത്തിൻനിന്ന് സർക്കാർ പിന്മാറുവാൻ ആർജവത്തം കാട്ടണം. ബാല്യത്തിൽ തുടങ്ങുന്ന മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും യുവത്വത്തിലും തുടർന്നുള്ള ജീവിത കാലഘട്ടങ്ങളിലും മനുഷ്യനെ ഇരുണ്ടയുഗത്തിലേക്ക് നയിക്കും. കേരളത്തിൽ ആരോഗ്യ വിദ്യാഭ്യാസ, സാംസ്കാരിക രംഗങ്ങളിൽ സമഗ്ര സംഭാവന നല്കിയിട്ടുള്ള കേരളകത്തോലിക്കാസഭയ്ക്ക് ഈ നാടിനെ മദ്യത്തിൽനിന്നും ലഹരിയിൽ നിന്നും വിമുക്തമാക്കുകയെന്ന സുപ്രധാന ദൗത്യത്തിൽ നിന്ന് മാറിനില്ക്കാനാവില്ല. മോചനത്തിന്റെ സദ്‌വാർത്തയായി പുനരവതരിക്കുകയെന്നത് സഭയുടെ കർത്തവ്യമാണ്; കടമയാണ്. ആധുനിക സഭയുടെ പ്രവാചക സാന്നിധ്യമായിരുന്ന വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ആധുനിക സമൂഹത്തിലെ ഏറ്റവും മോശപ്പെട്ട മഹാമാരികളിൽ ഒന്നാണ് മദ്യാസക്തിയെന്ന ബോധ്യം മുൻകാലങ്ങളേക്കാൾ വ്യാപകമായിരിക്കുന്നു. ഈ തിരിച്ചറിവുതന്നെ ഏറ്റവും ശ്രേയസ്ക്കരമായ ഒന്നാണ്. എന്നാൽ, മുൻകാലങ്ങളെക്കാൾ അടിയന്തിരമായി കൂടുതൽ കൂട്ടായ പ്രവർത്തനം ഈ വിഷയത്തിൽ ആവശ്യമാണ്. ഈ പ്രശ്നം മനുഷ്യവ്യക്തിയെ ആഴത്തിൽ സ്പർശിക്കുന്ന ഒന്നാണ്. മാനവ കുടുംബത്തിലെ എല്ലാവരും മതവിശ്വാസങ്ങൾക്കതീതമായി, പ്രതീക്ഷയോടെ, ആത്മവിശ്വാസത്തോടെ ഗുരുതരവും വ്യാപകവുമായ മദ്യാസക്തി ഉയർത്തുന്ന ഭീഷണികളെ നേരിടാൻ മനുഷ്യന്റെ സഹായത്തിനെത്തുകയെന്നത് ഉന്നതമായ ഒരു വെല്ലുവിളിയാണ്. എന്നാൽ, നിങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾ സമൂഹത്തിൽ ഏകോപനങ്ങൾക്കുകൂടി കാരണമാകും (International Conference on the Scientific Social and Moral aspects of Alchololism, Friday 22nd June 1984).

മദ്യവിമുക്ത സമൂഹത്തിനുവേണ്ടി ലോകാരോഗ്യസംഘടന നിർദേശിച്ച ത്രിമാന പദ്ധതി കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി നടപ്പിലാക്കിവരുന്നു. ഡിമാന്റ് റിഡക്ഷൻ (മദ്യപിക്കുന്നവരുടെ എണ്ണം കുറയ്ക്കുക), സപ്ളൈ റിഡക്ഷൻ (ലഭ്യത കുറയ്ക്കുക), റിസ്ക് റിഡക്ഷൻ (മദ്യപിച്ച് രോഗികളായവരെ ചികിത്സിക്കുക) എന്നിവയാണ്

ത്രിമാന പദ്ധതികൾ. കേരള ജനസംഖ്യയിൽ നല്ല ശതമാനം ലഹരി ക്കടിമപ്പെട്ടിരിക്കയാണ്. ഏഷ്യയിൽ ഏറ്റവും കൂടുതൽ ലഹരിചികി ത്സാകേന്ദ്രങ്ങൾ ഉള്ളത് കേരളത്തിലാണ്. 9 നും 12 നും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾവരെ ലഹരിക്കും മദ്യത്തിനും അടിപ്പെട്ടരിക്കു ന്നുവെന്നത് ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. സ്കൂൾ പരിസരങ്ങളും സ്കൂളിനകവുംവരെ ലഹരി വിപണ സ്ഥലമായിരിക്കുന്നു. പുത്തൻ തലമുറ മദ്യത്തിൽനിന്ന് പുതുപുത്തൻ ലഹരി ഉപയോഗത്തിന്റെ പിടി യിലമർന്ന കാഴ്ചകൾക്കാണ് നാം സാക്ഷ്യം വഹിക്കുന്നത്. കഴിഞ്ഞ ഒന്നര വർഷത്തിനകം ലഹരി വിമോചനകേന്ദ്രങ്ങളിൽ 21 വയസ് തികയാത്ത 3933 പേരാണ് ചികിത്സക്കെത്തിയത്. ഇതിൽ 40 ശത മാനം പേർ 18 വയസ് തികയാത്തവരും. ഈ പരിതാപകരമായ സാഹ ചര്യത്തിൽ കാരിത്താസ് ഇൻഡ്യാ കേരളത്തിലേക്ക് 'സജീവം' എന്ന പേരിൽ ലഹരിക്കെതിരെ ഒരു പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാ ക്കുന്നു. കേരള കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ പൂർണ്ണ പിൻതു ണയോടെ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയും സോഷ്യൽ സർവ്വീസ് ഫോറവും സംയുക്തമായി ചേർന്ന് ഈ പദ്ധതിക്ക് നേതൃത്വം നല്കുന്നു. മദ്യവിമുക്ത സഭയും സമൂഹവുമെന്ന ലക്ഷ്യം നേടിയെടു ക്കാനുള്ള ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് എല്ലാവരു ടെയും സഹകരണം ഞങ്ങൾ അഭ്യർത്ഥിക്കുന്നു. സ്കൂൾ കോളേജ് തലത്തിലും വിശ്വാസ പരിശീലനക്ലാസുകൾ, മതാധ്യാപകർ, യുവജ നങ്ങൾ തുടങ്ങിയ വിവിധ ശുശ്രൂഷ മേഖലകളിലുള്ളവരെ ഉൾപ്പെ ടുത്തിയാണ് ബോധവൽക്കരണ ക്ലാസു നടത്തുന്നത്.

മനുഷ്യന്റെ സമഗ്ര വളർച്ചയ്ക്കും വികസനത്തിനും തടസമായ മദ്യാസക്തിയും മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗവും സൃഷ്ടി ക്കുന്ന മരണസംസ്ക്കാരത്തിൽ നിന്ന് നാടിനെ രക്ഷിക്കാനുള്ള ഉത്ത രവാദിത്വം നാം ഏറ്റെടുക്കണം. ലഹരിക്കെതിരായ പോരാട്ടത്തിൽ സ്വീകരിക്കേണ്ട അജപാലന മനോഭാവങ്ങൾ ഏറെ പ്രസക്തവും പ്രാധാ ന്യമർഹിക്കുന്നതുമാണ്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ ക്രൈസ്തവസ്നേഹത്തിലൂടേയും കാരുണ്യത്തോടെയും ബോധ വൽക്കരണ ചികിത്സാ മാർഗങ്ങളിലുടേയും പുതിയ ജീവിതത്തിലേക്ക് തിരികെ എത്തിക്കുവാൻ നമുക്കേവർക്കും കടമയുണ്ട്. 1996-ൽ ആരം ഭിച്ച കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഇപ്പോൾ രജത ജൂബിലി നിറവിലാണ്. കഴിഞ്ഞ 25 വർഷം ഈ സമിതിയെ നയിച്ച അഭിവന്ദ്യ പിതാക്കന്മാരേയും വൈദിക ശ്രേഷ്ഠരേയും അത്മായ സഹോദരങ്ങ

ളെയും നന്ദിപൂർവ്വം ഒർക്കുന്നു. കേരളത്തിലെ മദ്യവ്യാപരത്തിനെതിരെ സന്ധിയില്ലാ സമരം നടത്തുകയും അതിനായി ജീവിതം സമർപ്പിക്കുകയും ചെയ്ത കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി പ്രഥമ ചെയർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവും മദ്യവിപത്തിനെതിരെ ശക്തമായി പ്രതികരിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവും, അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തച്ചേരിൽ പിതാവും അഭിവന്ദ്യ റമിജിയൂസ് ഇഞ്ചനാനിയൽ പിതാവും ഈ സമിതിക്ക് ധീരമായ നേതൃത്വം കൊടുത്തവരാണ്.

മദ്യവിരുദ്ധ ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ദൈവത്തിലാശ്രയിച്ചുകൊണ്ട് മുന്നോട്ടു കൊണ്ടുപോകാം. ഓരോ ഇടവകയിലും സ്ഥാപനങ്ങളിലും മദ്യവിരുദ്ധ ഞായർ അർഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മാർച്ച് 12-ാം തീയതി ഞായറാഴ്ചത്തെ സ്തോത്രകാഴ്ച മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്
(ചെയർമാൻ, കെ.സി.ബി.സി മദ്യവിരുദ്ധ സമിതി)

ബിഷപ്പ് ക്രിസ്തുദാസ്. ആർ
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)
ബിഷപ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ

(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)
കേരള കത്തോലിക്കാസഭയുടെ ആസ്ഥന കാര്യാലയം
പി.ഒ.സി. കൊച്ചി - 682025

---

N.B.: ഈ സർക്കുലർ 2023 മാർച്ച് 05-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 0083 / 2023, Circular No. 02/2023

## അതിരൂപത ജീവകാരുണ്യഫണ്ട്

മിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരെ,

തലശ്ശേരി അതിരൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ മാർച്ച് 19 ന് നാം ആചരിക്കുകയാണല്ലോ. മലബാർ കുടിയേറ്റത്തിന്റെ ആരംഭം മുതൽ ഇന്നോളം ഈ സ്വർഗ്ഗീയ പിതാവിലൂടെ നമുക്ക് ലഭിച്ച നന്മകളും അനുഗ്രഹങ്ങളും നന്ദിയോടെ അനുസ്മരിക്കേണ്ട ദിനമാണ് ഈ ഓർമ്മദിനം. നമ്മുടെ രൂപതയിലെ പ്രധാന കുടിയേറ്റ കേന്ദ്രങ്ങളിൽ യൗസേപ്പിതാവിന്റെ നാമധേയത്തിൽ പണിതുയർത്തിയിരിക്കുന്ന പള്ളികളും സ്ഥാപനങ്ങളും കുടിയേറ്റ ജനതയ്ക്ക് യൗസേപ്പിതാവിനോടുള്ള ഭക്തിയും സ്നേഹവും വെളിവാക്കുന്നതാണ്. കുടിയേറ്റ ജനതയുടെ കടന്നുപോന്ന കനൽവഴികളിൽ കരംപിടിച്ച് വഴി നടത്തിയ നമ്മുടെ പിതാവിന്റെ സ്മരണ പച്ചകെടാതെ സൂക്ഷിക്കാൻ വിശ്വാസത്തിന്റെ പിൻതലമുറക്കാരായ നാം തയ്യാറാകണം.

കുടിയേറ്റ പിതാക്കന്മാരുടെ ജീവിതവഴികളിൽ ഏറെ ഹൃദയസ്പർശിയായ വസ്തുത, അനുദിന ജീവിത കഷ്ടതകളിൽപ്പോലും അവർ സംതൃപ്തരും വരാനിരിക്കുന്ന നാളുകളെ പ്രതീക്ഷയോടെ നോക്കിക്കണ്ടവരും ആയിരുന്നു എന്നതാണ്.

അതിനവരെ പ്രാപ്തരാക്കിയത് ദൈവീകപുണ്യങ്ങളായ വിശ്വാസവും, പ്രത്യാശയും, സ്നേഹവുമായിരുന്നു. വിശ്വാസം എന്തിനെയും അഭിമുഖികരിക്കുവാനും, പ്രത്യാശ കഷ്ടതകളെ ക്രിസ്തുവിന്റെ കുരിശിനോട് ചേർത്ത് സ്വർഗ്ഗത്തെ നോക്കിപ്പാർക്കാനും, സ്നേഹം അപരന്റെ ആവശ്യങ്ങളിൽ കനിവിന്റെ കരം നീട്ടാനും അവരെ പ്രചോദിപ്പിച്ചു. ഭൗതീക സാഹചര്യങ്ങൾ വളർന്ന് സാമ്പത്തിക സുരക്ഷ ഒരു പരിധി വരെ നാം നേടിയപ്പോൾ വിശ്വാസതീക്ഷ്ണതയും, പരസ്നേഹവും നഷ്ടമാകുന്നില്ല എന്നു നാം ഉറപ്പു വരുത്തണം. യൗസേപ്പിതാവിന്റെ ഈ ഓർമ്മദിനത്തിൽ നാം വീണ്ടെടുക്കേണ്ട രണ്ട് ബോധ്യങ്ങൾ അനുസ്മരിപ്പിക്കാനാഗ്രഹിക്കുന്നു: പ്രത്യാശയിലൂന്നിയ വിശ്വാസതീക്ഷ്ണതയും സാമൂദായിക ബോധവും. അസംതൃപ്തിയും, നിരാശയും, ഭാവിയെക്കുറിച്ചുള്ള അമിത ഉത്കണ്ഠയും നമ്മെ ഭരിക്കാനനുവദിക്കരുത്. വി. യൗസേപ്പ് പിതാവിന്റെ മാതൃകയും മദ്ധ്യസ്ഥതയും നമ്മെ ശക്തിപ്പെടുത്തട്ടെ.

അപരനെ വെറുക്കുന്ന, പുറംന്തള്ളുന്ന തീവ്രമായ സാമൂദായിക വർഗ്ഗീകരണം ക്രൈസ്തവമല്ല എന്ന് നമുക്കറിയാമല്ലോ. അതേ സമയം ക്രിസ്തുവിന്റെ തിരുരക്തത്താൽ നേടിയെടുക്കപ്പെട്ട വിശ്വാസസമൂഹമെന്ന നിലയിൽ ഉളവാകുന്ന സാമുദായിക അവബോധം വളർത്തിയെടുക്കാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ജനാധിപത്യ സമൂഹത്തിൽ നമ്മുടെ അംഗസംഖ്യ കുറയുന്ന അവസ്ഥയെക്കുറിച്ച് നാം ബോധവാന്മാരാകണം. നമ്മുടെ ക്രൈസ്തവസഹോദരരുടെ സംരംഭങ്ങളെ ബോധപൂർവ്വം പ്രോത്സാഹിപ്പിക്കണം. നമ്മുടെ കുഞ്ഞുങ്ങളെ ഗവൺമെന്റ് സംവിധാനങ്ങളിലും പൊതുമേഖലസ്ഥാപനങ്ങളിൽ ജോലിക്കായി പ്രോത്സാഹിപ്പിക്കണം. ഇടവകാതലത്തിൽ പഠിക്കാൻ കഴിവുള്ള വിദ്യാർത്ഥികളെ കണ്ടെത്തി സാധ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കുവാൻ ഇടവക കമ്മിറ്റികൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പ്രിയപ്പെട്ടവരെ,

നമ്മുടെ അതിരൂപത കൂട്ടായ്മയിലൂടെ പ്രകടമായ പരസ്നേഹത്തിന്റെ ഒരു ഓർമ്മപ്പെടുത്തൽകൂടി നടത്തുവാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ 32 വർഷമായി ജീവകാരുണ്യഫണ്ടിലൂടെ നാം പരസ്പരം

സഹായിച്ച ആയിരക്കണക്കിന് കുടുംബങ്ങളുണ്ട്. വി. യൗസേപ്പിതാവിന്റെ ഓർമ്മദിനത്തോടനുബന്ധിച്ച് നടത്തി വരുന്ന ഫണ്ട് സമാഹകരണം നമ്മുടെ സാമൂദായിക ബോധത്തിന്റെ കരുണ നിറഞ്ഞ പ്രതിഫലനമാണ്.

കഴിഞ്ഞ വർഷങ്ങളിൽ കോവിഡ് പ്രതിസന്ധിമൂലം ജീവകാരുണ്യഫണ്ടിലേക്കുള്ള സംഭാവനകൾ കുറയുകയും സഹായമഭ്യർത്ഥിച്ചു വരുന്നവരുടെ എണ്ണം കൂടുകയും ചെയ്തിട്ടുണ്ട്. എങ്കിലും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ ശുപാർശയോടെ ലഭിക്കുന്ന എല്ലാ അപേക്ഷകളിലും നമുക്കു ലഭിക്കുന്ന ഫണ്ടിന്റെ പരിമിതിയിൽ നിന്നുകൊണ്ടുള്ള സഹായം നല്കാൻ പരിശ്രമിക്കുന്നുണ്ട്.

കഴിഞ്ഞവർഷം ജീവകാരുണ്യ നിധിയിലേക്ക് ലഭിച്ച ആകെ തുക അൻപത്തി ഒൻപത് ലക്ഷത്തി അറുപത്തിരണ്ടായിരത്തി ഇരുന്നൂറ്റി ഇരുപത്താറ് (59,62,226) രൂപയാണ്. അതിൽ നിന്ന് ചികിത്സാ സഹായമായി ഇരുപത് ലക്ഷത്തി ഇരുപത്തി എട്ടായിരം (20,28,000) രൂപയും വിവാഹസഹായമായി പത്ത് ലക്ഷത്തി മുപ്പതിനായിരം (10,30,000) രൂപയും ഭവനനിർമ്മാണത്തിന് പതിനാല് ലക്ഷത്തി തൊണ്ണൂറായിരം (14,90,000) രൂപയും വിദ്യാഭ്യാസ സഹായം പത്ത് ലക്ഷത്തി മുപ്പതിനായിരം (10,30,000) രൂപയും മറ്റിനങ്ങളിൽ രണ്ട് ലക്ഷത്തി അയ്യായിരം (2,05,000) രൂപയും അർഹതപ്പെട്ട വ്യക്തികൾക്കും കുടുംബങ്ങൾക്കുമായി നല്കി.

ഈ വർഷവും മുൻ വർഷങ്ങളിലേതുപോലെ വാർഡ് പ്രതിനിധികൾ വഴി സംഭാവനയ്ക്കുള്ള കവറുകൾ നിങ്ങളുടെ ഭവനങ്ങളിൽ എത്തിച്ചുതരുന്നതാണ്. സംഭാവനകൾ കവറുകളിൽ നിക്ഷേപിച്ച് മേൽവിലാസം രേഖപ്പെടുത്തിയ സ്ലിപ്പ് സഹിതം അടുത്ത ഞായറാഴ്ച ദൈവാലയത്തിൽ സ്തോത്രക്കാഴ്ചയായി സമർപ്പിക്കുകയോ വാർഡുപ്രതിനിധികൾ വഴി പള്ളിയിൽ എത്തിക്കുകയോ ചെയ്യണമെന്ന് താല്പര്യപ്പെടുന്നു. ഈ വർഷം നിങ്ങളുടെ കൂടുതൽ ഉദാരമായ സഹകരണം ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഓരോ കുടുംബവും അവരുടെ ഒരു ദിവസത്തെ വരുമാനത്തിന് തുല്യമായ തുകയെങ്കിലും നല്കാൻ പരിശ്രമിക്കണം.

വി. അഗസ്തീനോസ് പറയുന്നു: "സ്നേഹം നിറഞ്ഞ കാരുണ്യ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ ധനികൻ ദാരിദ്രനും, നന്മ ചെയ്യുന്ന ദരിദ്രൻ ധനികനുമാണ്". വിശുദ്ധ വചനത്തിൽ സൂചിപ്പിക്കുന്നതു പോലെ "നിന്റെ സഹായം അർഹിക്കുന്നവരെല്ലാം നിന്റെ അയല്ക്കാർ ആണ്". ജീവിതം മുഴുവൻ തിരുക്കുടുംബത്തിന്റെ സംരക്ഷണത്തിനായി നിശബ്ദമായി വ്യയം ചെയ്ത വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം നമുക്കനുഗ്രഹമായിത്തീരട്ടെ. നമ്മുടെ ഭവനങ്ങളിൽ ഈ സ്വർഗ്ഗീയ പിതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ചുകൊണ്ട് മാർച്ച് മാസം മുഴുവനും നൊവേന ചൊല്ലിയിരുന്ന പതിവ് നിലനിന്നിരുന്നു. യൗസേപ്പിതാവിനായി സമർപ്പിച്ചിരിക്കുന്ന മാർച്ച് മാസത്തിൽ നമ്മുടെ ഈ പ്രാർത്ഥനാ പാരമ്പര്യം വീണ്ടെടുക്കാൻ പരിശ്രമിക്കാം.

എല്ലാ സത്പ്രവർത്തികൾക്കും നൂറിരിട്ടിയായി പ്രതിഫലം നല്കുന്ന ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. നോമ്പുകാലം അനുഗ്രഹപ്രദമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നിങ്ങളെ ഏവരേയും + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ ആശീർവ്വദിക്കുന്നു.

സ്നേഹത്തോടെ,

നിങ്ങളുടെ പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**

*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2023 ഫെബ്രുവരി 11 പരിശുദ്ധ ലൂർദ്ദുമാതാവിന്റെ തിരുനാൾ ദിനത്തിൽ നൽകപ്പെട്ടത്.

---

*NB:* ഈ സർക്കുലർ 2023 മാർച്ച് 12-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 0084 / 2023, Circular No.03/2023

## ദൈവവിളിവാരം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരെ,

ഈ വർഷം മാർച്ച് 26 മുതൽ ഏപ്രിൽ 1 വരെ നമ്മുടെ അതിരൂപത ദൈവവിളി വാരമായി ആചരിക്കുകയാണ്. എല്ലാ മനുഷ്യർക്കും വിശുദ്ധിയിലേയ്ക്കുള്ള വിളിയും ക്ഷണവും ദൈവം നല്കുന്നുണ്ട്. ഓരോ വ്യക്തിയെ സംബന്ധിച്ചും ദൈവത്തിന് വ്യക്തവും വ്യക്തിപരവും സ്വതന്ത്രവുമായ ഒരു പദ്ധതിയുണ്ട്. ഈ ദൈവിക പദ്ധതി മനസ്സിലാക്കാൻ ഇളം തലമുറയെ ഒരുക്കുക എന്നത് തിരുസഭയുടെ സവിശേഷമായ കടമയാണ്. സഭ മുഴുവന്റേയും ഈ പരിശ്രമത്തിന്റെ ബാഹ്യരൂപമാണ് ദൈവവിളി വാരം.

ദൈവവിളി എന്ന് കേൾക്കുമ്പോൾ മൂന്ന് അടിസ്ഥാന ചോദ്യങ്ങൾ നമ്മിൽ രൂപം കൊള്ളുന്നു. ആര് വിളിക്കുന്നു? ആരെ വിളിക്കുന്നു? എന്തിന് വിളിക്കുന്നു? ഈ ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്തുമ്പോഴാണ് ദൈവവിളിയുടെ അർത്ഥം മനസിലാക്കാൻ സാധിക്കുക. വിളിക്കുന്നത് ദൈവമാണ്. അധികാരവും അവകാശവും ഉള്ളവനാണ് വിളിക്കുന്നത്. "മാതാവിന്റെ ഉദര ത്തിൽ എനിക്ക് രൂപം നൽകുന്നതിനുമുമ്പ് എന്നെ അറിഞ്ഞ വനാണ്" (ജെറ 1:5) വിളിക്കുന്നത്. ആരെയാണ് വിളിക്കുന്നത്? "അവൻ മലമുകളിലേക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു" (മർക്കോ 3:13). ദൈവം ഒരു വ്യക്തിയോട് കാണിക്കുന്ന പ്രത്യേകമായ ഇഷ്ടവും തിരഞ്ഞെടുപ്പുമാണ് ദൈവവിളിയുടെ അടിസ്ഥാനം.

ബലഹീനരായ മനുഷ്യരെ ആണ് ദൈവം വിളിക്കുന്നത്. എല്ലാം തികഞ്ഞവരെ ആയിരുന്നില്ല ദൈവം വിളിച്ചത് എന്ന് വി. ഗ്രന്ഥത്തിലെ ദൈവവിളികളുടെ വിവരണം നമ്മെ ഓർമിപ്പിക്കുന്നു. മാലാഖമാരെയല്ല പ്രത്യുത മനുഷ്യനെയാണ് തന്റെ ദൗത്യം നിർവഹിക്കാൻ അവിടുന്ന് വിളിച്ചത്. എന്തിനുവേണ്ടിയാണ് അവിടുന്ന് വിളിക്കുന്നത്? ദൈവത്തെ സ്വന്തമാക്കാൻ, അവിടുത്തെ സ്വപ്നം സാക്ഷാത്കരിക്കാൻ അവിടുത്തെ ദൗത്യത്തിൽ പങ്കാളിയാകാൻ അവിടുന്ന് വിളിക്കുന്നു. "തന്നോട് കൂടെ ആയിരിക്കുന്നതിനും പ്രഘോഷിക്കാൻ അയക്കുന്നതിനും" (മർക്കോ 3:14-15) വേണ്ടിയാണ് അവിടുന്ന് അവരെ തിരഞ്ഞെടുത്തത്.

പൗരോഹിത്യത്തിലേക്കും സന്യാസത്തിലേക്കും ഉള്ള ദൈവത്തിന്റെ ക്ഷണത്തെയാണ് പൊതുവേ ദൈവവിളി എന്ന് വിശേഷിപ്പിക്കുന്നത് എങ്കിലും അടിസ്ഥാനപരമായി ദൈവമക്കളാകാനുള്ള വിളിയാണിത് എന്ന് സഭ പഠിപ്പിക്കുന്നു. "ക്രൈസ്തവർ എല്ലാവരും ക്രൈസ്തവ ജീവിതത്തിന്റെ പൂർണ്ണതയും സ്നേഹത്തിന്റെ തികവും പ്രാപിക്കാൻ വിളിക്കപ്പെട്ടവരാണ്" (തിരുസഭ 40). സവിശേഷമായ വിധത്തിൽ ദൈവരാജ്യ ശുശ്രൂഷയ്ക്കായി തങ്ങളെതന്നെ സമർപ്പിക്കുന്നവരാണ് വൈദികരും സമർപ്പിതരും.

ദൈവവിളി സ്വീകരണം എന്നത് ദൈവത്തിന്റെ സ്വപ്നം യാഥാർഥ്യമാക്കലാണ് എന്ന് ഫ്രാൻസീസ് മാർപ്പാപ്പ ഓർമ്മപ്പെടുത്തുന്നു. ദൈവത്തിന് എന്നിലൂടെ ചിലതൊക്കെ ചെയ്യുവാനുണ്ട് എന്ന തിരിച്ചറിവും അതിനുവേണ്ടി തന്നെതന്നെ ഒരുക്കുന്നതുമാണ് ദൈവവിളി സ്വീകരണത്തിന്റെ കാതൽ.

പ്രിയ കുട്ടികളേ, യുവജനങ്ങളേ, ഈശോയുടെ ഈ ക്ഷണത്തിന് ക്രിയാത്മകമായി പ്രത്യുത്തരം നല്കാൻ നിങ്ങൾക്ക് കഴിയട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

എങ്ങിനെയാണ് ദൈവവിളിയെ തിരിച്ചറിയാൻ സാധിക്കുക? തന്നെത്തന്നെ ദൈവിക ശുശ്രൂക്ഷയ്ക്കായി സമർപ്പിക്കുവാനുള്ള ഉൾവിളിയും, പ്രാർത്ഥനയിലൂടെ ദൈവവുമായി ബന്ധത്തിലായിരിക്കുവാനുള്ള താല്പര്യവും, മറ്റുള്ളവർക്കുവേണ്ടി സ്വയം സമർപ്പിക്കുവാനുള്ള ആഭിമുഖ്യവും, ബ്രഹ്മചര്യജീവിതത്തിലൂടെ എല്ലാവർക്കും എല്ലാം ആകുവാനുമുള്ള താല്പര്യവും, സഭാപ്രബോധനങ്ങളോടും സഭാധികാരികളോടുമുള്ള അനുസരണവും, സാന്മാർഗികവും ബൗദ്ധികവുമായ കാര്യങ്ങളിൽ പ്രദർശിപ്പിക്കുന്ന പ്രതിബദ്ധതയും ഒരാളുടെ ദൈവവിളിയെ തിരിച്ചറിയാനുള്ള അടയാളങ്ങളാണ്. വ്യക്തികൾക്ക് ദൈവവിളി ലഭിക്കുന്നത് വ്യതസ്ത ജീവിത ഘട്ടങ്ങളിൽ

വച്ചാണ്. "എന്റെ ദൈവവിളി സ്നേഹമാകുന്നു" എന്ന് പറഞ്ഞ വി. കൊച്ചുത്രേസ്യായെപ്പോലെ ചിലപ്പോൾ ചെറുപ്രായത്തിൽ ദൈവവിളി തിരിച്ചറിയാൻ സാധിക്കും. അല്ലെങ്കിൽ പാപങ്കിലമായ ഒരു ജീവിതത്തിനുശേഷം ദൈവത്തിന്റെ സ്വരം ശ്രവിച്ച വി. അഗസ്റ്റിനെ പോലെ ചിലപ്പോൾ താമസിച്ചായിരിക്കാം. ദൈവസ്വരത്തിന് ഉത്തരം നൽകി അവിടുത്തെ അനുഗമിക്കുക എന്നതാണ് പ്രധാനം. ഈശോ പറഞ്ഞു "ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശും എടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്താ 16:24).

പ്രിയ മാതാപിതാക്കളെ, കുടുംബമാണ് ദൈവവിളി പരിപോഷണത്തിന്റെ പ്രാരംഭകളരി. അതിനാൽ തങ്ങളുടെ കുഞ്ഞുങ്ങളുടെ ദൈവവിളി കണ്ടെത്തേണ്ടതും അതിനെ പ്രോത്സാഹിപ്പിക്കേണ്ടതും മാതാപിതാക്കളിൽ നിക്ഷിപ്തമായിരിക്കുന്ന കടമയാണ്. ദൈവ തിരുസന്നിധിയിൽ നിങ്ങൾ ചെയ്ത വിവാഹ ഉടമ്പടിയുമായിട്ട് ഏറെ ചേർന്ന് നിൽക്കുന്നതാണ് ഈ ദൗത്യം. തങ്ങളുടെ ദൈവവിളി തിരിച്ചറിഞ്ഞ് പൗരോഹിത്യ - സമർപ്പിത ജീവിതം തിരഞ്ഞെടുക്കാൻ ആഗ്രഹം പ്രകടിപ്പിക്കുന്ന മക്കളെ തടസ്സപ്പെടുത്താതെ, അവരെ പ്രോത്സാഹിപ്പിക്കുവാനും അവർക്ക് പൂർണ്ണ പിന്തുണ കൊടുക്കുവാനും മാതാപിതാക്കൾക്ക് കഴിയട്ടെ. ദൈവീക പദ്ധതി തിരിച്ചറിഞ്ഞ് തങ്ങളുടെ മക്കളെ ദൈവത്തിനും ദൈവജനത്തിനുംവേണ്ടി സ്നേഹത്തോടെ സമർപ്പിക്കുവാൻ തയ്യാറാകുന്ന വൈദികരുടേയും സമർപ്പിതരുടേയും പരിശീലനത്തിൽ ഉള്ളവരുടേയും മാതാപിതാക്കളെ ഇത്തരുണത്തിൽ ഞാൻ നന്ദിയോടെ ഓർക്കുന്നു.

പ്രിയ ദൈവജനമേ, തലശ്ശേരി അതിരൂപതയിലെ ഭാവി വൈദികരുടെ പരിശീലനത്തിൽ നിങ്ങൾ നൽകുന്ന കരുതലിനും പ്രോത്സാഹനത്തിനും ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു. കേരളത്തിലെ സീറോമലബാർ രൂപതകളിൽ ഏറ്റവും കൂടുതൽ ദൈവവിളികൾ ലഭിക്കുന്നത് നമ്മുടെ അതിരൂപതയ്ക്കാണ്. വൈദികരും സമർപ്പിതരും വൊക്കേഷൻ ബ്യൂറോ അംഗങ്ങളും വിശ്വാസ പരിശീലകരും കുടുംബാംഗങ്ങളും ദൈവവിളി പ്രോത്സാഹനത്തിൽ പങ്കുചേരുന്നതുകൊണ്ട് ഒരു ഉത്തമ ദൈവവിളി സംസ്കാരം നമ്മുടെ അതിരൂപതയിൽ വളരുന്നു എന്നത് അഭിനന്ദനാർഹമാണ്. എട്ട് നവവൈദികരെ നൽകി ദൈവം നമ്മുടെ അതിരൂപതയെ ഈ വർഷം അനുഗ്രഹിച്ചു. ഇരുനൂറോളം വൈദികാർത്ഥികളാണ് നമ്മുടെ മൈനർ സെമിനാരിയിലും വിവിധ മേജർ സെമിനാരികളിലുമായി പരിശീലനം നടത്തുന്നത്. നമ്മുടെ മൈനർ സെമിനാരിയിൽ ചേർന്ന് തലശ്ശേരി

അതിരുപതക്കുവേണ്ടി വൈദികരാകാൻ ആഗ്രഹിക്കുന്ന പത്താം ക്ലാസോ അതിൽ അധികമോ യോഗ്യത ഉള്ള യുവാക്കളെ ഞാൻ പ്രത്യേകമായി ക്ഷണിക്കുന്നു. ഈ വർഷം നമ്മുടെ അതിരൂപതയിൽ മാർച്ച് 31 മുതൽ ഏപ്രിൽ 1 വരെയാണ് ദൈവവിളി ക്യാമ്പ് നടത്തുന്നത്. പെൺകുട്ടികൾക്ക് മദർഹോമിലും ആൺകുട്ടികൾക്ക് പടന്നക്കാട്, ചട്ടമല, ചെമ്പേരി, കുന്നോത്ത് എന്നിവിടങ്ങളിലും ആയിരിക്കും ക്യാമ്പ് ക്രമീകരിക്കുന്നത്. ഏതെങ്കിലും സെമിനാരികളിലോ കോൺവെന്റു കളിലോ ചേരാൻ ആഗ്രഹിക്കുന്നവർക്ക് അതിരൂപതയിൽ നിന്നും NOC ലഭിക്കുന്നതിന് ദൈവവിളി ക്യാമ്പിലെ പങ്കാളിത്തം അനിവാര്യമാണ്.

വൈദിക പരിശീലനത്തിൽ പ്രാർത്ഥന വഴിയായും സാമ്പത്തിക മായും സഹായം ചെയ്യുന്ന എല്ലാ ഉപകാരികളേയും ഞാൻ നന്ദിയോടെ ഓർക്കുന്നു. നിങ്ങളുടെ പങ്കുവയ്ക്കലിന് ദൈവം നൂറ് മേനി ഫലം തരട്ടെ. വൈദിക പരിശീലനത്തിന് ഇനിയും സാമ്പത്തിക സഹായത്തിലൂടെയും പ്രാർത്ഥനയിലൂടെയും ഉപകാരികളായി തീരുവാൻ ആഗ്രഹിക്കുന്നവരെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. മുൻവർഷങ്ങളിലേതുപോലെ ഓശാന ഞായറാഴ്ചത്തെ സ്തോത്ര കാഴ്ച അതിരൂപതയിലെ വൈദിക പരിശീലനത്തിനുള്ള ചിലവിനു വേണ്ടി നമുക്ക് മാറ്റിവയ്ക്കാം.

പ്രിയ കുട്ടികളെ, പരീക്ഷയ്ക്കുവേണ്ടി ഒരുങ്ങിക്കൊണ്ടിരിക്കുന്ന നിങ്ങൾക്ക് എല്ലാ വിജയാശംസകളും നേരുന്നു. ഏറ്റവും അനുയോജ്യ മായ ദൈവവിളി തിരഞ്ഞെടുക്കുവാനും അങ്ങനെ ദൈവത്തിന്റെ നല്ല മക്കളായി ജീവിക്കുവാനും നിങ്ങൾക്ക് കൃപ ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നിങ്ങളെ ഏവരേയും + പിതാവിന്റെയും + പുത്രന്റെയും + പരി ശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ ആശീർവ്വദിക്കുന്നു.

സ്നേഹത്തോടെ, നിങ്ങളുടെ പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2023 ഫെബ്രു. 22 വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിരുനാളിൽ നൽകപ്പെട്ടത്.

---

*NB:* ഈ സർക്കുലർ 2023 മാർച്ച് 19-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 0085 / 2023, Circular No. 04/2023

## വിശ്വാസോത്സവം

ഈശോയിൽ സ്നേഹമുള്ളവരെ,

2022-2023 അധ്യായന വർഷത്തെ കുട്ടികളുടെ വിശ്വാസപരിശീലനം ഏപ്രിൽ 15-ന് നടത്തുന്ന വാർഷിക പരീക്ഷയോടെ സമാപിക്കുകയാണല്ലോ. ഒരു അധ്യായന വർഷം മുഴുവൻ ഈശോയെക്കുറിച്ചും തിരുസ്സഭയെക്കുറിച്ചും പഠിച്ച കാര്യങ്ങൾ കൂടുതൽ അനുഭവതലത്തിലേക്ക് കൊണ്ടുവരുന്നതിനും വിശ്വാസപരിശീലനം കൂടുതൽ ആകർഷകവും ജീവിതഗന്ധിയുമാക്കി സമഗ്രവ്യക്തിത്വവികസനം ത്വരിതപ്പെടുത്തുന്നതിനും വേണ്ടിയാണ് ഏപ്രിൽ 10 മുതൽ 13 വരെ നമ്മുടെ അതിരൂപതയിൽ വിശ്വാസോത്സവം ആചരിക്കുന്നത്.

ദൈവാരാധനയാണ് ഈ വർഷത്തെ വിശ്വാസോത്സവത്തിന്റെ പഠനവിഷയമായി തിരഞ്ഞെടുത്തിരിക്കുന്നത്. നാല് ദിവസങ്ങൾ നീണ്ടുനിൽക്കുന്ന വിശ്വാസോത്സവത്തിൽ വിശ്വാസത്തിന്റെ ആഘോഷമായ ദൈവാരാധനയെ കൂടുതൽ അനുഭവിച്ചറിയാൻ കുട്ടികൾക്ക് സാധിക്കും. കഥകളിലൂടെയും മത്സരങ്ങളിലൂടെയും ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെയും വിശ്വാസസത്യങ്ങളെയും സഭയുടെ പഠനങ്ങളെയും കുട്ടികൾക്ക് എളുപ്പം ഗ്രഹിക്കത്തക്കരീതിയിൽ അവതരിപ്പിക്കുകയാണ് വിശ്വാസോത്സവത്തിലൂടെ ചെയ്യുന്നത്. ഓരോ വിദ്യാർത്ഥിയുടെയും സ്വഭാവരീതികളും കഴിവുകളും സിദ്ധികളും കണ്ടെത്തി വികസിപ്പിക്കാനും വേണ്ട തിരുത്തലുകൾ വരുത്താനും വിശ്വാസോത്സവത്തിലൂടെ ശ്രമിക്കുന്നു.

2023 ഏപ്രിൽ 10 മുതൽ 13 വരെയുള്ള നാലുദിവസങ്ങളിലാണ് വിശ്വാസോത്സവം നടത്തേണ്ടത്. വിശ്വാസോത്സവത്തിൽ ഒന്ന് മുതൽ പതിനൊന്ന് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ കുട്ടികളും നിർബ

ന്ധമായും പങ്കെടുക്കണം. രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3.45 വരെ നീണ്ടുനിൽക്കുന്ന പരിശീലന പരിപാടികളാണ് വിശ്വാസോത്സവ ദിനങ്ങളിൽ ക്രമീകരിച്ചിരിക്കുന്നത്. എല്ലാ ദിവസവും രാവിലെ വി. കുർബ്ബാനയോടുകൂടിയായിരിക്കണം ക്ലാസ്സുകൾ ആരംഭിക്കേണ്ടത്. ദിവസത്തിന്റെ എണ്ണവും സമയക്രമവും എല്ലാ സൺഡേ സ്കൂളുകളും കൃത്യമായി പാലിക്കണമെന്ന് ഓർമിപ്പിക്കുന്നു.

വിശ്വാസോത്സവ ദിവസങ്ങളിലെ വിവിധങ്ങളായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികളെയും വൈദികവിദ്യാർത്ഥികളെയും ഭക്തസംഘടനാ പ്രതിനിധികളെയും പങ്കെടുപ്പിക്കുന്നത് നല്ലതാണ്. ആറ് വർക്കുബുക്കുകളാണ് കുട്ടികളുടെ ഉപയോഗത്തിനായി ഈ വർഷം നമ്മുടെ വിശ്വാസപരിശീലന കേന്ദ്രം തയ്യാറാക്കിയിരിക്കുന്നത്. തികച്ചും ആകർഷകമായ രീതിയിൽ ഒരുക്കിയിരിക്കുന്ന വർക്കുബുക്കുകൾ എല്ലാ കുട്ടികൾക്കും വിശ്വാസപരിശീലകർക്കും ഉണ്ടായിരിക്കേണ്ടതാണ്.

ഏപ്രിൽ 4-ാം തീയതിയാണല്ലോ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 17-ാം ചരമ വാർഷികം ആചരിക്കുന്നത്. നമ്മുടെ അതിരൂപതയുടെ അഭിവൃദ്ധിക്കും മലബാർ മേഖലയുടെ ഉന്നമനത്തിനുമായി പിതാവു ചെയ്ത സ്തുത്യർഹമായ സേവനങ്ങളെ അടുത്ത തലമുറയ്ക്ക് പകർന്നുകൊടുക്കേണ്ടത് നമ്മുടെ കടമയാണ്. മുൻവർഷങ്ങളിൽ നടത്തിയതുപോലെ പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് "ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി കബറിട തീർത്ഥാടനം" ഈ വർഷവും നാം നടത്തുന്നുണ്ട്. ഏപ്രിൽ 10 മുതൽ 13 വരെയുള്ള തീയതികളിൽ പത്ത്, പതിനൊന്ന് ക്ലാസ്സുകളിൽ വിശ്വാസപരിശീലനം നടത്തുന്ന എല്ലാ കുട്ടികൾക്കും വിശ്വാസോത്സവത്തിന്റെ ഭാഗമായി പിതാവിന്റെ കബറിടം സന്ദർശിച്ച് മാധ്യസ്ഥ്യം പ്രാർത്ഥിക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. കൂടാതെ, കുടിയേറ്റമേഖലയിലെ പിതാവിന്റെ ഇടപെടലുകളെ പരിചയപ്പെടുത്തുന്ന എക്സിബിഷൻ അതിരൂപതയിലെ വിവിധ ഭക്തസംഘടനകൾ കുട്ടികൾക്കായി ഒരുക്കിയിട്ടുണ്ട്.

പ്രിയ മാതാപിതാക്കളെ, ഏപ്രിൽ 15-ന് നടത്തുന്ന ഈസ്റ്റർ പരീക്ഷയോടുകൂടിയാണ് ഈ അധ്യായനവർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ പൂർത്തിയാകുന്നത്. കുട്ടികളുടെ പ്രഥമ വിശ്വാസപരിശീലകരെന്ന നിലയിൽ മാതാപിതാക്കൾ വിശ്വാസോത്സവത്തോട് പൂർണ്ണമായി സഹകരിക്കുകയും കുട്ടികളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. കൂടാതെ, ഉത്തരവാദിത്വമുള്ള മാതാപിതാക്കൾ എന്ന നിലയിൽ കുട്ടികളുടെ ഞായറാഴ്ച ആചരണം ഒരിക്കലും മുട

ങ്ങാതിരിക്കുവാനും അവധിക്കാലത്ത് കുട്ടികളെ ആത്മീയ ഉണർവ്വ് ലഭിക്കുന്ന ധ്യാനങ്ങളിലും ഇതരപരിപാടികളിലും പങ്കെടുപ്പിക്കുവാനും ശ്രദ്ധിക്കണം.

കുട്ടികൾക്ക് ആഴമേറിയ വിശ്വാസബോധ്യവും അനുഭവവും അറിവും നല്കുക എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന വിശ്വാസോത്സവം വിജയിപ്പിക്കുവാൻ ഇടവകയിലെ മുഴുവൻ ദൈവജനത്തിന്റെയും സഹായസഹകരണങ്ങളുണ്ടാകണമെന്ന് ഓർമിപ്പിക്കുന്നു. ബഹു. വികാരിയച്ചനോടും സിസ്റ്റേഴ്സിനോടും വിശ്വാസപരിശീലകരോടും ചേർന്ന് ഇടവക അജപാലന സമിതി അംഗങ്ങളും സംഘടനാഭാരവാഹികളും വിശ്വാസോത്സവക്രമീകരണങ്ങൾക്ക് സഹായിക്കേണ്ടതാണ്.

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസ്സുകൾ ഏപ്രിൽ 17 മുതൽ 21 വരെ സന്ദേശഭവനിൽവച്ച് നടത്തുന്നതാണ്. പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളും നിർബന്ധമായി വിശ്വാസോത്സവത്തിൽ പങ്കെടുക്കണം.

വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന എല്ലാ വൈദികരെയും സിസ്റ്റേഴ്സിനെയും വിശ്വാസപരിശീലകരെയും അജപാലനസമിതി അംഗങ്ങളെയും വിവിധ സംഘടനാഭാരവാഹികളെയും മാതാപിതാക്കളെയും നന്ദിയോടെ ഞാൻ ഓർക്കുന്നു. വിശ്വാസപരിശീലനകേന്ദ്രം നല്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് ഈ വർഷത്തെ വിശ്വാസോത്സവം ഫലദായകമാക്കുവാൻ നിങ്ങളെല്ലാവരും ശ്രദ്ധിക്കുമല്ലോ.

വിശ്വാസം ആഘോഷിക്കാൻ, പ്രഘോഷിക്കാൻ, ജീവിക്കാൻ വിശ്വാസോത്സവം 2023 എല്ലാവരെയും സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം, നിങ്ങളുടെ പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2023 ഫെബ്രുവരി 20 ന് നൽകപ്പെട്ടത്.

---

*NB:* ഈ സർക്കുലർ 2023 മാർച്ച് 26-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

**മാർ ജോസഫ് പാംപ്ലാനി**
Prot. No. 0082 / 2023

# പ്രത്യേക അറിയിപ്പുകൾ

ഈശോയിൽ പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരെ,

2023 മാർച്ച്, മെയ് മാസങ്ങളിൽ ശ്രദ്ധിക്കേണ്ട ചില പ്രധാന കാര്യങ്ങൾ ഓർമ്മിപ്പിക്കട്ടെ.

**1. ആണ്ട് തിരട്ട് പൊതുയോഗം - ഏപ്രിൽ 16, 23**

ഈ വർഷത്തെ ആണ്ട്തിരട്ട് പൊതുയോഗം എല്ലാ ഇടവകകളിലും ഏപ്രിൽ 16-ാം തീയതി ഞായറാഴ്ചയോ, അല്ലെങ്കിൽ 23-ാം തീയതി ഞായറാഴ്ചയോ ചേരേണ്ടതാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്ക് വായിച്ചു പാസ്സാക്കേണ്ടതും പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുക്കേണ്ടതും ഈ പൊതുയോഗത്തിലാണ്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന തീയതികളിൽ പൊതുയോഗം ചേരാനുള്ള ക്രമീകരണങ്ങൾ ചെയ്യണം. കണക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുയോഗത്തിൽ അവതരിപ്പിക്കണം. പൊതുയോഗ തീരുമാനങ്ങൾ 2023 മെയ് 4-ാം തീയതിക്കു മുമ്പായി അതിരൂപതാ കച്ചേരിയിൽനിന്നും അംഗീകരിച്ച് വാങ്ങുകയും മെയ് 7-ാം ഞായറാഴ്ച പുതിയ കൈക്കാരന്മാർ ചുമതലയേൽക്കും വിധം ക്രമീകരണങ്ങൾ നടത്തുകയും ചെയ്യണം

**2. കണക്കുകൾ ഓൺലൈനിൽ പൂർത്തിയാക്കാത്ത ഇടവകകൾ**

ചില ഇടവകകൾ മാസതിരട്ടുകൾ ഓൺലൈനിൽ സമർപ്പിച്ചതായി കാണുന്നില്ല. 2023 ഏപ്രിൽ 2 ന് മുമ്പായി 2022-2023 സാമ്പത്തിക വർഷത്തെ മുഴുവൻ കണക്കുകളും ഓൺലൈനിൽ സമർപ്പിക്ക

ണമെന്ന് ഓർമ്മിപ്പിക്കുന്നു. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള പള്ളികളുടെ കണക്കുകൾ മാർച്ച് 31 ന് സോഫ്റ്റ് വെയറിൽ ചെയ്തു തീർക്കുവാൻ ശ്രദ്ധിക്കുമല്ലോ. 2023 ഏപ്രിൽ 6 ന് പള്ളിയുടെ കണക്കുകൾ ലോക്ക് ചെയ്യപ്പെടും എന്ന് ഓർമ്മിപ്പിക്കുന്നു. നിശ്ചയിച്ച തീയതിക്കുശേഷം കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്ക് ഓൺലൈനിൽ സമർപ്പിക്കുവാൻ ഉള്ള സൗകര്യം ഉണ്ടായിരിക്കില്ല.

**3. ബഹുമാനപ്പെട്ട വൈദികരുടെ സ്ഥലം മാറ്റം**

ഈ വർഷത്തെ പൊതുവായ സ്ഥലം മാറ്റം 2023 മെയ് 13 ശനിയാഴ്ചയാണ് നടക്കുന്നത്. കഴിഞ്ഞവർഷങ്ങളിലെ കൊറോണായുടെ പശ്ചാത്തലത്തിൽ, അജപാലന ശുശ്രൂഷയിൽ നാലും അതിൽ കൂടുതലും വർഷങ്ങൾ പൂർത്തിയാക്കിയിട്ടുള്ള വൈദികർക്കാണ് സ്ഥലം മാറ്റത്തിനുള്ള അറിയിപ്പ് നല്കിക്കൊണ്ടുള്ള കത്തുകൾ അയച്ചിട്ടുള്ളത്. ഇടവകകളിൽ മൂന്നുവർഷത്തെ അജപാലന ശുശ്രൂഷ പൂർത്തിയാക്കിയ ബഹുമാനപ്പെട്ട വൈദികർ സ്ഥലംമാറ്റം ആഗ്രഹിക്കുന്നുവെങ്കിൽ 2023 ഫെബ്രുവരി 25-ാം തീയതിക്കു മുമ്പായി പ്രോട്ടോ സിഞ്ചെല്ലൂസ് ബഹു. മോൺ. ആന്റണി മുതുകുന്നേലച്ചനെ രേഖാമൂലം അറിയിക്കണമെന്നുള്ള വാട്സ്ആപ്പ് സന്ദേശം നല്കിയിരുന്നത് ശ്രദ്ധിച്ചിരുന്നല്ലോ.

**4. പാരീഷ് കൗൺസിൽ, കോ-ഓർഡിനേറ്റർമാരുടെ തിരഞ്ഞെടുപ്പ്**

2023 ജനുവരി മാസത്തിലെ ഗിരിദീപത്തിൽ അറിയിച്ചിരുന്നതനുസരിച്ച് അടുത്ത മൂന്നുവർഷത്തേക്കുള്ള പാരീഷ് കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പ് പ്രക്രിയകൾ ആരംഭിച്ചു എന്നു കരുതട്ടെ. പുതിയ പാരീഷ് കൗൺസിൽ ഇടവകയിൽ നിലവിൽ വരുന്നതിനോടൊപ്പം ഇടവകയിലെ കോ-ഓർഡിനേറ്ററേയും തിരഞ്ഞെടുക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

a) പുതുതായി രൂപപ്പെടുന്ന പാരീഷ് കൗൺസിലിൽ നിന്നും കോ-ഓർഡിനേറ്ററേയും പാരീഷ് കൗൺസിൽ സെക്രട്ടറിയെയും തിരഞ്ഞെടുക്കണം. നിലവിലുള്ള എല്ലാ ഇടവക കോ-ഓർഡിനേറ്റർമാരുടെയും (മൂന്നുവർഷം പൂർത്തിയാകാത്തവരുൾപ്പെടെ) കാലാവധി 2023 മാർച്ച് 31 ന് അവസാനിക്കും.

b) പാരീഷ് കൗൺസിൽ നിർദ്ദേശിക്കുന്ന മൂന്നംഗങ്ങൾ അടങ്ങിയ പാനലിൽനിന്നും ഇടവക വികാരിക്ക് ഒരാളെ കോ-ഓർഡിനേറ്ററായി തിരഞ്ഞെടുക്കാവുന്നതാണ് (Ref. തലശ്ശേരി അതിരൂപതാ നിയമാവലി പേജ് 160)

c) കോ-ഓർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി പാരീഷ് കൗൺസിൽ അംഗമായിരിക്കണം. 21 വയസ്സിൽ കുറയാത്ത ആളും വിശ്വസ്തതനും സത്യസന്ധനും കാര്യപ്രാപ്തനും, സേവനസന്നദ്ധനും മറ്റ് അയോഗ്യതകൾ ഇല്ലാത്ത വ്യക്തിയുമായിരിക്കണം (Ref. തലശ്ശേരി അതിരൂപതാ നിയമാവലി പേജ് 176)

d) പാരീഷ് കൗൺസിലിന്റെ കാലാവധിയാണ് കോ-ഓർഡിനേറ്ററുടേയും കാലാവധി.

e) പാരീഷ് അക്കൗണ്ടന്റും ദൈവാലയ ശുശ്രൂഷിയും രൂപതാനിയമത്തിൽ പറഞ്ഞിട്ടുള്ള വ്യക്തികളും കോ-ഓർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെടരുത്.

f) പാരീഷ് കൗൺസിലിലെ വനിതാപ്രാതിനിധ്യം മൂന്നിലൊന്നിൽ കുറയാൻ പാടില്ല.

g) കെ.സി.വൈ.എം, മാതൃവേദി, എ.കെ.സി.സി. ഇൻഫാം, മദ്യവിരുദ്ധ സമിതി, ഡി.എഫ്.സി., ടി.എസ്.എസ്.എസ് എന്നീ സംഘടനകളുടെ ഓരോ പ്രതിനിധിയെ വീതം എല്ലാ കുടുംബക്കൂട്ടായ്മകളിൽ നിന്നും തിരഞ്ഞെടുക്കണം. ഈ പ്രതിനിധികൾകൂടി ഉൾപ്പെടുന്ന ജനറൽ ബോഡിയിൽ നിന്നാണ് ഇടവകാതല സംഘടനാ പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടത്.

2023 മാർച്ച് 31 നു മുമ്പായി തിരഞ്ഞെടുപ്പ് പൂർത്തിയാക്കി പുതിയ അംഗങ്ങളുടെ ലിസ്റ്റ് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കണം. പുതിയ പാരീഷ് കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞ 2023 ഏപ്രിൽ 2-ാം തീയതി ഞായറാഴ്ചയോ തലേന്ന് ശനിയാഴ്ചയോ നടത്തേണ്ടതാണ്. പാരീഷ് കൗൺസിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ 2023 ജനുവരി മാസത്തിലെ ഗിരിദീപത്തിൽ നല്കിയ വിജ്ഞാപനത്തിൽ നിന്നും മനസ്സിലാക്കുമല്ലോ.

നിങ്ങൾ ഏവർക്കും ഫലദായകമായ നോമ്പുകാലം ആശംസിക്കുന്നു.

സ്നേഹാശംസകളോടെ, നിങ്ങളുടെ പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**

*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

# കച്ചേരിക്കാര്യം

## മാർച്ച് 2023

### 1. പുതിയ നിയമനങ്ങൾ

കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിന്റെ ഡയറക്ടറായി കഴിഞ്ഞ 10 മാസങ്ങൾ സ്തുത്യർഹമായ സേവനം കാഴ്ചവച്ച ബഹു. ആന്റണി പരതേപ്പതിക്കലച്ചനെ യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനു കീഴിൽ അയർലണ്ടിലെ കാസ്റ്റൽബാർ, ബാലിൻസോൾ, നോക്ക് എന്നീ പ്രദേശങ്ങളിലെ സീറോമലബാർ വിശ്വാസികളുടെ അജപാലന ശുശ്രൂഷയ്ക്കായി അഭിവന്ദ്യപിതാവ് നിയോഗിച്ചു. 2023 ഫെബ്രുവരി 20-ാം തീയതി അദ്ദേഹം അയർലന്റിൽ എത്തി. പ്രിയപ്പെട്ട ബാബു അച്ചന് പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിന്റെ ഡയറക്ടറുടെ ചുമതല താല്ക്കാലികമായി തലശ്ശേരി അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് ബഹുമാനപ്പെട്ട മോൺ. ആന്റണി മുതുകുന്നേൽ അച്ചനെ അഭിവന്ദ്യ പിതാവ് ഏല്പിച്ചു. 2023 ഫെബ്രുവരി 20-ാം തീയതി മുതൽ ബഹു. ആന്റണിയച്ചൻ ഉത്തരവാദിത്വം ഏറ്റെടുത്തു.

കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിന്റെയും ചെമ്പേരി വിമലാ ഹോസ്പിറ്റലിന്റെയും അസിസ്റ്റന്റ് ഡയറക്ടറായി ബഹുമാനപ്പെട്ട പയസ് അരീക്കാട്ട് അച്ചനെ അഭിവന്ദ്യ പിതാവ് നിയോഗിച്ചു. 2023 ഫെബ്രുവരി 21 മുതൽ പുതിയ ഉത്തരവാദിത്വം ഏറ്റെടുത്ത പ്രിയപ്പെട്ട പയസ് അച്ചന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

തലശ്ശേരി അതിരൂപതാ ട്രൈബ്യൂണലിൽ Defender of Bond ആയി ബഹുമാനപ്പെട്ട ഇമ്മാനുവേൽ കൂനങ്കിയിൽ അച്ചനെ അഭിവന്ദ്യ പിതാവ് നിയോഗിച്ചു. 2023 ഫെബ്രുവരി 22 ഇമ്മാനുവേൽ അച്ചൻ ഉത്തരവാദിത്വം ഏറ്റെടുത്തു. പ്രിയപ്പെട്ട ഇമ്മാനുവേലച്ചന് അഭിനന്ദനങ്ങൾ.

**2. ജീവകാരുണ്യനിധി**

തലശ്ശേരി അതിരൂപതയുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായ മാർച്ച് 19 തിനോടനുബന്ധിച്ചാണ് എല്ലാവർഷവും ജീവകാരുണ്യ ഫണ്ട് സമാഹരിക്കുന്നത്. അതിനുള്ള കവറുകൾ വാർഡ് പ്രതിനിധികൾ വഴി വീടുകളിൽ എത്തിക്കുകയും മാർച്ച് മാസത്തിൽതന്നെ സംഭാവനകൾ സ്വീകരിച്ച് ഏപ്രിൽ മാസത്തിൽ അതിരൂപതാ പ്രൊക്യൂറേറ്ററുടെ ഓഫീസിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**3. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമ വാർഷികം**

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 17-ാം ചരമ വാർഷികം ഏപ്രിൽ 4-ാം തീയതി ചൊവ്വാഴ്ചയാണ്. അന്നേദിവസം തലശ്ശേരി അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി പള്ളിച്ചെലവിൽ വി. കുർബ്ബാന അർപ്പിക്കേണ്ടതാണ്. അഭിവന്ദ്യ പിതാവിന്റെ കബറിടത്തിലേക്കുള്ള തീർഥാടനം മതബോധന കേന്ദ്രത്തിന്റെ നേതൃത്വത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

**4. നിയമാവലിപ്രകാരം അതിരൂപതാ കേന്ദ്രത്തിൽ അടക്കാനുള്ള പിരിവുകൾ**

1. ദുഃഖവെള്ളി
2. മതബോധന ഞായർ ജൂൺ ആദ്യ ഞായർ
3. ബൈബിൾ ഞായർ ജൂൺ രണ്ടാം ഞായർ
4. പത്രോസിന്റെ കാശ് ജൂൺ മൂന്നാം ഞായർ
5. സഭാദിനം - ജൂലൈ 3
6. യുവജന ഞായർ - ജൂലൈ 3 കഴിഞ്ഞു വരുന്ന ഞായർ
7. നീതി ഞായർ - ഓഗസ്റ്റ് 15 കഴിഞ്ഞു വരുന്ന ഞായർ
8. ജയിൽ മിനിസ്ട്രി - സെപ്റ്റംബർ ഒന്നാം ഞായർ

9. മിഷൻ ഞായർ - മിഷൻ ഞായറാഴ്ച
10. സമ്പർക്ക മാധ്യമദിനം - നവംബർ മൂന്നാം ഞായർ
11. കുടുംബദിനം - ക്രിസ്തുമസ് കഴിഞ്ഞുവരുന്ന ഞായർ
12. സീറോ മലബാർ മിഷൻ ഞായർ - ജനുവരി 6 കഴിഞ്ഞുവരുന്ന ഞായർ
13. മദ്യവിരുദ്ധദിനം - ജനുവരി അവസാനത്തെ ഞായർ
14. തിരുബാലസഖ്യം - ഫെബ്രുവരി 2-ാം ഞായർ
15. അതിരൂപതാ ജീവകാരുണ്യഫണ്ട് - മാർച്ച് 19 കഴിഞ്ഞുവരുന്ന ഞായർ
16. നോമ്പുകാലപ്പിരിവ് നോമ്പുകാലത്തെ ഏതെങ്കിലുമൊരു ഞായർ
17. സെമിനാരി ഫണ്ട് ഓശാന ഞായർ

ദയവായി പ്രസ്തുത പിരിവുകൾ Other Fund Collections എന്ന ഹെഡിൽ മാത്രം രേഖപ്പെടുത്തുക. സൺഡേ കളക്ഷൻ എന്ന ഹെഡിൽ രേഖപ്പെടുത്തരുത് എന്ന കാര്യം ഓർമ്മിക്കുമല്ലോ.

- 2023 വർഷത്തെ പിപിഎഫ്ലേക്കുള്ള ഇടവകാ വിഹിതവും വ്യക്തി വിഹിതവും കുടിശ്ശിക ഉണ്ടെങ്കിൽ അതും തീർത്തടക്കുമല്ലോ. വ്യക്തിവിഹിതം അലവൻസിന്റെ പകുതിയും ഇടവകവിഹിതം ബഹു. വൈദികരുടെ അലവൻസിനെ അടിസ്ഥാനപ്പെടുത്തി ഇട വകകളുടെ ഗ്രേഡ് അനുസരിച്ച് താഴെ കൊടുത്തിരിക്കുന്ന പോലെയും ആയിരിക്കും.

  A+ = 3.5 x അലവൻസ്

  A = 3x അലവൻസ്

  B = 2.5 x അലവൻസ്

  C = 1.5 x അലവൻസ്

  D = 1 x അലവൻസ്

**5. മിഷൻ വിഹിതം**

പഞ്ചാബ് മിഷനുവേണ്ടിയുള്ള ഇടവകകളുടെ വിഹിതം അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കാത്തവർ മാർച്ച് 15 നു മുമ്പായി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കുമല്ലോ.

**6. മദ്യവിരുദ്ധ ഞായർ - മാർച്ച് 12**

മാർച്ച് 12-ാം തീയതി ഞായറാഴ്ച മദ്യവിരുദ്ധ ഞായറായി കെ.സി. ബി.സി. മദ്യവിരുദ്ധ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ആചരിക്കുന്നു. എല്ലാ ഇടവകകളിലും മദ്യവിരുദ്ധ ഞായർ അർത്ഥവത്തായി ആചരിക്കുവാൻ

ശ്രമിക്കുമല്ലോ. മാർച്ച് 12 ന് എടുക്കുന്ന സ്തോത്രക്കാഴ്ച മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കാനായി പ്രത്യേകം ഓർമ്മിപ്പിച്ച് സമാഹരിച്ച് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കണം.

**7. നാമഹേതുക തിരുനാൾ**

മാർച്ച് 19 ന് സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുന്ന തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പിതാവിന് തിരുനാൾ മംഗളങ്ങൾ. നമ്മുടെ അതിരൂപതയെ നയിക്കുന്ന ഏവർക്കും പ്രിയങ്കരനായ അഭിവന്ദ്യ പാംപ്ലാനി പിതാവിന് നമ്മുടെ അതിരൂപതാ മദ്ധ്യസ്ഥനായ യൗസേപ്പിതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥവും അനുഗ്രഹവും തിരുനാൾ ദിനത്തിൽ ആശംസിക്കുന്നു. മാർച്ച് 19 ന് ഇടവക ദൈവാലയങ്ങളിൽ ദിവ്യബലിയിൽ അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്ന കാര്യം ദൈവജനത്തെ ഓർമ്മിപ്പിക്കുമല്ലോ. നമ്മുടെ അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന ജോസഫ് നാമധാരികളായ പ്രിയപ്പെട്ട വൈദികർക്കും തിരുനാൾ മംഗളങ്ങൾ.

**8. അതിരൂപതാ ദിനം**

മാർച്ച് 19 യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തോടനുബന്ധിച്ചാണ് സാധാരണയായി അതിരൂപതാ ദിനമായി നാം ആചരിക്കുന്നത്. ഈ വർഷം മെയ് മാസം 1-ാം തീയതി തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായിരിക്കും അതിരൂപതാ ദിനമായി ആചരിക്കുന്നത്.

**9. രജിസ്റ്ററുകളും ഫോമുകളും**

പ്രാരംഭകൂദാശകളുടെയും വിവാഹത്തിന്റെയും മനസമ്മതത്തിന്റെയും രജിസ്റ്ററുകളും വിവിധ ഫോമുകളും നവീകരിച്ചത് തയ്യാറായിക്കൊണ്ടിരിക്കുന്നു. ബഹു. ഫൊറോന വികാരിമാരുടെ പക്കൽ പുതുക്കുവാൻ ഉദ്ദേശിക്കുന്ന രജിസ്റ്ററുകളുടെയും ഫോമുകളുടെയും കോപ്പികൾ നല്കിയിട്ടുണ്ട്. മാസധ്യാനകൂട്ടായ്മകളിൽ നിന്നും ബഹു. വൈദികരുടെ നിർദ്ദേശങ്ങൾ ലഭിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ പുതിയ രജിസ്റ്ററുകളും ഫോമുകളും വിതരണത്തിനായി തയ്യാറാക്കുന്നതാണ്.

**10. പുതിയ ഇടവകകൾ**

നമ്മുടെ അതിരൂപതയിൽ രണ്ടു പുതിയ ഇടവകകൾ കൂടി സ്ഥാപിതമായി. തേർമല ഇടവകയുടെ കുരിശുപള്ളിയായിരുന്നു തിരൂർ സെന്റ്

ചാവറ ഇടവകയെ സ്വതന്ത്ര ഇടവകയായും പടുപ്പ് ഇടവകയിൽനിന്നും കുറ്റിക്കോൽ പ്രദേശം കേന്ദ്രമാക്കി സെന്റ് തോമസ് കുറ്റിക്കോൽ ഇടവകയും അഭിവന്ദ്യ പിതാവ് സ്ഥാപിച്ചു. കുറ്റിക്കോലിൽ സ്ഥാപിതമായ കപ്പൂച്ചിൻ ആശ്രമ ദൈവാലയത്തോടനുബന്ധിച്ചാണ് കുറ്റിക്കോൽ സെന്റ് തോമസ് ഇടവക സ്ഥാപിച്ചത്.

**11. ഗിരിദീപത്തിന്റെ വാർഷിക സംഖ്യ**

പ്രിന്റിംഗ്, പേപ്പർ എന്നീ മേഖലകളിൽ ചിലവുകൾ വർദ്ധിച്ചതിനാൽ ഗിരിദീപത്തിന്റെ അച്ചടിയുടെ ചിലവ് വർദ്ധിച്ചു. ഫിനാൻസ് കൗൺസിൽ തീരുമാനിച്ചതനുസരിച്ച് 2023 ഏപ്രിൽ മാസം മുതൽ ഗിരിദീപത്തിന്റെ വാർഷിക വരിസംഖ്യയിൽ ചെറിയ വർദ്ധനവ് വരുത്തുകയാണ്. 400/- രൂപയായിരിക്കും ഗിരിദീപത്തിന്റെ വാർഷിക വരിസംഖ്യ.

**12. സിനഡൽ ന്യൂസ്**

സീറോ മലബാർ സഭാ ആസ്ഥാനത്തു പ്രസിദ്ധീകരിക്കുന്ന സിനഡൽ ന്യൂസിന്റെ വാർഷിക വരിസംഖ്യ 100/- രൂപയായി വർദ്ധിച്ചിട്ടുണ്ട്.

**13. ആദരാഞ്ജലികൾ**

**1. റവ. സി. ഗ്രേസ് മരിയ എം.എസ്.എം.ഐ. (88) :**



എം.എസ്.എം.ഐ. കണ്ണൂർ സാൻജോസ് പ്രൊവിൻസിലെ പരിയാരം എമ്പേറ്റ് മഠാംഗമായ സി. ഗ്രേസ് മരിയ 2023 ഫെബ്രു. 14-ാം തീയതി നിര്യാതയായി. സിസ്റ്റർ വയത്തൂർ യു.പി സ്കൂളിൽ Needle work Teacher ആയി ശുശ്രൂഷ ചെയ്തിട്ടുണ്ട്. കൂടാതെ മേരിപുരം, നെല്ലിക്കുറ്റി, തേർമല, പടുപ്പ്, കോട്ടൂർ, കണ്ണൂർ, കണ്ണിവയൽ, ചന്ദനക്കാംപാറ, മേരിഗിരി, രയറോം, ഏറ്റുപാറ, കോലുവള്ളി, ആര്യപറമ്പ, എമ്പേറ്റ് എന്നിവിടങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2022 ഫെബ്രുവരി 15-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് നെല്ലിക്കുറ്റി സീയോൻ കോൺവെന്റ് സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ മൃതസംസ്ക്കാര ശുശ്രൂഷകൾ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**2. ശ്രീ. ജോയി നെല്ലുവേലിൽ :** ബഹു. ജോർജ് നെല്ലുവേലിൽ അച്ചന്റെ സഹോദരൻ ശ്രീ. ജോയി നെല്ലുവേലിൽ 2023 ഫെബ്രുവരി

മാസം 14-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2023 ഫെബ്രുവരി 17ന് തിരുമേനി സെന്റ് ആന്റണീസ് ദൈവാലയ സിമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന ജോർജ് അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതയുടെ ആദരാഞ്ജലികൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**3. ശ്രീമതി ത്രേസ്യാമ്മ ജെയിംസ് പൂവത്തുംമൂട്ടിൽ (86) :** ബഹു. മാത്യു പെരുമ്പള്ളി അച്ചന്റെ സഹോദരി ശ്രീമതി ത്രേസ്യാമ്മ ജെയിംസ് പൂവത്തുംമൂട്ടിൽ 2023 ഫെബ്രുവരി 24-ന് നിര്യാതയായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2023 ഫെബ്രുവരി 25ന് കുടിയാന്മല ഫാത്തിമ മാതാ ദൈവാലയ സിമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സഹോദരിയുടെ വേർപാടിൽ ദുഃഖിക്കുന്ന മാത്യു അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതയുടെ ആദരാഞ്ജലികൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**14. സ്നേഹസ്മൃതി**

1. റവ. ഫാ. തോമസ് അരീക്കാട്ട് - 02-03-2022
2. റവ. ഫാ. അത്തനേഷ്യസ് പയ്യപ്പിള്ളി സിഎംഐ - 03-03-1968
3. റവ. ഫാ. ഫ്രാൻസീസ് വാളായിൽ - 10-03-2003
4. റവ. ഫാ. സർഗ്ഗീസ് മഠത്തിക്കുന്നേൽ സിഎംഐ - 13-03-1987
5. റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി - 17-03-1991
6. റവ. ഫാ. ജോർജ് പരുത്തിപ്പാറ - 24-03-2011

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# 2023 ജനുവരി 23 ന് കൂടിയ വൈദികസമിതി സമ്മേളന റിപ്പോർട്ട്

തലശ്ശേരി അതിരൂപതാ വൈദികസമിതിയുടെ മീറ്റിംഗ് 2023 ജനുവരി 23 തിങ്കളാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ അതിരൂപതാ പാസ്റ്ററൽ സെന്ററായ സന്ദേശഭവനിൽവച്ച് നടന്നു. മോൺ. മാത്യു ഇളംതുരുത്തിപ്പടവിലിന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. മോൺ. ജോസ് ഒറ്റപ്ലാക്കൽ യോഗങ്ങൾക്ക് സ്വാഗതമരുളി. വൈദികസമിതി സെക്രട്ടറി ഫാ. ഫിലിപ്പ് കവിയിൽ കഴിഞ്ഞ യോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. ഭേദഗതികൾ കൂടാതെ യോഗറിപ്പോർട്ട് അംഗീകരിച്ചു. അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന് വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകളായിരുന്നു. വൈദികരുടെ ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ച് പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ വിഷയാവതരണം നടത്തി. നിർദ്ദിഷ്ട കമ്മറ്റി രൂപപ്പെടുത്തിയ വൈദികരുടെ ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള അതിരൂപതയുടെ പോളിസി വിശദമായി ചർച്ചചെയ്തു. മറ്റ് സമിതികളിൽ കൂടുതൽ ചർച്ച ചെയ്തതിനുശേഷം അന്തിമതീരുമാനത്തിലെത്താം എന്ന് വൈദികസമിതി അഭിപ്രായപ്പെട്ടു.

വൈദികക്ഷേമം എന്ന വിഷയത്തെക്കുറിച്ച് അതിരൂപത പ്രൊക്യുറേറ്റർ ബഹു. ജോസഫ് കാക്കരമറ്റത്തിലച്ചൻ വിഷയാവതരണം നടത്തി. അതിരൂപതയിലെ വൈദികക്ഷേമത്തിന്റെ നിലവിലെ അവസ്ഥയെക്കുറിച്ചും ബഹു. വൈദികരുടെ ചികിത്സയ്ക്കും മറ്റു ക്ഷേമകാര്യങ്ങൾക്കുമായി ചിലവാകുന്ന ഭീമമായ തുകയെക്കുറിച്ചും അച്ചൻ സൂചിപ്പിച്ചു. അതിരൂപതയുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ പുതിയൊരു ഫണ്ട് കണ്ടെത്താതെ മറ്റ് മാർഗ്ഗമൊന്നുമില്ലെന്ന് പ്രൊക്യുറേറ്റർ സൂചിപ്പിച്ചു. വിവിധ സാധ്യതകളെക്കുറിച്ച് ചർച്ച ഉണ്ടായി. വിയാനി ഫണ്ട് എന്നപേരിൽ വൈദികക്ഷേമത്തിനുവേണ്ടി മാത്രമായി പണം സമാഹരിക്കുവാൻ തീരുമാനിച്ചു. ഇടവകയിൽ നിന്നും വർഷത്തിൽ 5000 രൂപയെങ്കിലും വൈദികക്ഷേമത്തിനായി നല്കുന്ന ഉപകാരികളെ കണ്ടെത്തുവാൻ ഇടവകവികാരിമാർ മുൻകൈ എടുക്കുന്നത് നല്ലതാണ് എന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. വൈദികരുടെ പത്രമേനി ഈ ഫണ്ടിലേക്ക് സ്വീകരിക്കുക, വിദേശത്തു ജോലി ചെയ്യുന്ന വൈദികരുടെ ബന്ധുക്കളുടെ പക്കൽനിന്നും സംഭാവനകൾ സ്വീകരിക്കുക തുടങ്ങിയ നിർദ്ദേശങ്ങളും യോഗത്തിലുണ്ടായി. വൈദികക്ഷേമത്തിനുവേണ്ടിയുള്ള ഫണ്ട് സമാഹരണമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്രമീകരിക്കുവാനും

പദ്ധതികൾ രൂപപ്പെടുത്തുവാനുമായി മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ, റവ. ഫാ. മാത്യു ആശാരിപറമ്പിൽ, റവ. ഫാ. ലാസർ വരമ്പകത്ത്, റവ. ഫാ. ബെന്നി നിരപ്പേൽ എന്നിവരടങ്ങിയ കമ്മറ്റി രൂപീകരിച്ചു.

അതിരൂപതയുടെ സപ്തതി വർഷത്തിലെ കർമ്മപദ്ധതികൾ എന്ന വിഷയത്തെക്കുറിച്ച് അതിരൂപതാ ചാൻസലർ റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ വിഷയാവതരണം നടത്തി. പ്ലാറ്റിനം ജൂബിലിയിലേയ്ക്കുള്ള അടുത്ത 5 വർഷങ്ങളിലെ കർമ്മ പദ്ധതികൾ മറ്റ് സമിതികളിൽ ചർച്ചചെയ്ത് തീരുമാനിക്കാം എന്ന നിർദ്ദേശമുണ്ടായി. അതിരൂപതാ പാസ്റ്ററൽ കൗൺസിലിൽ നിന്നും ഇതിനായി കമ്മിറ്റിയെ തിരഞ്ഞെടുക്കണമെന്ന് തീരുമാനിച്ചു.

അതിരൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഏകീകരണം എന്ന വിഷയത്തെക്കുറിച്ച് മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി വിഷയാവതരണം നടത്തി. വിവിധ ഡിപ്പാർട്ടുമെന്റുകൾ ഏകീകരണം നടത്തുന്നതാണ് ഉചിതമെന്ന് അഭിപ്രായം ഉണ്ടാകുകയും മറ്റ് സമിതികളിൽ കൂടി വിശദമായി ചർച്ചയ്ക്ക് ശേഷം അന്തിമതീരുമാനത്തിലെത്താമെന്നും തീരുമാനമെടുത്തു.

ഗവൺമെന്റിന്റെ പുതിയ വിദ്യാഭ്യാസനയത്തെ സംബന്ധിച്ചുള്ള വിഷയാവതരണം കോർപറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ നടത്തി. സ്കൂളുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളും ചർച്ചയിൽ ഉയർന്നുവന്നു. കായികാദ്ധ്യാപകരുടെ നിയമനത്തിനായി കോർപറേറ്റിൽ നിന്നും പരീക്ഷ നടത്തി നിയമനം നടത്തുകയും നിയമനത്തിനായി ലഭിക്കുന്ന തുക അതാതു ഇടവകകൾക്കു നല്കുന്നതുമായിരിക്കും ഉചിതം എന്ന നിർദ്ദേശമുണ്ടായി. ഈ കാര്യം വൈദികസമ്മേളനത്തിൽ ചർച്ചചെയ്തു അന്തിമ തീരുമാനം എടുക്കാമെന്നു തീരുമാനിച്ചു.

സഭാനവീകരണവുമായി ബന്ധപ്പെട്ട് അതിരൂപതയിൽ നടക്കുന്ന നവീകരണ ധ്യാനത്തെ സംബന്ധിച്ചുള്ള വിഷയാവതരണം ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. തോമസ് ഓലിക്കരോട്ട് നടത്തി. വെള്ളരിക്കുണ്ട് കോളേജ് ചെമ്പേരി വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂഷൻ ഏറ്റെടുത്ത ശേഷമുള്ള കാര്യങ്ങളും നിർമ്മലഗിരിയിൽ ആരംഭിക്കുന്ന സ്വാശ്രയകോളേജിനെക്കുറിച്ചും മോൺ. ആന്റണി മുതുകുന്നേൽ വൈദികസമിതിയെ അറിയിച്ചു.

കരുവഞ്ചാൽ സെന്റ് ജോസഫ് ആശുപത്രിയോടു ചേർന്നു നേഴ്സിംഗ് സ്കൂളിനുള്ള സാധ്യത പഠിക്കുവാൻ ചെമ്പേരി വിമൽജ്യോതി M.B.A കോളേജിനെ ഏല്പിച്ചു. തിരൂർ ഇടവകയെ സ്വതന്ത്ര ഇടവകയാക്കി പ്രഖ്യാപി

ക്കുന്ന കാര്യവും പടുപ്പ് ഇടവകയിൽ നിന്നും കുറ്റിക്കോൽ കേന്ദ്രമാക്കി പുതിയ ഇടവക സ്ഥാപിക്കുന്ന തീരുമാനവും യോഗത്തെ അറിയിച്ചു. കുറ്റിക്കോലിൽ സ്ഥാപിതമായ കപ്പൂച്ചിൻ ആശ്രമവുമായി ബന്ധിപ്പിച്ചാണ് കുറ്റിക്കോൽ സെന്റ് തോമസ് ഇടവക നിലവിൽ വന്നത്.

ആനമഞ്ഞൾ ഇടവക സ്വതന്ത്ര ഇടവകയാക്കുന്നതിനായി വന്ന അപേക്ഷയെ സംബന്ധിച്ച് : 150 വീടുകൾ എങ്കിലും ആനമഞ്ഞൾ ഇടവകയിൽ ഉണ്ടാകുന്ന സാഹചര്യത്തിൽ ഇടവകയാക്കി ഉയർത്തണമെന്ന അപേക്ഷ പരിഗണിക്കാമെന്നും വെള്ളരിക്കുണ്ട് കോളേജിൽ കൂടുതൽ വൈദികരെ ശുശ്രൂഷയ്ക്കായി നിയോഗിക്കേണ്ടി വരുമ്പോൾ ആനമഞ്ഞൾ ഇടവകയ്ക്ക് ഒരു വൈദികനെ നല്കുന്ന കാര്യം പരിഗണിക്കാമെന്നും അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിച്ചു.

**ഫാ. ഫിലിപ്പ് കവിയിൽ**
*സെക്രട്ടറി*

## *ദിവ്യകാരുണ്യത്തിൽ നിന്നും ജീവകാരുണ്യത്തിലേക്ക്*

തലശ്ശേരി അതിരൂപതാംഗമായ ബഹു. സെബാസ്റ്റ്യൻ പുളിക്കൽ അച്ചൻ വി. കുർബാനയെക്കുറിച്ച് *'ദിവ്യകാരുണ്യത്തിൽ നിന്നും ജീവകാരുണ്യത്തിലേക്ക്'* എന്ന പേരിൽ രചിച്ച പുസ്തകം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രകാശനം ചെയ്തു. 2023 ഫെബ്രുവരി 21ന് ആർച്ച് ബിഷപ്പ് ഹൗസിൽവച്ച് നടന്ന ചടങ്ങിൽ പുസ്കത്തിന്റെ കോപ്പി മോൺ. തോമസ് മണ്ണൂരാംപറമ്പിന് നല്കിക്കൊണ്ടാണ് അഭിവന്ദ്യ പിതാവ് പുസ്തകപ്രകാശനം നിർവ്വഹിച്ചത്. തന്റെ വിശ്രമജീവിതത്തിലും വി. കുർബാനയെക്കുറിച്ച് സുന്ദരമായ പുസ്തകരചന നടത്തിയ പ്രിയപ്പെട്ട സെബാസ്റ്റ്യൻ പുളിക്കലച്ചന് അനുമോദനങ്ങൾ. പുസ്തകം സന്ദേശഭവൻ ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. 100/ രൂപയാണ് പുസ്തകത്തിന്റെ വില.

# സെമിനാരി വാർത്തകൾ

**1. ദൈവവിളിക്യാമ്പ് – 2023**

സ്നേഹമുള്ള വികാരിയച്ചന്മാരെ, കൊച്ചച്ചന്മാരേ, സിസ്റ്റേഴ്സ്,

ഈ വർഷത്തെ എസ്.എസ്.എൽ.സി, പ്ലസ് ടൂ പരീക്ഷകൾ നേരത്തെ കഴിയുന്നതിനാൽ ദൈവവിളി ക്യാമ്പ് മാർച്ച് 30,31, ഏപ്രിൽ 1 തീയതികളിൽ ക്രമീകരിക്കുകയാണ്. കുട്ടികളിലെ ദൈവ വിളി കണ്ടെത്താനും പരിപോഷിപ്പിക്കാനുമുള്ള ഈ ക്യാമ്പിൽ നിങ്ങളുടെ ഇടവകകളിൽ നിന്നും എസ്.എസ്.എൽ.സി, +2 കഴിഞ്ഞ, താല്പര്യമുള്ള മുഴുവൻ കുട്ടികളും പങ്കെടുപ്പിക്കുമല്ലോ. നിങ്ങളുടെ സമ്പൂർണ്ണമായ സഹകരണം ക്യാമ്പിന്റെ വിജയത്തിനായി അഭ്യർത്ഥിക്കുന്നു.

**ക്യാമ്പ് തീയതികൾ : മാർച്ച് 30, 31, ഏപ്രിൽ 1**
**മാർച്ച് 30 വ്യാഴാഴ്ച 5 മണിക്ക് ആരംഭിക്കുന്നു**
**ഏപ്രിൽ 1 ശനിയാഴ്ച 10 മണിക്ക് അവസാനിക്കുന്നു**

**ക്യാമ്പ് നടക്കുന്ന സ്ഥലങ്ങൾ – ആൺകുട്ടികൾക്ക്**

| സ്ഥലം | | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| 1 | കുന്നോത്ത് ബാലഭവൻ | പേരാവൂർ, എടൂർ, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, മണിക്കടവ് |
| 2 | പൈസക്കരി | പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി, വായാട്ടുപറമ്പ് |
| 3 | ചട്ടമല | ആലക്കോട്, മേരിഗിരി, ചെറുപുഴ, തോമാപുരം, മാലോം, വെള്ളരിക്കുണ്ട് |
| 4 | പടന്നക്കാട് | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി തളിപ്പറമ്പ |

## ക്യാമ്പ് നടക്കുന്ന സ്ഥലങ്ങൾ - പെൺകുട്ടികൾക്ക്

| | |
|---|---|
| മദർ ഹോം പരിയാരം | എല്ലാ ഫൊറോനകളിൽ നിന്നുള്ള പെൺകുട്ടികൾ |

## റീജണൽ ക്യാമ്പിനെ സംബന്ധിച്ചുള്ള പ്രത്യേക നിർദ്ദേശങ്ങൾ

1. റീജണൽ ക്യാമ്പ് ആരംഭിക്കുന്നത് മാർച്ച് 30 വ്യാഴാഴ്ച വൈകിട്ട് 5 മണിക്കായിരിക്കും.
2. ക്യാമ്പിൽ പങ്കെടുക്കുന്നവർ വികാരിയച്ചന്റെ കത്തുമായി വരേണ്ടതാണ്.
3. സെമിനാരിയിലും കോൺവെന്റുകളിലും ചേരുവാൻ താല്പര്യമുള്ള കുട്ടികളെ നിർബന്ധമായും ക്യാമ്പിൽ പറഞ്ഞുവിടണം. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ അതിരൂപതയിൽ നിന്നുള്ള NOC ലഭിക്കുകയുള്ളൂ. അതിരൂപതയ്ക്കുവേണ്ടി നല്ല കുട്ടികളെ കണ്ടെത്തുകയും, നമ്മുടെ മൈനർ സെമിനാരിയിൽ ചേരാനുള്ള കുട്ടികളുടെ പേരുകൾ ക്യാമ്പിന് കത്തുകൊടുത്തുവിടുമ്പോൾ പ്രത്യേകമായി സൂചിപ്പിക്കുകയും ചെയ്യുമല്ലോ.
4. ക്യാമ്പ് ഫീസ് 500 രൂപയായിരിക്കും
5. വൊക്കേഷൻ പ്രമോട്ടേഴ്സിന് ക്യാമ്പ് സന്ദർശിക്കാനുള്ള സമയം ഏപ്രിൽ 1-ാം തീയതി ശനിയാഴ്ച രാവിലെ 8 മുതൽ 10 വരെ സമയമായിരിക്കും. മറ്റ് ദിവസങ്ങളിൽ സന്ദർശനം അനുവദിക്കുകയില്ല.
6. ക്യാമ്പ് അവസാനിക്കുന്നത് ഏപ്രിൽ 1-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്കായിരിക്കും.

## പെൺകുട്ടികളുടെ ക്യാമ്പ്

പെൺകുട്ടികളുടെ ദൈവവിളി പ്രോത്സാഹിപ്പിക്കുക എന്നത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. അതുകൊണ്ട് ഈ വർഷം മദർഹോമിൽ വച്ച് നടത്തുന്ന പെൺകുട്ടികളുടെ ക്യാമ്പിലേക്ക് സാധിക്കുന്നിടത്തോളം കുട്ടികളെ പറഞ്ഞയക്കുമല്ലോ. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി ജീവിതദർശന ക്യാമ്പായിട്ടാണ് പെൺകുട്ടികളുടെ ക്യാമ്പ് നടത്തുവാൻ ആഗ്രഹിക്കുന്നത്. ആയതിനാൽ 9 മുതൽ 12 വരെ പഠിക്കുന്ന സാധിക്കുന്നിടത്തോളം പെൺകുട്ടികളെ ഈ ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കാവുന്നതാണ്. ക്യാമ്പ് ഫീസ് 500 രൂപയായിരിക്കും. ഒരു ഇടവകയിൽനിന്നും കുറഞ്ഞത് 2 പെൺകുട്ടികളെയെങ്കിലും ക്യാമ്പിന് പങ്കെടുപ്പിക്കുവാൻ ബഹു. വൈദികരും സിസ്റ്റേഴ്സും താല്പര്യപ്പെടുമല്ലോ.

## 2. അതിരൂപതാ മൈനർ സെമിനാരി സെലക്ഷൻ ക്യാമ്പ്

- ഏപ്രിൽ 18,19,20 തീയതികളിൽ തലശ്ശേരി മൈനർ സെമിനാരിയിൽ വച്ച് നടക്കുന്നു.
- ഏപ്രിൽ 18 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് ഏപ്രിൽ 20 ന് വ്യാഴാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നു.
- നമ്മുടെ മൈനർ സെമിനാരിയിലേക്കുള്ള സെലക്ഷൻ ക്യാമ്പിന് ഫീസ് ഉണ്ടായിരിക്കുകയില്ല.
- ഈ വർഷവും മിടുക്കന്മാരായ നല്ല കുട്ടികളെ നമ്മുടെ അതിരൂപതയിൽ ചേരുവാൻ പറഞ്ഞയക്കുമല്ലോ.

## 3. മേജർ സെമിനാരി വാർത്തകൾ

**ഡീക്കൻപട്ട സ്വീകരണം :** നമ്മുടെ അതിരൂപതയിലെ സബ് ഡീക്കന്മാരുടെ മ്ശംശാനപട്ട സ്വീകരണം ഏപ്രിൽ 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.30ന് തലശ്ശേരി കത്തീഡ്രൽ ദൈവാലത്തിൽ നടക്കുന്നു. ഈ വൈദികാർത്ഥികളെ നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം.

## അവധിക്കാല ധ്യാനങ്ങൾ, സേവനങ്ങൾ

വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന നമ്മുടെ അതിരൂപതയിലെ വൈദികാർത്ഥികളുടെ അവധി മാർച്ച് മാസത്തിൽ തുടങ്ങുകയാണല്ലോ. കുട്ടികൾക്ക് ധ്യാനങ്ങൾ, ക്ലാസ്സുകൾ, സെമിനാറുകൾ, ക്ലാസ്സുകൾ, ഇടവകയിലെ ആത്മസ്ഥിതി തയ്യാറാക്കൽ തുടങ്ങിയവ ചെയ്യുവാൻ നമ്മുടെ ബ്രദേഴ്സ് അവധിക്കാലത്ത് സജ്ജരാണ്. ഇത്തരത്തിലുള്ള സേവനങ്ങൾ ആവശ്യമുള്ള ഇടവകകൾ മുൻകൂട്ടി മൈനർ സെമിനാരി റെക്ടറച്ചനെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോസഫ് പണ്ടാരപ്പറമ്പിൽ**
വൊക്കേഷൻ പ്രൊമോട്ടർ
9400 062 870, 9744 731 947

**ഫാ. ജോർജ് കരോട്ട്**
റെക്ടർ
8304 871 142

# വിശ്വാസ പരിശീലനം

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

**1. വാർഷികപരീക്ഷ I - XI – ഏപ്രിൽ 15 ശനി**

1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 15 ശനിയാഴ്ച രാവിലെ 9 മണി മുതൽ 11 മണിവരെ** ആയിരിക്കും. പരീക്ഷയ്ക്ക് എല്ലാ അദ്ധ്യായങ്ങളിൽ നിന്നുമുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**2. മാർക്ക് വിഭജനം**

**ക്ലാസ്സ് 1–3**

പാഠപുസ്തകം – 50 മാർക്ക്
ഉപപാഠം – 20 മാർക്ക്

**ക്ലാസ്സ് 4–11**

പാഠപുസ്തകം – 50 മാർക്ക്
ഉപപാഠം – 10 മാർക്ക്
നമസ്ക്കാരം – 05 മാർക്ക്
ജനറൽ ചോദ്യങ്ങൾ – 05 മാർക്ക്

**3. വിശ്വാസോത്സവം – ഏപ്രിൽ 10 മുതൽ 13 വരെ**

വിശ്വാസോത്സവം ഏപ്രിൽ 10 മുതൽ 13 വരെയാണ്. വർക്കു ബുക്കുകളുടെ വില ഓരോ ക്ലാസ്സിനും 25 രൂപയായിരിക്കും. നാലാം ക്ലാസ്സിന്റെ ജീവന്റെ അപ്പം എന്ന പുസ്തകത്തിന്റെ വില 60 രൂപയായിരിക്കും.

**വിശ്വാസോത്സവ പഠനശിബിരം (ഫൊറോനാതലം)**

മാർച്ച് 11 ശനിയാഴ്ച ഫൊറോനാതല പഠനശിബിരം നടത്തുന്നതാണ്. ▶ അതിരൂപതാതലത്തിൽ ട്രെയിനിംഗ് ലഭിച്ച 5 പേരടങ്ങുന്ന ഗ്രൂപ്പായിരിക്കും ഫൊറോനാതലത്തിൽ ട്രെയിനിംഗ് നല്കുന്നത്. ▶ ഫൊറോനാതല ട്രെയിനിംഗിൽ ഓരോ ഇടവകയിലെയും മുഴുവൻ വിശ്വാസപരിശീലകരും പങ്കെടുക്കേണ്ടതാണ്. ▶ മാർച്ച് 11 ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെയായിരിക്കും ട്രെയിനിംഗ് പ്രോഗ്രം.

**വിശ്വാസോത്സവ ആൽബം**

ഈ വർഷം വിശ്വാസോത്സവത്തോടനുബന്ധിച്ച് കുട്ടികൾ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്കുവേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ. **വിഷയം: ദൈവാരാധന**

ഈ വർഷത്തെ വിശ്വാസോത്സവം ദൈവാരാധന എന്ന വിഷയത്തെക്കുറിച്ചാണ്. കുട്ടികളുടെ വിശ്വാസോത്സവ വർക്കുബുക്കിനെ ആസ്പദമാക്കി ആൽബം തയ്യാറാക്കേണ്ടതാണ്. ആൽബത്തിൽ ദൈവാരാധനയെക്കുറിച്ചുള്ള ചിത്രങ്ങൾ, വാർത്തകൾ, പേപ്പർ കട്ടിംഗ്സ് etc. ഉണ്ടായിരിക്കണം. കൂടാതെ ഈ വിഷയത്തെ സംബന്ധിച്ച് കുറഞ്ഞത് 3 ലേഖനങ്ങളും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ ലേഖനം അധ്യാപകരിൽ ഒരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ 4 പേജിൽ കവിയരുത്.

**ശ്രദ്ധിക്കുക:** ആൽബം അധ്യാപകരുടെ സഹായത്തോടെ കുട്ടികളാണ് തയ്യാറാക്കേണ്ടത്. ആൽബത്തിന്റെ വലുപ്പം 14 ഇഞ്ച് നീളം, 11 ഇഞ്ച് വീതി. ആൽബം 50 പേജിൽ കൂടാൻ പാടില്ല. ഡിജിറ്റൽ ആൽബം മോഡലിൽ ലേസർ പ്രിന്റും മറ്റും ഉപയോഗിക്കാം. എന്നാൽ അവ 8 പേജിൽ കൂടരുത്. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 16-ന് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 23-ന് മുമ്പായി അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

## 4. വിശ്വാസോത്സവം പഠനശിബിരം - നന്ദി

തളിപ്പറമ്പ് വച്ച് ഫെബ്രുവരി 25-ന് നടത്തിയ അതിരൂപതാതല വിശ്വാസപഠനശിബിരത്തിന് നേതൃത്വം നൽകിയ റിസോഴ്സ് ടീം അംഗങ്ങൾക്കും ട്രെയിനിംഗിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും നന്ദി.

## 5. സ്കോളർഷിപ്പ് പരീക്ഷ

നാല്, ഏഴ്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കും. ▸ ഉത്തര പേപ്പറുകൾ ഫൊറോനാ തലത്തിൽ മൂല്യനിർണ്ണയം നടത്തി ഏറ്റവും കൂടുതൽ മാർക്ക് നേടിയ മൂന്ന് ഉത്തരപേപ്പറുകൾ ഏപ്രിൽ 24 തിങ്കളാഴ്ചക്കുള്ളിൽ വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ എത്തിക്കേണ്ടതാണ്. ▸ അതിരൂപതാതലത്തിലുള്ള സ്കോളർഷിപ്പ് ഫലം പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ ഫൊറോനാതലത്തിലുള്ള ഫലം പ്രസിദ്ധപ്പെടുത്താവൂ.

## 6. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനവും മലബാർ കുടിയേറ്റ അനുസ്മരണ എക്സിബിഷനും

ഏപ്രിൽ 4-ാം തീയതി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 17-ാം ചരമവാർഷികം ആചരിക്കുകയാണല്ലോ. വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ മിഷൻലീഗ്, കെ.സി.വൈ.എം/

എസ്.എം.വൈ.എം, മാതൃവേദി etc., തുടങ്ങിയ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഏപ്രിൽ 10 മുതൽ 13 വരെയുള്ള തീയതികളിൽ **"മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടന"** ദിനമായി ആചരിക്കുകയാണ്. ഏപ്രിൽ 10 മുതൽ 13 വരെയുള്ള ദിവസങ്ങളിൽ ഫൊറോന അടിസ്ഥാനത്തിൽ അതിരൂപതയിലെ മുഴുവൻ സൺഡേ സ്കൂളുകളിലെയും പത്ത്, പതിനൊന്ന് ക്ലാസ്സുകളിലെ കുട്ടികൾ ക്ലാസ്സ് അധ്യാപകരുടെ നേതൃത്വത്തിൽ വള്ളോപ്പിള്ളി പിതാവിന്റെ കബറിടത്തിങ്കലേക്ക് തീർത്ഥയാത്ര നടത്തുന്നു. മലബാർ കുടിയേറ്റത്തിന്റെ പ്രാധാന്യത്തെയും വള്ളോപ്പിള്ളി പിതാവിന്റെ സംഭാവനകളെയും പരിചയപ്പെടുത്തുന്ന വിവിധ കർമ്മപദ്ധതികളാണ് പ്രസ്തുത ദിനങ്ങളിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഈ തീർത്ഥാടനം വിജയമാക്കുന്നതിനുവേണ്ടി എല്ലാ ബഹു. വികാരിയച്ചന്മാരുടെയും വിശ്വാസ പരിശീലകരുടെയും എല്ലാ ഭക്തസംഘടനകളുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**ക്രമീകരണങ്ങൾ**

1. ഏപ്രിൽ 10 മുതൽ 13 വരെയുള്ള തീയതികളിലാണ് തീർത്ഥാടനം സംഘടിപ്പിക്കുന്നത്.
2. എല്ലാദിവസവും രാവിലെ 9.30നും 11.30നും വി. ബലിയർപ്പണം ഉണ്ടായിരിക്കും. സൺഡേ സ്കൂൾ കുട്ടികൾ താഴെ പറഞ്ഞിരിക്കുന്ന ക്രമമനുസരിച്ച് ഫൊറോന അടിസ്ഥാനത്തിൽ വി. ബലിയിൽ പങ്കെടുക്കേണ്ടതാണ്.

| | | | |
|---|---|---|---|
| ഏപ്രിൽ 10 തിങ്കൾ | വി. കുർബാന | 09.30 | - പൈസക്കരി, ചെമ്പേരി |
| ഏപ്രിൽ 10 തിങ്കൾ | വി. കുർബാന | 11.30 | - ചെറുപുഴ, മേരിഗിരി |
| ഏപ്രിൽ 11 ചൊവ്വ | വി. കുർബാന | 09.30 | - ആലക്കോട്, ചെമ്പന്തൊട്ടി |
| ഏപ്രിൽ 11 ചൊവ്വ | വി. കുർബാന | 11.30 | - വെള്ളരിക്കുണ്ട്, മാലോം, പനത്തടി |
| ഏപ്രിൽ 12 ബുധൻ | വി. കുർബാന | 09.30 | - പേരാവൂർ, തളിപ്പറമ്പ് |
| ഏപ്രിൽ 12 ബുധൻ | വി. കുർബാന | 11.30 | - കാഞ്ഞങ്ങാട്, കാസർഗോഡ്, തോമാപുരം |
| ഏപ്രിൽ 13 വ്യാഴം | വി. കുർബാന | 09.30 | - എടൂർ, കുന്നോത്ത് |
| ഏപ്രിൽ 13 വ്യാഴം | വി. കുർബാന | 11.30 | - മണിക്കടവ്, വായാട്ടുപറമ്പ്, നെല്ലിക്കാംപൊയിൽ |

3. രാവിലെ 9.30ന്റെ വി. ബലിയിൽ പങ്കെടുക്കേണ്ട ഇടവകകൾ കത്തീഡ്രൽ പള്ളിയുടെ മുമ്പിലെത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. കുട്ടികൾക്ക് റിഫ്രഷ്മെന്റ് സൗകര്യങ്ങൾ സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിലും മൈനർ സെമിനാരിയിലുമായി ക്രമീകരിക്കുന്നതാണ്. വി. ബലിക്കുശേഷം സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിലും മൈനർ സെമിനാരിയിലുമായി സജ്ജീകരിച്ചിരിക്കുന്ന എക്സിബിഷൻ സെന്ററുകൾ സന്ദർശിക്കാവുന്നതാണ്.

4. 11.30ന്റെ വി. ബലിയർപ്പണത്തിൽ പങ്കെടുക്കേണ്ട ഇടവകകൾ സന്ദേശഭവനിലെത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. റിഫ്രഷ്മെന്റ് സൗകര്യം സന്ദേശഭവനിൽ ക്രമീകരിക്കുന്നതാണ്. വി. ബലിക്കു മുമ്പായി ബിഷപ്സ് ഹൗസിലെ മ്യൂസിയം, സന്ദേശഭവനിലെ എക്സിബിഷൻ സെന്ററുകൾ, സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിലെ എക്സിബിഷൻ സെന്ററുകൾ എന്നിവ സന്ദർശിക്കാവുന്നതാണ്.

5. കുട്ടികൾക്ക് ഉച്ചഭക്ഷണം നല്കുന്നതാണ്. ഒരു കുട്ടി 130 രൂപ രജിസ്ട്രേഷൻ ഫീസായി നൽകണം. രാവിലെ 9.30ന്റെ വി. കുർബ്ബാനയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് സന്ദേശഭവനിലും 11.30ന്റെ വി. കുർബാനയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് മൈനർ സെമിനാരിയിലും ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. വരുന്ന കുട്ടികളുടെയും സ്റ്റാഫിന്റെയും എണ്ണം **മാർച്ച്** 27-നുമുമ്പായി നിർബന്ധമായും ഓഫീസിൽ അറിയിക്കേണ്ടതാണ്.

6. ഉച്ചകഴിഞ്ഞ് 3 മണിയോടെ മടങ്ങിപോകാൻ കഴിയത്തക്കവിധമാണ് പ്രോഗ്രാം ക്രമീകരിച്ചിട്ടുള്ളത്. **മറ്റു വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.**

**7. അവധിക്കാല വേദപാഠം ഏപ്രിൽ 17-21**

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 17ന് രാവിലെ 9.30 മുതൽ 21-ാം തീയതി ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടു വരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 2-ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.** ക്യാമ്പ് ഫീസ് 1800 രൂപയായിരിക്കും.

**8. ആസ്പെക്ട് - എഴുത്തുപരീക്ഷ**

- ഒന്നു മുതൽ 3 വരെയും 5 മുതൽ 7 വരെയും 13 മുതൽ 16 വരെയുമുള്ള അദ്ധ്യായങ്ങളാണ് പരീക്ഷയ്ക്ക് പഠിക്കേണ്ടത്.
- 100 ചോദ്യങ്ങൾ ഉൾപ്പെടുന്ന ചോദ്യാവലി (one word) വിശ്വാസപരിശീലകർക്ക് എഴുത്തു പരീക്ഷയ്ക്ക് മുൻപായി നല്കുന്നതാണ്. ഇതിൽ നിന്നും 40 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും. 10 മാർക്കിന്റെ ചോദ്യങ്ങൾ നേരത്തെ നല്കുന്നതല്ല (one word).
- ഓൺലൈൻ പരീക്ഷയിൽ പങ്കെടുക്കാത്തവർക്ക് ചോദ്യാവലിയിൽ

നിന്നും 60 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും. 15 മാർക്കിനുള്ള ചോദ്യങ്ങൾ (one word) നേരത്തെ നല്കുന്നതല്ല.

## 9. "എൻലൈറ്റ് 2023"

7, 8, 9 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുകാലിക വിഷയങ്ങൾ ആസ്പദമാക്കിയുള്ള സെമിനാർ നടത്തുന്നു. ▶ സെമിനാർ ഒരു ഫൊറോനയിൽ രണ്ടോ, മൂന്നോ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. ▶ മാർച്ച് 05, മാർച്ച് 12, മാർച്ച് 19, മാർച്ച് 26 എന്നീ തീയതികളിലായിരിക്കും സെമിനാർ നടത്തുക. ▶ സെമിനാർ രാവിലെ 9.30 - ന് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നതാണ്. ▶ സെമിനാർ നയിക്കേണ്ട 3 അംഗടീമിനെ വിശ്വാസപരിശീലനകേന്ദ്രം നല്കുന്നതാണ്. ▶ സെമിനാറിന്റെ സുഗമമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി ചെയ്യേണ്ടതാണ്.

## 10. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. മാർച്ച് 12 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി വിശ്വാസപരിശീലന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

## 11. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേ സ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 12. അതിരൂപതാ വിസിറ്റേഴ്സ് സമ്മേളനം

അതിരൂപതാ സൺഡേ സ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 18 ശനിയാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

## 13. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ്

2022-2023 പ്രവർത്തനവർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുന്ന അധ്യയന വർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ചു മാസത്തിൽ ബഹു. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ് നടത്തുവാൻ ആഗ്രഹിക്കുന്നു. എല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. അന്നേ ദിവസം വിശ്വാസോത്സവ വർക്കുബുക്കുകൾ വിതരണം ചെയ്യുന്നതാണ്. പ്രസ്തുത മീറ്റിംഗിൽ വച്ച് ഓഫീസിൽ അടയ്ക്കുവാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കുമല്ലോ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം, പാഠപുസ്തക - ഉപപാഠപുസ്തക തുകകൾ etc...)

| ഫൊറോന | തീയതി | സമയം |
|---|---|---|
| തളിപ്പറമ്പ് | 06-03-2023 തിങ്കൾ | 04.00 pm |
| പേരാവൂർ | 07-03-2023 ചൊവ്വ | 09.00 am |
| എടൂർ | 07-03-2023 ചൊവ്വ | 10.30 am |
| കുന്നോത്ത് | 07-03-2023 ചൊവ്വ | 12.00 pm |
| നെല്ലിക്കാംപൊയിൽ | 07-03-2023 ചൊവ്വ | 02.15 pm |
| മണിക്കടവ് | 07-03-2023 ചൊവ്വ | 03.30 pm |
| പൈസക്കരി | 07-03-2023 ചൊവ്വ | 05.00 pm |
| ചെമ്പേരി | 08-03-2023 ബുധൻ | 09.00 am |
| ചെമ്പന്തൊട്ടി | 08-03-2023 ബുധൻ | 10.30 am |
| വായാട്ടുപറമ്പ് | 08-03-2023 ബുധൻ | 12.00 pm |
| ആലക്കോട് | 08-03-2023 ബുധൻ | 02.15 pm |
| മേരിഗിരി | 08-03-2023 ബുധൻ | 03.30 pm |
| ചെറുപുഴ | 08-03-2023 ബുധൻ | 05.00 pm |
| തോമാപുരം | 09-03-2023 വ്യാഴം | 09.00 am |
| മാലോം | 09-03-2023 വ്യാഴം | 11.00 am |
| വെള്ളരിക്കുണ്ട് | 09-03-2023 വ്യാഴം | 12.15 pm |
| പനത്തടി | 09-03-2023 വ്യാഴം | 02.30 pm |
| കാഞ്ഞങ്ങാട് | 09-03-2023 വ്യാഴം | 04.30 pm |

കാസർഗോഡ് (തിയതിയും സമയവും അറിയിക്കുന്നതാണ്).

### 14. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

### 15. സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 85% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

**16. ജൂബിലി**

വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടു പേരും ഫോട്ടോയും ഫോൺ നമ്പറും** ഏപ്രിൽ 30 -നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**17. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്**

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30- ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**18. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും**

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേ സ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30- ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

**19. ആദരാഞ്ജലികൾ**

അതിരൂപതാ മതബോധന ടീം അംഗവും നെല്ലിക്കാംപൊയിൽ ഫൊറോന പ്രസിഡണ്ടും, നെല്ലിക്കാംപൊയിൽ സൺഡേ സ്കൂൾ പ്രധാനാധ്യാപകനുമായി ദീർഘകാലം പ്രവർത്തിച്ച ഇല്ലിക്കൽ അഗസ്റ്റിൻ സാറും പടുപ്പ് സൺഡേ സ്കൂളിന്റെയും തുടർന്ന് അടോട്ടുകായ സൺഡേ സ്കൂളിന്റെയും പ്രധാനാധ്യാപകനായി സേവനം അനുഷ്ഠിച്ച ജോസഫ് കുമ്പളവേലി സാറും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

**20. ഡയറക്ടറച്ചന്മാരുടെ സന്ദർശനം**

മാട്ടറ, ആടാംപാറ, ചട്ടമല, ചീമേനി, ബിരിക്കുളം, വെള്ളരിയാനം, പേരാവൂർ, പരപ്പ, കരിക്കോട്ടക്കരി എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ പടന്നക്കാട്, ചാവറഗിരി, പാടിയോട്ടുചാൽ സൺഡേസ്കൂളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് & ബൈബിൾ അപ്പൊസ്തൊലേറ്റ്

**ബിരുദദാന ചടങ്ങുകൾ**

2023 ഫെബ്രുവരി 13-ന് രാവിലെ 11 മണിക്ക് അടിമാലി സി. എം. സി. പ്രൊവിൻഷ്യൽ ഹൗസിൽ വച്ചും ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ഇടുക്കി മുരിക്കാശ്ശേരി എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ വച്ചും ബിരുദദാനച്ചടങ്ങ് നടത്തി. തലശ്ശേരി ആർച്ചു ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ചടങ്ങുകളുടെ ഉദ്ഘാടനം നിർവ ഹിക്കുകയും 2022 വർഷത്തിൽ പഠനം പൂർത്തിയാക്കിയവർക്കുള്ള ഡിഗ്രി സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു. ആൽഫാ ഇൻസ്റ്റി റ്റ്യൂട്ട് ഡയറക്ടർ റവ. ഫാ. ടോം ഓലിക്കരോട്ട് കോൺവൊക്കേഷൻ പ്രഭാഷണം നടത്തി. റവ. സി.ആനി പോൾ സി. എം. സി. (പ്രൊ വിൻഷ്യൽ സുപ്പീരിയർ) അടിമാലി സെന്ററിലും റവ. സി. സുഗുണ എഫ്. സി. സി. (പ്രൊവിൻഷ്യൽ സുപ്പീരിയർ) മുരിക്കാശ്ശേരി സെന്റ റിലും സ്വാഗതമാശംസിച്ചു. ഇരുസെന്ററുകളിലുമായി സ.ി എം. സി, എഫ്. സി. സി, എസ്. എച്ച് സന്യാസിനി സമൂഹങ്ങളിൽ നിന്നുള്ള 101 സിസ്റ്റേഴ്സ് ദൈവശാസ്ത്ര ബിരുദം സ്വന്തമാക്കി. 2022 വർഷ ത്തിൽ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് 470 പേർ ദൈവശാസ്ത്രബി രുദവും 18 പേർ ബിരുദാനന്തരബിരുദവും കരസ്ഥമാക്കി.

**ലോഗോസ് സർട്ടിഫിക്കറ്റുകൾ, സമ്മാനങ്ങൾ, പാഠപുസ്തക ങ്ങൾ**

2022 ലെ ലോഗോസ് ക്വിസ് വിജയികൾക്കുള്ള സർട്ടിഫിക്കറ്റു കളും സമ്മാനങ്ങളും ഈ സെമസ്റ്ററിലെ ദൈവശാസ്ത്രപഠന പുസ്തകങ്ങളും ഫൊറോന കേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്. പ്രധാ നാധ്യാപകർ ഓരോ ഇടവകയിലേക്കുമുള്ള പുസ്തകങ്ങൾ യഥാസമയം പഠിതാക്കൾക്ക് ലഭ്യമാക്കുമല്ലോ.

**ലോഗോസ് ക്വിസ് - 2023**

| പഠനഭാഗങ്ങൾ | |
|---|---|
| ജോഷ്വ 13-24 | പ്രഭാഷകൻ 27-33 |
| വി. ലൂക്കാ 1-8 | 2 കൊറി 1-6 |

ഇപ്പോൾ തന്നെ ലോഗോസ് ക്വിസിനായി പഠിച്ചൊരുങ്ങണമെന്ന് സ്നേഹപൂർവം ഓർമിപ്പിക്കുന്നു. ലോഗോസ് പഠനസഹായി തയ്യാറായിക്കൊണ്ടിരിക്കുന്നു.

## സഭാനവീകരണധ്യാനം

2023 ഫെബ്രു. 23 മുതൽ 26 വരെ തോമാപുരം ഫൊറോനയിലെ 14 സെന്ററുകളിൽ സഭാനവീകരണവർഷ ധ്യാനം നടത്തി. തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ മാർ ജോസഫ് പാംപ്ലാനി എല്ലാ സെന്ററുകളിലും അജപാലന സന്ദർശനം നടത്തി. ധ്യാനവിളംബരം നടത്തി. ബഹു. വൈദികർ ധ്യാന ടീമംഗങ്ങളായ വൈദികർ, സമർപ്പിതർ, ഗാനശുശ്രൂഷകർ, ധ്യാനത്തിനാവശ്യമായ ക്രമീകരണങ്ങൾ നടത്തിയ ബഹു. വികാരിയച്ചന്മാർ, കൈക്കാരന്മാർ തുടങ്ങി ധ്യാനങ്ങൾ വിജയിപ്പിക്കാൻ കഠിനാധ്വാനം ചെയ്ത എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി. ധ്യാനവിജയത്തിന്റെ പിന്നിൽ പ്രവർത്തിച്ച തോമാപുരം ഫൊറോനാ വികാരി ബഹു. മാർട്ടിൻ കിഴക്കേത്തലയ്ക്കൽ അച്ചനെയും നന്ദിയോടെ സ്മരിക്കുന്നു.

മാർച്ച് 9-12 തീയതികളിൽ ചെറുപുഴ ഫൊറോനയിലെ 13 സെന്ററുകളിലും മാർച്ച് 23-26 തീയതികളിൽ പൈസക്കരി ഫൊറോനയിലെ 8 സെന്ററുകളിലും സഭാനവീകരണധ്യാനം നടത്തും. അതിനു മുന്നൊരുക്കമായി എല്ലാ ഇടവകകളിലും ഹോംമിഷനും ധ്യാനവിളംബരവും നടത്തുന്നതാണ്.

## ബൈബിൾ സന്ധ്യ

കേരളസഭാനവീകരണ വർഷമായി ആചരിക്കുന്ന ഈകാലഘട്ടത്തിൽ വ്യക്തികളെയും സഭയെയും നവീകരിക്കുന്നതിന് ദൈവവചനത്തിനുള്ള ശക്തി തിരിച്ചറിയാനും തിരുവചനത്തോട് ആഭിമുഖ്യം വളർത്താനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഇടവകളിൽ വചനസന്ധ്യ നടത്താൻ അതിരൂപതാബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ടീം തയ്യാറായിട്ടുണ്ട്. വചനപ്രഘോഷണം, ആരാധന, മ്യൂസിക് മിനിസ്ട്രി, ഡോക്യുമെന്ററി പ്രദർശനം ഇവ ഉൾപ്പെടുന്ന പ്രോഗ്രാമാണ് വചനസന്ധ്യയിൽ. അതിരൂപതയിലെ അച്ചന്മാരുടെ ടീമാണ് പ്രോഗ്രാം നടത്തുന്നത്. ഇടവകകളിൽ നടത്താൻ താത്പര്യമുള്ളവർ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസുമായി ബന്ധപ്പെടുമല്ലോ. **നമ്പർ 8086312826.**

## ബൈബിൾ സ്കൂൾ

അതിരൂപതാ ബൈബിൾ അപ്പസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ ചെറുപുഷ്പ മിഷൻലീഗിന്റെ സഹകരണത്തോടെ, കുട്ടികളിൽ തിരുവചനത്തോടുള്ള ആഭിമുഖ്യം വളർത്തുകയും വചനത്തിന്റെ നിറവുള്ള ഒരു തലമുറയെ രൂപപ്പെടുത്തുകയും ചെയ്യുന്നതിനായി ബൈബിൾ സ്കൂൾ എന്ന പുതിയ സംരംഭം എല്ലാ ഇടവകകളിലും ആരംഭിക്കുകയാണ്. ബൈബിൾ സ്കൂളിന്റെ അതിരൂപതാതല ഉദ്ഘാടനം പെരുമ്പടവ് സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് നടത്തി. എല്ലാ ഇടവകകളിലും തിരുവചനം പഠിക്കാൻ ആഗ്രഹിക്കുന്ന തീക്ഷ്ണതയുള്ള കുട്ടികളുടെ ഒരു സമൂഹത്തെ രൂപപ്പെടുത്തുകയും കൗമാരത്തിന്റെയും യൗവനത്തിന്റെയും പ്രലോഭനങ്ങളെ വചനത്തിന്റെ ശക്തിയാൽ മറികടക്കുന്നതിന് അവരെ പ്രാപ്തരാക്കുകയുമാണ് ബൈബിൾ സ്കൂളിന്റെ പ്രവർത്തനലക്ഷ്യം. മിഷൻ ലീഗിന്റെ ആനിമേറ്റർമാരായിരിക്കും ഇടവകാ തലത്തിൽ ബൈബിൾ സ്കൂളിന്റെ പ്രവർത്തനം സംഘടിപ്പിക്കുന്നത്.

## മാർച്ച് മാസത്തിലെ ദൈവശാസ്ത്രക്ലാസ്സുകളുടെ സമയക്രമീകരണം

### MTh മലയാളം വിഭാഗം

| Subject | Date |
|---|---|
| ആദ്ധ്യാത്മിക ദൈവശാസ്ത്രം | 08.03. 2023 |
| ഇസ്രായേൽ ചരിത്രവും ബൈബിളിലെ ചരിത്രവിവരണങ്ങളും | 14.03. 2023 |
| സങ്കീർത്തനങ്ങൾ | 21.03. 2023 |
| സുവിശേഷവത്കരണം ദൈവശാസ്ത്ര സമീപനങ്ങൾ | 30.03.2023 |

### MTh ഇംഗ്ലീഷ് വിഭാഗം

| Subject | Date |
|---|---|
| ഇസ്രായേൽ ചരിത്രവും ബൈബിളിലെ ചരിത്രവിവരണങ്ങളും | 03.03. 2023 |
| സങ്കീർത്തനങ്ങൾ | 27.03. 2023 |

**ഫാ. ഫിലിപ്പ് കവിയിൽ**
*പ്രസിഡന്റ്, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ടോം ഓലിക്കരോട്ട്**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

കാൽവരിയിലെ ആത്മസമർപ്പണത്തിന്റെ ഓർമ്മകളുണർത്തുന്ന പുണ്യ ദിനത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഈ നോമ്പുകാലം ഒരു തിരിഞ്ഞ് നോട്ടത്തിന്റെയും തിരിച്ചറിവിന്റെയും കാലഘട്ടമാണെന്ന് മനസ്സിലാക്കിക്കൊണ്ട് നമുക്ക് കൂടുതൽ ത്യാഗത്തോടും, വിശുദ്ധിയോടുംകൂടി ജീവിക്കാൻ പരിശ്രമിക്കാം. അതോടൊപ്പം ദൈവപിതാവിന്റെ അനന്തമായ സ്നേഹ ബഹുമാനങ്ങൾ ഏറ്റുവാങ്ങിയ വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുന്നാളും ദൈവഹിതത്തിനുമുമ്പിൽ ആമ്മേൻ പറഞ്ഞ പരിശുദ്ധ അമ്മയുടെ മംഗളവാർത്ത തിരുനാളും ഈ മാസം നാം അനുസ്മരിക്കുമ്പോൾ സ്നേഹത്തിന്റെ പ്രേഷിതരാകാൻ ത്യാഗത്തോടെ ജീവിക്കാൻ ഈശോയുടെ സഹനത്തിൽ പങ്കുചേർന്ന് സേവനപാത പുണ്യമുള്ളതാക്കാൻ മിഷനറിമാരായ നിങ്ങൾക്കോരോരുത്തർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു...

അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവ്
അനുസ്മരിക്കുന്ന വിശുദ്ധർ : വി. യൗസേപ്പിതാവ്
പ്രാർത്ഥനാനിയോഗം : സഹായക അംഗങ്ങളുടെ നിയോഗങ്ങൾക്കുവേണ്ടി
സുകൃതം : 75 തിരുഹൃദയ ജപമാല
സുകൃതജപം : ഈശോയെ ഞങ്ങളുടെ കുടുംബങ്ങളെ വിശുദ്ധീകരിക്കണമേ
വിശുദ്ധയെ അറിയാൻ : നവമാലിക 9-ാം അദ്ധ്യായം
സ്നേഹിക്കാൻ

**1. ശാഖകൾ ശ്രദ്ധിക്കാൻ**

8 ബുധൻ : വനിതാദിനം
19 ഞായർ : വി. യൗസേപ്പിതാവിന്റെ തിരുനാൾ
25 ശനി : മംഗളവാർത്താതിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, അഗതിമന്ദിര സന്ദർശനം, എം. റ്റി. സി. മേഖലാതല ക്യാമ്പുകൾ, പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കുവേണ്ടി തിരുസന്നിധിയിൽ ആരാധന.

**3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

എല്ലാ ശാഖാ വൈസ്ഡയറക്ടേഴ്സിനും 2022-2023 പ്രവർത്തന വർഷത്തെ ശാഖാ - മേഖലാ വാർഷിക റിപ്പോർട്ട് ഫോം ലഭിച്ചു കാണും എന്ന് വിചാരിക്കുന്നു. ലഭിക്കാത്തവർ മേഖലാ വൈസ്ഡയറക്ടേഴ്സുമായോ, അതിരൂപതാ ഓഫീസുമായോ ബന്ധപ്പെടുമല്ലോ. വാർഷിക റിപ്പോർട്ട് ഫോം പൂരിപ്പിച്ച് ആരും അതിരൂപതയിലേക്ക് നേരിട്ട് അയക്കേണ്ടതില്ല. അവരവരുടെ മേഖലയിൽ ജൂൺ ആദ്യ ആഴ്ചയോടെ എത്തിച്ചാൽ മതിയാകും. മേഖലയിൽ നിന്നും ഒറിജിനൽ കോപ്പിയായിരിക്കണം അതിരൂപതാ ഓഫീസിലേക്ക് നൽകേണ്ടത് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**4. ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

2023 -24 പ്രവർത്തന വർഷത്തെ ശാഖാഭാരവാഹികളുടെ (ജൂനിയർ - സീനിയർ) തിരഞ്ഞെടുപ്പ് ഏപ്രിൽ 10 മുതൽ 13 വരെ നടക്കുന്ന വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തുകയും അതിരൂപതയിൽ നിന്നും തരുന്ന ഫോമിൽ കൃത്യമായി എഴുതി തരുകയും ചെയ്യുമല്ലോ. ഏതെങ്കിലും ശാഖകളിൽ ശാഖാ ഭാരവാഹികളുടെ ലിസ്റ്റ് തരേണ്ട ഫോം ലഭിച്ചിട്ടില്ല എങ്കിൽ മേഖലാ വൈസ്ഡയറക്ടേഴ്സുമായോ, അതിരൂപതാ ഓഫീസുമായോ ബന്ധപ്പെടുമല്ലോ.

**5. എം റ്റി സി ക്യാമ്പ് :** എല്ലാ മേഖലകളിലും എം റ്റി സി ക്യാമ്പ് നടത്തിക്കഴിഞ്ഞു കാണുമല്ലോ. അതിരൂപതാ ക്യാമ്പിലേയ്ക്കുള്ള 4 ആൺകുട്ടികളുടെയും 2 പെൺകുട്ടികളുടെയും പേര്, വീട്ടുപേര്, ഇടവക, വാട്സ്ആപ്പ് നമ്പർ എന്നിവ അതിരൂപതയിൽ നിന്ന് തന്നിരിക്കുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് മാർച്ച് 20-ാം തീയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ തരുമല്ലോ. മേഖലകളിൽ ക്യാമ്പ് നടത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെയാണ് അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. അതിരൂപതാ എം റ്റി സി ക്യാമ്പ് ഏപ്രിൽ മാസത്തിൽ നടത്തുന്നതായിരിക്കും. സ്ഥലവും, തീയതിയും, സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും.

**6. പരീക്ഷാവിജയത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന**

ഈ വർഷം 10-ാംക്ലാസ്സ്, പ്ലസ്ടു പരീക്ഷ എഴുതുന്ന എല്ലാ മിഷൻലീഗ് അംഗങ്ങളെയും നമ്മുടെ പ്രാർത്ഥന വഴി ശക്തിപ്പെടുത്താം. ഓരോ ശാഖയിലും പരീക്ഷ എഴുതുന്ന കുട്ടികളുടെ പേരും പരീക്ഷാ ടൈംടേബിളും

ശാഖയിലെ മറ്റ് കുട്ടികൾക്ക് നൽകി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുവാനും ദിവ്യബലിയിലും ആരാധനയിലും സന്ധ്യാപ്രാർത്ഥനയിലും ഇവർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും ഓർമ്മിക്കുമല്ലോ.

**7. ഹൃദ്യമായ സ്വാഗതം :** ചെറുപുഷ്പ മിഷൻലീഗ് മാലോം മേഖലാ വൈസ് ഡയറക്ടറായി നിയമിതയായിരിക്കുന്ന സ്നേഹമുള്ള സി. ജോസ്ന എസ് എച്ച്, നെല്ലിക്കാംപൊയിൽ മേഖലാ വൈസ് ഡയറക്ടറായി നിയമിതയായിരിക്കുന്ന സ്നേഹമുള്ള സി. സിൻസി സി.എം.സി. എന്നിവർക്ക് അതിരൂപതാ സി.എം.എൽ. കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**8. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ**

മാർച്ച് 19 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**9. ഹൃദയം നിറഞ്ഞ നന്ദി :** ജ്വലിക്കുന്ന തീക്ഷ്ണതയാൽ കർമ്മധീരതയോടെ ചെറുപുഷ്പ മിഷൻലീഗിനെ നയിച്ച് ഉദയഗിരി ഇടവകയിലേക്ക് അസി. വികാരിയായി സ്ഥലം മാറിപ്പോയ എടൂർ മേഖല ഡയറക്ടർ റോബിൻ പരിയാനിക്കൽ അച്ചന് അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**10. അവധിക്കാല നേതൃത്വ പരിശീലന ക്യാമ്പ്**

ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾക്കായി അവധിക്കാലത്ത് വിവിധ റീജിയണുകളിലായി അവധിക്കാല നേതൃത്വ പരിശീലന ക്യാമ്പ് നടത്തുന്നു എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു ക്യാമ്പിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് നിങ്ങളെ അറിയിക്കുന്നതായിരിക്കും.

**11. മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് :** ചെറുപുഷ്പ മിഷൻലീഗിന്റെ 2023-25 വർഷത്തേക്കുള്ള മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഏപ്രിൽ മാസത്തിൽ നടത്തി ലിസ്റ്റ് എത്രയും പെട്ടന്ന് ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ. മേഖലാ ഇലക്ഷൻ അതിരൂപതാ ഭാരവാഹികളുടെ സാന്നിധ്യത്തിൽ ആണ് നടത്തേണ്ടത്. മേഖലാ ഇലക്ഷൻ നടത്തുന്ന തീയതി നേരത്തെ തന്നെ അതിരൂപത ഓഫീസിൽ അറിയിക്കേണ്ടതാണ്.

**12. ജീവകാരുണ്യകൂപ്പൺ**

മിഷൻലീഗ് സംഘടനാപ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക ഫണ്ട് കണ്ടെത്തുന്നതിനായി നടത്തുന്നുന്ന ജീവകാരുണ്യ കൂപ്പൺ മേഖലകളുടെ നേതൃത്വത്തിൽ എല്ലാ ശാഖകളിലും എത്തിക്കാണുമല്ലോ. ഏപ്രിൽ 15-ാം തീയതി ശനിയാഴ്ചയായിരിക്കും തിരഞ്ഞെടുപ്പ് നടത്തപ്പെടുക. ഏപ്രിൽ 7-ാം തീയതി തുകയും മുഴുവൻ കുറ്റികളും ശാഖതിരിച്ച് മേഖലാ നേതൃത്വത്തിൽ അതിരൂപതയിൽ എത്തിക്കേണ്ടതാണ്. ഒരു ബുക്ക് മുഴു

വൻ വിറ്റ് കഴിയുമ്പോൾ 40 രൂപ കുട്ടിക്കും, 40 രൂപ ശാഖയ്ക്കും, 40 രൂപ മേഖലയ്ക്കും മേഖലയുടെ നേതൃത്വത്തിൽ 80 രൂപ അതിരൂപതയിലും നൽകേണ്ടതാണ്.

**13. മേഖലാ സന്ദർശനങ്ങൾ:** 21.01.2023 ന് കാസർഗോഡ് മേഖലയും, 08.02.2023 ന് തളിപ്പറമ്പ് മേഖലയും അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു. ഇനി സന്ദർശിക്കാത്ത എല്ലാ മേഖലകളും ഈ മാസം തന്നെ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം മേഖലാ എക്സിക്യൂട്ടീവ് റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുമല്ലോ.

**14. ടീം ക്വിസ്സ് വിജയികൾ**

I st എടൂർ മേഖല II nd കുന്നോത്ത് മേഖല

III rd നെല്ലിക്കാംപൊയിൽ മേഖല

**വ്യക്തിഗത സമ്മാനം** - ജോർജ് തണങ്ങാട്ട് (അങ്ങാടിക്കടവ് ശാഖ)

**15. മിഷൻ പച്ചക്കറിത്തോട്ട മത്സര വിജയികൾ**

I st മണ്ഡപം ശാഖ II nd കോടോപ്പള്ളി ശാഖ

III rd മേരിപുരം ശാഖ

**പ്രത്യേക പ്രോത്സാഹനസമ്മാനത്തിന് അർഹതനേടിയത്:** പൊയ്നാച്ചി ശാഖ

**പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ:**

തളിപ്പറമ്പ്, കടുമേനി, മേരിഗിരി, ജയഗിരി,
ചേപ്പറമ്പ്, ആനറ, പാടിയോട്ടുചാൽ

**16. അഭിനന്ദനങ്ങൾ :** അന്തർദേശീയ എക്സിക്യൂട്ടീവ് അംഗമായി തെരഞ്ഞെടുക്കപ്പെട്ട ബഹു. ആന്റണി തെക്കേമുറി അച്ചനും, അന്തർദേശീയ വൈസ് ഡയറക്ടറായി തെഞ്ഞെടുക്കപ്പെട്ട ബഹു. മാത്യു മുളയോലിൽ അച്ചനും, അന്തർദേശീയ വൈസ് പ്രസിഡന്റായി തെഞ്ഞെടുക്കപ്പെട്ട ഏലിക്കുട്ടി ചേച്ചിക്കും അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകൾ... ആശംസകൾ...

**17. ഉണ്ണീശോയ്ക്കൊരു കട്ടിൽ - ഒരായിരം നന്ദിയോടെ**

പഞ്ചാബ് മിഷനിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ച എല്ലാ ശാഖകൾക്കും, മേഖലകൾക്കും, സുമനസുകൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

**18. മേഖലാ കൗൺസിൽ വാർഷികം**

18.02.2023 ന് ശനിയാഴ്ച തളിപ്പറമ്പ് മേഖലയിലും, കുന്നോത്ത് മേഖലയിലും കൗൺസിൽ - വാർഷികം നടന്നു. ഇനിയും മേഖലാ കൗസിൽ - വാർഷികം നടത്താത്ത എല്ലാ മേഖലകളും ഉടനെ തന്നെ കൗൺസിൽ - വാർഷികം നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ...

**19. മേഖലാ ഇലക്ഷൻ:** 05.02.2023 ഞായറാഴ്ച 2023-2025 വർഷത്തേക്കുള്ള നെല്ലിക്കാംപൊയിൽ മേഖല ഭാവാഹികളുടെ ഇലക്ഷൻ നടന്നു.

പുതിയതായി സ്ഥാനമേറ്റ എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

## 20. വൈസ് ഡയറക്ടേഴ്സ് റീജിയണൽ സംഗമം

ഫെബ്രുവരി 18-ാം തീയതി ശനിയാഴ്ച നടത്തിയ വൈസ് ഡയറക്ടേഴ്സ് റീജിയണൽ സംഗമത്തിൽ കാഞ്ഞങ്ങാട്, ആലക്കോട് റീജിയണുകളിലെ വൈസ് ഡയറക്ടേസ് പങ്കെടുത്തു.

## 21. ഓർഗനൈസിംഗ് ടീം മീറ്റിംഗ്

26.01.2023 ന് ഉച്ചകഴിഞ്ഞ് 2 മണിമുതൽ തളിപ്പറമ്പ് ഫൊറോന ദൈവാലയത്തിൽവെച്ച് ഓർഗനൈസിംഗ് ടീം മീറ്റിംഗ് നടന്നു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിൽ അധ്യക്ഷതവഹിച്ച മീറ്റിംഗിൽ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ചർച്ചകൾക്ക് നേതൃത്വം നൽകി.

## 22. പെനുവേൽ - നേതൃത്വ പരിശീലന സെമിനാർ

ഫെബ്രുവരി 18-ാം തീയതി ശനിയാഴ്ച പെനുവേൽ എന്ന പേരിൽ നടത്തിയ കുട്ടികളുടെ നേതൃത്വ പരിശീലന സെമിനാറിൽ കാഞ്ഞങ്ങാട്, ആലക്കോട് റീജിയണുകളിലെ കുട്ടികൾ പങ്കെടുത്തു. ഫാ. ജോസഫ് പണ്ടാരപ്പറമ്പിൽ, ശ്രീ. ഷോണിറ്റ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു.

## 23. ദേശീയ പ്ലാറ്റിനം ജൂബിലി സമാപനം

29.01.2023 ന് തക്കലയിൽ വച്ച് നടന്ന ദേശീയ പ്ലാറ്റിനം ജൂബിലി സമാപനത്തിൽ അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

## 24. സംസ്ഥാന-സൗഹൃദ സംഗമം

15.02.2023 ബുധനാഴ്ച സംസ്ഥാന എക്സിക്യൂട്ടീവ് അംഗങ്ങൾ അതിരൂപതാ ഓഫീസിൽ വരികയും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവും അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും ഒരുമിച്ച് സൗഹൃദ സംഗമം നടത്തുകയും ചെയ്തു.

## 25. സെമിനാറുകൾ, ക്യാമ്പുകൾ

- 29-1-23 ന് കോലുവള്ളി ശാഖയിലെ കുട്ടികൾക്ക് അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.
- 04-2-23 ന് ചെമ്പേരി മേഖലയിലെ എം. റ്റി. സി ക്യാമ്പിന് സംസ്ഥാന പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി ക്ലാസ്സ് എടുത്തു.

## 26. ആദരാഞ്ജലികൾ

സംസ്ഥാന പ്രതിനിധി ശ്രീ സുനിൽ കല്ലിടുക്കിലിന്റെ മരണം മൂലം വേർപിരിഞ്ഞ് പോയ വല്യമ്മ ഏലിയാമ്മ അമ്പാട്ടിന് അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പ്രാർത്ഥനയുടെയും പരിഹാരത്തിന്റെയും തപസിന്റെയും ചൈതന്യംകൊണ്ട് മനുഷ്യഹൃദയങ്ങളെ ദൈവിക വിശുദ്ധിയുടെ ചൈതന്യത്താൽ ചേർത്തുനിർത്തുന്ന ഒരു നോമ്പുകാലത്തിലൂടെ നാം കടന്നുപോകുമ്പോൾ നോമ്പിലെ എല്ലാ ദിവസവും ദിവ്യബലിയിൽ സംബന്ധിച്ച് പ്രാർത്ഥിക്കുവാനും കൊച്ചുകൊച്ചു ത്യാഗപ്രവർത്തിയിലൂടെ ഈശോയുടെ സഹനത്തിൽ പങ്കുചേരാനും നമുക്ക് പരിശ്രമിക്കാം.

അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവ്
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. യൗസേപ്പിതാവ്
പ്രാർത്ഥനാനിയോഗം : പരീക്ഷയ്ക്ക് ഒരുങ്ങുന്ന എല്ലാ വിദ്യാർത്ഥികൾക്കും വേണ്ടി
സുകൃതജപം : നീതിമാനായ വി. യൗസേപ്പേ, നീതിയിൽ വളരാൻ എന്നെ സഹായിക്കണമേ.
വചനം : തന്റെ ജീവനെ സ്നേഹിക്കുന്നവൻ അത് നഷ്ടപ്പെടുത്തുന്നു. ഈ ലോകത്തിൽ തന്റെ ജീവനെ ദ്വേഷിക്കുന്നവൻ നിത്യജീവനിലേക്ക് അതിനെ കാത്തുസൂക്ഷിക്കുന്നു (വി. യോഹ 12: 25)
പ്രവൃത്തി : വി. യൗസേപ്പിതാവിനെക്കുറിച്ച് കുട്ടികൾക്ക് മാതാപിതാക്കളും അധ്യാപകരും പറഞ്ഞ് കൊടുക്കുക.
മനഃപാഠമാക്കുക : ഏതെങ്കിലും ഒരു സങ്കീർത്തനം മനഃപാഠമാക്കുക
എയ്ഞ്ചൽസ് വോയ്സ് : വി. യൗസേപ്പിതാവിനെക്കുറിച്ച് പ്രസംഗമത്സരം (ശാഖാതലത്തിൽ മത്സരം ക്രമീകരിക്കുക)

**1. ശാഖകൾ ശ്രദ്ധിക്കാൻ**

8 ബുധൻ : വനിതാദിനം
19 ഞായർ : വി. യൗസേപ്പിതാവിന്റെ തിരുനാൾ
25 ശനി : മംഗളവാർത്താതിരുനാൾ

**2. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ**

മാർച്ച് 19 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹുമാനപ്പെട്ട വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**3. ഉണ്ണീശോയ്ക്കൊരു കട്ടിൽ - ഒരായിരം നന്ദിയോടെ**

പഞ്ചാബ് മിഷനിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ച എല്ലാ ശാഖകൾക്കും, മേഖലകൾക്കും, സുമനസുകൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

**4. കാരുണ്യത്തിന്റെ കരം:** കൊച്ചുകൂട്ടുകാർ 50 നോമ്പിൽ കൊച്ചു കൊച്ചു ത്യാഗം ചെയ്ത് രൂപീകരിക്കുന്ന തുക ഇടവകയിലെ പാവപ്പെട്ട ഒരു കുടുംബത്തെ സഹായിക്കാൻ ഉപയോഗിക്കുമല്ലോ.

**5. ഈശോയെപ്പോലെ സ്നേഹത്തിൽ വളരാം...**

ഈ മാസം നമുക്ക് ഈശോയെപ്പോലെ വളരാം, മറ്റൊരു ഇശോയാകാം എന്ന പത്താം അധ്യായം പഠിക്കാം. പ്രിയ കൂട്ടുകാരേ നമുക്കും ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്ന വരാം.

**6. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ വളരാം, മറ്റൊരു ഇശോയാകാം എന്ന പത്താം അധ്യായത്തിലെ പേജ് 53 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം മാർച്ച് 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**7. നിങ്ങൾക്കറിയാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ വളരാം, മറ്റൊരു ഇശോയാകാം എന്ന പത്താം അധ്യായത്തിലെ പേജ് 54 ൽ കൊടുത്തിരിക്കുന്നത് സുവിശേഷത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അദ്ധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം മാർച്ച് 20 ന് മുമ്പ്അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**8. നിങ്ങൾക്കറിയാമോ, നിറംകൊടുക്കാമോ ഫെബ്രുവരി മാസത്തെ വിജയി**

I ജെസ്വിൻ ഇരട്ടക്കുളത്ത്

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യുവജന ശുശ്രൂഷ

"യുവജനങ്ങളെ, നിങ്ങളുടെ ജീവിതം സത്യമായും സഭയിൽ ആഘോഷിക്കപ്പെടേണ്ടതാണ്." *(വി. ജോൺ പോൾ പാപ്പാ)*

പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

നോമ്പുകാലത്തേക്ക് പ്രവേശിക്കുകയാണല്ലോ. പശ്ചാത്താപത്തിന്റെയും അനുതാപത്തിന്റെയും അനുഭവങ്ങൾ സ്വന്തമാക്കി നോമ്പിന്റെ ദിനങ്ങളെ അനുഗ്രഹമാക്കാം.

ഫൊറോന സമിതികളുടെ നേതൃത്വത്തിൽ ഏതെങ്കിലും യൂണിറ്റിൽ **നൈറ്റ് വിജിൽ** നടത്തുകയും യുവജനങ്ങൾക്ക് കുമ്പസാരത്തിനും ആരാധനയ്ക്കുമുള്ള അവസരങ്ങളൊരുക്കുകയും ചെയ്യുമല്ലോ.

### അർദ്ധവാർഷിക സെനറ്റ്

2022-23 സമിതിയുടെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം ഫെബ്രുവരി 26 ന് ഞായറാഴ്ച തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തപ്പെടും. സെനറ്റ് അംഗങ്ങൾ എല്ലാവരും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

### You Cat പഠന പരമ്പര

കെസിവൈഎം യുവജനങ്ങളുടെ വിശ്വാസ പരിശീലനവുമായി ബന്ധപ്പെട്ട് പഠന പരമ്പര സംഘടിപ്പിക്കുന്നു. ശാലോം ടെലിവിഷനുമായി ബന്ധപ്പെട്ട് ഇത് ക്രമീകരിക്കുന്നത്. മാർച്ച് മാസത്തിൽ ഇതിന്റെ ഉദ്ഘാടനം നടത്തപ്പെടും.

### നോമ്പുകാല യുവജന വാർഷിക ധ്യാനം

നോമ്പുകാലത്തോടനുബന്ധിച്ച് അതിരൂപതയിലെ യുവജനങ്ങൾക്കായി ഒരു നോമ്പുകാല യുവജന വാർഷിക ധ്യാനം നടത്താ

നാഗ്രഹിക്കുന്നു. ഏപ്രിൽ മാസം 1-ാം വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## വി. ഗ്രന്ഥത്തെ അവഹേളിച്ചതിനെതിരെ കെസിവൈഎം

കാസർഗോഡ് വി. ഗ്രന്ഥത്തെ അവഹേളിച്ചതിനെതിരെ കാസർഗോഡ് എസ്പിക്ക് പരാതി നൽകി കെസിവൈഎം. കാസർഗോഡ് കളകടർക്കും, മുഖ്യമന്ത്രിക്കും പരാതി അയച്ചു. മതേതര രാഷ്ട്രത്തിൽ ഇത്തരം പ്രവർത്തനങ്ങൾ ഭരണഘടനാ ലംഘനമാണെന്ന് കുറ്റപ്പെടുത്തി.

## അഗ്നി ശലഭങ്ങൾ തെരുവു നാടകം

ലഹരി വിരുദ്ധ സംസ്കാരം സ്വന്തമാക്കുന്നതിനുവേണ്ടി സമൂഹത്തിന് മുന്നറിയിപ്പു നൽകികൊണ്ട് തെരുവു നാടകവുമായി തലശ്ശേരി കെസിവൈഎം അഗ്നിശലഭങ്ങൾ എന്ന് പേരു നൽകിയ നാടകം ഏഴ് ഓളം സെന്ററുകളിൽ കളിച്ചു. പ്രണയ കെണിയിലകപ്പെട്ട് ജീവിതം തകരുന്നതും നാർകോട്ടിക് ഡ്രഗ്സിന്റെ പിടിയിലമരുന്നവർക്ക് ഒരു മുന്നറിയിപ്പുമായിട്ടാണ് ഈ തെരുവു നാടകം സജീവ് മാങ്ങോട് സംവിധാനം നിർവ്വഹിച്ചിരിക്കുന്നത്.

## എങ്കിലേ എന്നോട് പറ (വാലൻന്റൈൻ ഡേ ആശംസകൾ)

ലഹരി വിരുദ്ധ വാലൻന്റൈൻ ഡേയുടെ ദിനത്തിൽ പ്രണയത്തിന്റെ പൊതുജന അഭിപ്രായം ഉൾപ്പെടുത്തി വീഡിയോ പ്രസന്റേഷൻ പ്രസിദ്ധീകരിച്ചു. സഹകരിച്ചവർക്കും അഭിപ്രായം പറഞ്ഞവർക്കും നന്ദി.

## സംസ്ഥാന വാർഷിക സെനറ്റ് തിരുവനന്തപുരം

2022-23 സംസ്ഥാന സമിതിയുടെ വാർഷിക സമ്മേളനം തിരുവനന്തപുരത്തുവച്ച് നടത്തപ്പെട്ടു. അതിരൂപതാ ഭാരവാഹികൾ സെനറ്റിൽ പങ്കെടുത്ത് രൂപതാ റിപ്പോർട്ട് അവതരിപ്പിച്ചു.

## ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് മീറ്റ്

കെസിവൈഎം ഫൊറോന ഡയറക്ടർമാരുടെയും, ആനിമേറ്റേഴ്സിന്റെയും മീറ്റിങ്ങും കൂട്ടായ്മയും തളിപ്പറമ്പിൽവച്ച് നടത്തപ്പെട്ടു. യുവജന പ്രവർത്തനങ്ങളെ കുറിച്ചുള്ള ചർച്ചയിലും, ബോട്ട് യാത്രയിലും എല്ലാവരും പങ്കെടുത്തു.

## ദയാഭായിക്കൊപ്പം യുവജനങ്ങൾ

വെള്ളരിക്കുണ്ട് ഫൊറോനയിലെ സായാഹ്ന യുവജനസംഗമത്തിൽ പ്രമുഖ സാമൂഹ്യപ്രവർത്തക ദയാഭായി പങ്കെടുത്തു. അതിരൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ ഷോൾ അണിയിച്ച് സ്വീകരിച്ചു. യുവജനങ്ങളുമായി ഏറെനേരം സംവദിച്ച ദയാഭായി യുവജനങ്ങൾക്ക് ആശംസകൾ അറിയിച്ചു.

## അവിവാഹിതർക്കുള്ള ധ്യാനം (Blessing Retreat)

അതിരൂപതാ കെസിവൈഎംന്റെയും ഫാമിലി അപ്പസ്തോലേറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ അവിവാഹിതർക്കും പുനർവിവാഹം ആഗ്രഹിക്കുന്നവർക്കുമുള്ള വിവാഹ ഒരുക്ക ധ്യാനം പരിയാരം മദർഹോമിൽ വച്ച് നടത്തപ്പെട്ടു. നൂറോളം യുവതീയുവാക്കൻമാർ പങ്കെടുത്തു. കൗൺസിലിങ്ങ്, ദിവ്യകാരുണ്യ അഭിഷേക പ്രാർത്ഥന എന്നിവ നടത്തി. ധ്യാനം മനോഹരമാക്കിയ എല്ലാവർക്കും പ്രത്യേകിച്ച് ഡിവൈൻ മേഴ്സി ഫൗണ്ടേഷനും നന്ദി.

## നവവൈദികർക്ക് ആദരം

തലശ്ശേരി അതിരൂപതക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച നവവൈദികർക്ക് അതിരൂപതാ കെ.സി.വൈ.എം. ഓഫീസിൽ സ്വീകരണം നൽകി. പുതിയ കർമ്മമണ്ഡലങ്ങളിൽ ആശംസകൾ നേർന്നു. വെള്ളരിക്കുണ്ട് ഫൊറോനയിലെ ബളാൽ യൂണിറ്റിന്റെ ആതിഥേയത്വത്തിൽ യുവജനങ്ങൾ നവവൈദികരെ ആദരിച്ച് ആശംസകളറിയിച്ചു.

**ഒപ്പം :** "കരുത്തായി കരുതലായി യുവജനങ്ങൾ" എന്ന ആപ്തവാക്യമുയർത്തികൊണ്ട് നെല്ലിക്കാംപൊയിൽ ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ മാസത്തിൽ ഒരു പ്രാവിശ്യം അവശ്യ വസ്തുക്കൾ ശേഖരിച്ച് അർഹതപ്പെട്ടവരിലേക്ക് എത്തിക്കുന്ന "ഒപ്പം പദ്ധതിക്ക്" നെല്ലിക്കാംപൊയിൽ പുഷ്പാലയത്തിലെ അമ്മമാർക്ക് ഭക്ഷണം നൽകികൊണ്ട് തുടക്കം കുറിച്ചു.

## പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു

വിശുദ്ധ ഗ്രന്ഥമായ ബൈബിളിനെതിരെ നടക്കുന്ന സാമൂഹ്യവിരുദ്ധരുടെ പ്രവർത്തനങ്ങൾക്കെതിരെ നെല്ലിക്കാംപൊയിൽ ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ഉളിക്കല്ലിൽ വച്ച് പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു.

## കർമ്മ പദ്ധതി പ്രകാശനം

നെല്ലിക്കാംപൊയിൽ ഫൊറോനയുടെ കർമ്മപദ്ധതി പ്രകാശനം അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിൽ വച്ച് നടത്തപ്പെട്ടു. സംസ്ഥാന സെക്രട്ടറി ഷിജോ നിലയ്ക്കപ്പള്ളി ഉദ്ഘാടനം ചെയ്തു.

## T-Time - പനത്തടി ഫൊറോനതല ഉദ്ഘാടനം

കനീലടുക്കം സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് പനത്തടി ഫൊറോനയുടെ ആഭിമുഖ്യത്തിൽ ടി-ടൈം (യുവജന സാഹ സംഗമം) ഫൊറോനതല ഉദ്ഘാടനം നടത്തി. 40 ഓളം യുവജനങ്ങൾ പങ്കെടുക്കുകയും

അവരുടെ ആശയങ്ങൾ പങ്കുവയ്ക്കുകയും കൂട്ടായ്മയേട് ചേരുകയും ചെയ്തു. യുവജനങ്ങളോടൊപ്പം വൈദീകർ, സിസ്റ്റേഴ്സ്, അതിരൂപതാ ഭാര വാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

## T-Time - മാലോം ഫൊറോനതല ഉദ്ഘാടനം

അതിരുമാവ് യൂണിറ്റിൽ വച്ച് മാലോം ഫൊറോനയുടെ ടി-ടൈം ഉദ്ഘാടനം ഫാ. പോൾ തട്ടുപറമ്പലിൽ നിർവ്വഹിച്ചു. ഫൊറോന പ്രസിഡന്റ്, ഫൊറോന ഡയറക്ടർ, യുവജനനേതാക്കൾ തുടങ്ങിയവർ നേതൃത്വം കൊടുത്തു.

## പതാക പ്രയാണവും യൂണിറ്റ് സന്ദർശനവും

പനത്തടി ഫൊറോനയിൽ യൂണിറ്റുകളുടെ ഐക്യം, കൂട്ടായ്മ എന്നിവ ലക്ഷ്യം വച്ചുകൊണ്ട് പതാക പ്രയാണവും യൂണിറ്റ് സന്ദർശനവും കനീല ടുക്കത്തു വച്ച് ഉദ്ഘാടനം ചെയ്തു.

## വൃദ്ധദമ്പതികൾക്ക് പ്രണയദിനത്തിൽ ആദരം

ഫെബ്രുവരി 14 വാലൻന്റൈൻസ് ദിനത്തോടനുബന്ധിച്ച് യൂണിറ്റുകളിലെ പ്രായം കൂടിയ ദമ്പതികളെ ചെറുപുഴ ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ആദരിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. അഗാപ്പെ എന്ന പേരിലണ് ഈ പ്രോഗ്രാം ക്രമീകരിച്ചത്.

## ലഹരി വിരുദ്ധ ക്യാമ്പെയ്ൻ രണ്ടാം ഘട്ടം

യുവജനങ്ങൾക്കിടയിലും സമൂഹത്തിലും പടർന്നുകെണ്ടിരിക്കുന്ന ലഹരിയുടെ വ്യാപനം തടയുക എന്ന ലക്ഷ്യത്തോടെ വെള്ളരിക്കുണ്ട് ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ **അകലാം അകറ്റാം** ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ രണ്ടാംഘട്ടം ഫൊറോനയിലെ മുഴുവൻ കെസിവൈഎം യൂണിറ്റിലും, സ്കൂൾ, കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിലും ബോധവൽക്കരണ ബോർഡുകൾ സ്ഥാപിച്ചുകൊണ്ട് വിജയകരമായി പൂർത്തീകരിച്ചു.

## T-Time - വെള്ളരിക്കുണ്ട് ഫൊറോനതല ഉദ്ഘാടനം

പരപ്പ സെന്റ്മേരീസ് ദൈവാലയത്തിൽ വച്ച് വെള്ളരിക്കുണ്ട് ഫൊറോനയുടെ ആഭിമുഖ്യത്തിൽ ടി-ടൈം യുവജന സാഹ സംഗമം ഫൊറോന തല ഉദ്ഘാടനം നടത്തി. വൈദീകർ, സിസ്റ്റേഴ്സ്, അതിരൂപതാ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# കുടുംബ പ്രേഷിതത്വം

## I. 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

906 എം.പി.സി കോഴ്സ് ജനുവരി 26 – 28 വരെയുള്ള തീയതികളിൽ പടന്നക്കാട് ഗുഡ്ഷെപ്പേർഡ് പള്ളിയിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 138 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

| MPC 2023 | |
|---|---|
| March 16 -18 | (Thursday, Saturday) Padannakkad |
| April 20 -22 | (Thursday, Saturday) Thalassery |
| May 25 - 27 | (Thursday, Saturday) Padannakkad |

### Time Schedule

കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.

- എം.പി.സി കോഴ്സ് Online & Offline ആയി കൂടാൻ ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1250** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 650 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 600 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- 2023 ഏപ്രിൽ മാസം മുതൽ കോഴ്സ് ഫീസ് 1600 രൂപയായിരിക്കും.

2.

| Online MPC 2023 - March 27 - 29 | | |
|---|---|---|
| Time Schedule | Ist Day | 10: 00 am - 05:00 pm |
| | IInd Day | 02:00 pm - 07:00 pm |
| | IIIrd Day | 02:00 pm - 07:00 pm |
| Web Site : www.familytly.com | | |

## 3. Prolife Marriage Bureau

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ. പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.

Web site: www.prolifemarry.com Contact No : 6235445544.

## II. മാതൃവേദി

1. **തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് വിവാഹ തടസ്സമുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കാം.

2. **യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റ്തല പ്രവർത്തനം – അഗതി മന്ദിര സന്ദർശനം.

3. **മാതൃവേദി പ്രവർത്തന പദ്ധതി – മാർച്ച് 2023**

4 – ജ്വാല – തോമാപുരം
5-8 – ജീവാഗ്നി റിട്രീറ്റ്
7 – ജ്വാല – ചെമ്പന്തൊട്ടി
8 – അന്താരാഷ്ട്ര വനിതാദിനം,
അതിരൂപതാതല ആചരണം – ചെമ്പേരി മേഖല (നെല്ലിക്കുറ്റി)
9 – ജ്വാല – മാലോം
14 – അതിരൂപതാ എക്സിക്യൂട്ടീവ് – അഗതിമന്ദിര സന്ദർശനം
16-18 – എം.പി.സി – പടന്നക്കാട്
19 – വി.യൗസേപ്പിന്റെ തിരുനാൾ
20 – അഗതിമന്ദിര സന്ദർശനം – അതിരൂപതാ ടീം
25 – മംഗളവാർത്താ തിരുനാൾ
27-29 – എം.പി.സി – ഓൺലൈൻ

**4. എക്സിക്യൂട്ടീവ് മീറ്റിംഗ്:** ജനുവരി 30-ാം തീയതി രാവിലെ 10 മണിക്ക് അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് കുന്നോത്ത് വച്ച് നടന്നു. മാതൃവേദി അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ പങ്കുകൊണ്ടു.

**5. ഇന്റർ നാഷണൽ മാതൃവേദി ജനറൽബോഡി യോഗം**

ഇന്റർ നാഷണൽ മാതൃവേദി സെമിനാർ ജനുവരി 23,24 തീയതികളിൽ പാലാക്കാട് വച്ച് നടന്നു. അതിരൂപതാ ഡയക്ടർ, ആനിമേറ്റർ, ഭാരവാഹികൾ എന്നിവർ സെമിനാറിൽ പങ്കെടുത്തു. 2023-25 വർഷത്തെ അന്താ

രാഷ്ട്ര മാതൃവേദി ഭാരവാഹികൾക്കായുള്ള തെരഞ്ഞെടുപ്പിൽ സെക്രട്ടറിയായി തിരഞ്ഞെടുത്ത തലശ്ശേരി അതിരൂപതാ സെനറ്റ് മെമ്പർ ഡിംപിൾ ജോസ് കൂട്ടുങ്കലിന് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

**6. ബ്ലെസ്സിങ്ങ്:**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റും കെ.സി.വൈ.എം ഉം, ദി ഡിവൈൻ മേഴ്സി ഫൗണ്ടേഷൻ ടീമും സംയുക്തമായി അവിവാഹിതരാവർക്കും, പുനർവിവാഹത്തിനൊരുങ്ങുന്നവർക്കും വിവാഹ തടസ്സങ്ങൾ നേരിടുന്നവർക്കുംവേണ്ടി ഒരുക്കിയ ധ്യാനശുശ്രൂഷയായ ബ്ലസ്സിംങ്ങ് 2023 ഫെബ്രുവരി 11 ന് 5 മണിക്ക് മദർഹോമിൽ വച്ച് നടന്നും. ധ്യാനത്തിന് 70ഓളം പേർ പങ്കെടുത്തു. ഫെബ്രുവരി 13 ന് ഉച്ചയ്ക്ക് 2 മണിയോടെ ധ്യാനം സമാപിച്ചു.

**7. കെ.സി.ബി.സി വനിത കമ്മീഷൻ :** കെ.സി.ബി.സി വനിത കമ്മീഷനിലേക്ക് തലശ്ശേരി അതിരൂപതയിൽ നിന്നും അതിരൂപതാ പ്രസിഡന്റ് ഷീബ തെക്കേടത്ത്, ട്രഷറർ ഷാന്റി മാമ്മൂട്ടിൽ, സെനറ്റ് മെമ്പർ ഡിംപിൾ ജോസ് കൂട്ടുങ്കൽ എന്നിവരെ നാമനിർദ്ദേശം ചെയ്തു.

**8. ശാന്തിഭവൻ – വൈദികമന്ദിര സന്ദർശനം**

തലശ്ശേരി അതിരൂപതാ മാതൃവേദി ഭാരവാഹികളും അമല പ്രോലൈഫ് ഭാരവാഹികളും സംയുക്തമായി കരുവഞ്ചാൽ ശാന്തിഭവൻ വൈദിക മന്ദിരം അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അച്ചന്റെയും ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫിന്റെയും നേതൃത്വത്തിൽ വൈദികമന്ദിരത്തിലെ അച്ചന്മാരെ സന്ദർശിച്ച് സന്തോഷം പങ്കുവയ്ക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**9. ജ്വാല 2023 :** തലശ്ശേരി അതിരൂപതാ മാതൃവേദിയുടെ ജ്വാല പ്രോഗ്രാം ഫെബ്രുവരി മാസത്തിൽ 15 മേഖലകളിലായി നടന്നു. ചെറുപുഴ, പനത്തടി, കാഞ്ഞങ്ങാട്, കാസർഗോഡ്, കുന്നോത്ത്, നെല്ലിക്കാംപൊയിൽ, ആലക്കോട്, വായാട്ടുപറമ്പ്, പേരാവൂർ, മണിക്കടവ്, എടൂർ, പൈസക്കരി, ചെമ്പേരി, തളിപ്പറമ്പ്, വെള്ളരിക്കുണ്ട് എന്നീ മേഖലകളിൽ അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫ്, റീജന്റ് ബ്രദർ. ഗോഡ്‌വിൻ വേങ്ങത്തടത്തിൽ എന്നിവരുടെ സാന്നിദ്ധ്യത്തോടെ ജ്വാല പ്രോഗ്രാം നടക്കുകയും അമല പ്രോലൈഫ് ആനിമേറ്റർ സി. ജെസ്റ്റീന എം.എസ്.എം.ഐ “മാതൃത്വം ഇന്നിന്റെ വെല്ലുവിളികളും പരിഹാരങ്ങളും” എന്ന വിഷയത്തെക്കുറിച്ച് അമ്മമാർക്കായി ക്ലാസ് എടുക്കുകയും ചെയ്തു. മേഖല പ്രസിഡണ്ടുമാർ മാതൃവേദി പതാക ഉയർത്തുകയും ഫൊറോന വികാരിമാർ സംഗമം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ജ്വാല സംഗമങ്ങൾ വിവിധ കലാപരിപാടികളോടെ മനോഹരമായി സംഘടിപ്പിക്കാൻ ഉത്സാഹിച്ച മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, ഭാരവാഹികൾ എന്നിവർക്ക് നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

### 10. അറിയിപ്പുകൾ

- മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനം. എല്ലാ യൂണിറ്റുകളും ഉചിതമായി ആചരിക്കുക. വനിതാ ശക്തീകരണ സെമിനാറുകൾ, സാമൂഹ്യതിന്മ കൾക്കെതിരെ സന്ദേശം നൽകുന്ന വനിതാ റാലികൾ എന്നിവ മേഖലാ - യൂണിറ്റ് തലത്തിൽ സംഘടിപ്പിക്കാൻ ശ്രദ്ധിക്കുക.
- വലിയനോമ്പ് ആചരണം അർത്ഥവത്തായി നടത്തുക. എല്ലാ യൂണിറ്റു കളും ഒരു തവണയെങ്കിലും അഗതി മന്ദിര സന്ദർശനം നടത്തുകയും റിപ്പോർട്ട് മേഖലയിൽ എത്തിക്കുകയും ചെയ്യുക.
- കഴിഞ്ഞമാസം യൂട്യൂബ് ചാനലിലേക്ക് പ്രോഗ്രാം നൽകിയവർക്ക് നന്ദി അറിയിക്കുന്നു. മാർച്ച് മാസം കാഞ്ഞങ്ങാട്, കാസർഗോഡ് മേഖലക ളിൽനിന്ന് ഓൺലൈഫ് മീഡിയയിലേക്ക് പരിപാടികൾ നൽകേണ്ടതാണ്.
- ജീവാഗ്നി ധ്യാനത്തിൽ പങ്കെടുക്കാനുള്ളവരുടെ ലിസ്റ്റ് മേഖലയിൽ നൽകുകയും അതിരൂപതാ ഓഫീസിൽ അറിയിക്കുകയും ചെയ്യുക.

### 11. ഹൃദ്യമായ സ്വാഗതം

പുതുതായി ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ഡയറക്ടർമാരായി നിയ മിതരായിരിക്കുന്ന ബഹു. വൈദികർ

| | |
|---|---|
| റവ. ഫാ. ജോസഫ് കൊളുത്താപ്പള്ളി | - കാസർഗോഡ് |
| റവ. ഫാ. ഫ്രാൻസിസ് റാത്തപ്പള്ളി | - മണിക്കടവ് |
| റവ. ഫാ. ജോർജ് വെള്ളരിങ്ങാട്ട് | - മാലോം |
| റവ. ഫാ. സ്കറിയ ചക്കനാനിക്കൽ | - നെല്ലിക്കാംപൊയിൽ |

പുതുതായി ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ആനിമേറ്റർമാരായി നിയമി തരായിരിക്കുന്ന ബഹു. സിസ്റ്റേഴ്സ്

| | |
|---|---|
| റവ. സി. റോസിലി മാത്യു സി.എച്ച്.എഫ് | - കാസർഗോഡ് |
| റവ. സി. ടിസ്സി എസ്.എ.ബി.എസ് | - മണിക്കടവ് |
| റവ. സി. ലിറ്റി എഫ്.സി.സി | - വെള്ളരിക്കുണ്ട് |
| റവ. സി. ഡൈനീഷ് എം.എസ്.എം.ഐ | - മാലോം |

ഏവർക്കും ഹൃദ്യമായ സ്വാഗതമാശംസിക്കുന്നു...

**III. അമല പ്രോലൈഫ് :** മാർച്ച് 5 - 8 വരെ ഗർഭസ്ഥ ശിശുക്കളുടെ മാതാപിതാക്കൾക്കുവേണ്ടി ഓൺലൈൻ ധ്യാനം ഉണ്ടായിരിക്കുന്നതാണ്. വൈകുന്നേരം 6 മുതൽ 8 വരെയാണ് ധ്യാനം നടക്കുന്നത്. രജിസ്ട്രേഷൻ സൗജന്യമായിരിക്കും. രജിസ്റ്റർ ചെയ്യുവാൻ : **9048993703** എന്ന നമ്പറി ലേക്ക് ജീവാഗ്നി ധ്യാനം എന്നെഴുതി പേര്, വീട്ടുപേര്, ഇടവക, ഫോൺ നമ്പർ എന്നിവ വാട്ട്സ് ആപ്പ് ചെയ്യുക.

**പ്രോലൈഫ് സന്ധ്യ :** ജീവൻ ദൈവത്തിന്റെ ദാനം എന്ന വിഷയത്തെ ക്കുറിച്ച് ക്ലാസ്, ആരാധന എന്നിവ അതിരൂപതാ പ്രൊലൈഫ് ടീം ഇടവക കളിൽ നടത്തുന്നതാണ്. ബന്ധപ്പെടേണ്ട നമ്പർ : **9497261989**

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
*ഡയറക്ടർ*

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## ആദരാഞ്ജലികൾ



വീർപാട് സെന്റ് സൈബാസ്റ്റ്യൻസ് യുപി സ്കൂളിലെ അധ്യാപികയായ ശ്രീമതി. നിഷ എം.ടി 14.02.2023 ന് ദൈവസന്നിധിയിലേക്ക് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. നിഷ ടീച്ചറിന്റെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളെയും അധ്യാപകരെയും വിദ്യാർത്ഥികളെയും അനുശോചനമറിയിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

അരീക്കമല സെന്റ് ജോസഫ്സ് എൽ.പി. സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥിയായ ആര്യനന്ദ കെ.പി. 17.02.2023 ന് ദൈവസന്നിധിയിലേക്ക് യാത്രയായി. ആര്യനന്ദയുടെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളെയും അധ്യാപകരെയും സഹപാഠികളെയും അനുശോചനമറിയിക്കുന്നു. ആദരാഞ്ജലികൾ

## യാത്രയയപ്പ് സമ്മേളനം

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ വിദ്യാലയങ്ങളിൽ സ്തുത്യർഹമായ രീതിയിൽ സേവനം അനുഷ്ഠിച്ചതിനു ശേഷം വിരമിക്കുന്ന അധ്യാപക അനധ്യാപകരെ ആദരിച്ചു. 25/02/2023 ശനിയാഴ്ച സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ അതിരൂപത വികാരി ജനറാൾ ഫാ. സെബാസ്റ്റ്യൻ പാലാക്കുഴി അധ്യക്ഷനായിരുന്നു. അധ്യാപനം എന്നത് വലിയ സത്കർമ്മമാണെന്നും ജനമനസ്സുകളിൽ ഇടം തേടിയ മറ്റൊരു ഉദ്യോഗസ്ഥരും ഇല്ലായെന്നും തലമുറകളെ രൂപപ്പെടുത്തുന്നത് വിദ്യാലയങ്ങൾ ആണെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി സമ്മേളനം ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസമെന്നത് ജീവിതം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രക്രിയയാണെന്നും ഇതിൽ അധ്യാപകരുടെ പങ്ക് വലുതാണെന്നും മഹത്തായ ഈ കർമ്മത്തിൽ ജീവിതം സമർപ്പിച്ച ശിഷ്യഗണത്തിനും താങ്ങും

തണലുമായ നിങ്ങൾ ഈ കാലഘട്ടത്തിലെ പൊതു സമൂഹത്തിനും താങ്ങും തണലുമാകാൻ കഴിയട്ടെയെന്ന് ആശംസിച്ചു.

വായാട്ടുപറമ്പ യുപി സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ബെന്നി മാത്യു അറബി സെന്റ് ജോസഫ്സ് യുപി സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. തോമസ് എൻ.ജെ. എന്നിവർ വിരമിക്കുന്ന അധ്യാപകർക്ക് ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് വിരമിക്കുന്ന അധ്യാപക അനധ്യാപകർക്ക് ഉപഹാരങ്ങൾ നൽകി. ഒപ്പം ഈ വർഷം കോർപ്പറേറ്റ് തലത്തിൽ അവാർഡ് നേടിയ സ്കൂളുകൾക്കും അധ്യാപക അനധ്യാപകർക്കും പിടിഎയ്ക്കുമുള്ള അവാർഡുകളും വിതരണം ചെയ്തു. വെളിമാനം ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ശ്രീ. ഷാജി ചെറിയാൻ സർവ്വീസിൽ നിന്നും വിരമിക്കുന്നവർക്കു വേണ്ടി മറുപടി പ്രസംഗം നടത്തി. കാത്തലിക ടീച്ചേഴ്സ് ഗിൽഡ് സെക്രട്ടറി ശ്രീ. അഗസ്റ്റിൻ കെ ജോസഫ് സമ്മേളനത്തിന് നന്ദി പറഞ്ഞു.

**സർവ്വീസിൽ നിന്നും വിരമിക്കുന്നവർ**

| | | | |
|---|---|---|---|
| 1. സെലസ്റ്റിൻ ജോൺ | പ്രിൻസിപ്പാൾ | കിളിയന്തറ HSS | 31/05/2023 |
| 2. ത്രേസ്യ സി.വി | പ്രിൻസിപ്പാൾ | മേരിഗിരി HSS | 31/03/2023 |
| 3. ഷാജി കെ ചെറിയാൻ | പ്രിൻസിപ്പാൾ | വെളിമാനം HSS | 31/03/2023 |
| 4. ആന്റോ സി.എൽ | എച്ച്.എം HS | ചെമ്പന്തൊട്ടി HS | 31/05/2023 |
| 5. റോസിലി കെ.എ | എച്ച്.എം HS | തോമാപുരം HS | 31/05/2023 |
| 6. കുട്ടിയമ്മ ജോർജ് | എച്ച്.എം HS | വെളിമാനം HS | 31/05/2023 |
| 7. തോമസ് വി.വി | എച്ച്.എം HS | പേരാവൂർ HS | 31/03/2023 |
| 8. ജോസഫ് വർഗ്ഗീസ് | എച്ച്.എം | പുളിക്കുരുമ്പ UP | 31/03/2023 |
| 9. ലിസമ്മ ജോസഫ് | എച്ച്.എം | ജോസ്ഗിരി UP | 31/05/2023 |
| 10. ജെസ്സിക്കുട്ടി ജോസഫ് | എച്ച്.എം | ചെമ്പന്തൊട്ടി UP | 31/05/2023 |
| 11. സണ്ണി ജോൺ ടി | എച്ച്.എം | മണിക്കടവ് UP | 31/05/2023 |
| 12. ജോണി എം.എം | എച്ച്.എം | പെരുമ്പുന്ന UP | 30/04/2023 |
| 13. ലില്ലി കെ.എം | എച്ച്.എം | അടിച്ചുവാരി LP | 31/05/2023 |
| 14. സൂസമ്മ വി.എൽ | എച്ച്.എം | ഭീമനടി LP | 30/04/2023 |
| 15. ഷർളി ഫ്രാൻസിസ് | എച്ച്.എസ്.എസ്.ടി സുവോളജി | വെളിമാനം HSS | 31/5/20216 |
| 16. ലില്ലിക്കുട്ടി സി. | എച്ച്.എസ്.എസ്.ടി സുവോളജി | വെള്ളരിക്കുണ്ട് HSS | 31/5/2023 |
| 17. എൽസമ്മ ജെ. എടവൂർ | എച്ച്.എസ്.എസ്.ടി മാത്സ് | വെളിമാനം HSS | 31/3/2023 |
| 18. ഉഷ അലക്സ് | എച്ച്.എസ്.എസ്.ടി ഫിസിക്സ് | അങ്ങാടിക്കടവ് HSS | 31/05/2023 |
| 19. അന്നമ്മ മാത്യു | എച്ച്.എസ്.എസ്.ടി കെമിസ്ട്രി | തോമാപുരം HSS | 31/05/2023 |
| 20. തങ്കമ്മ ജേക്കബ് | എച്ച്.എസ്.ടി (പിഎസ്) | ചെമ്പന്തൊട്ടി HS | 31/03/2023 |
| 21. ബാബു സെബാസ്റ്റ്യൻ | എച്ച്.എസ്.ടി (പിഎസ്) | മേരിഗിരി HS | 30/04/2023 |

| | | | |
|---|---|---|---|
| 22. മേരിക്കുട്ടി പി ജെ | എച്ച്.എസ്.ടി (പി.എസ്) | പേരാവൂർ HS | 31/05/2023 |
| 23. ഷീല ജോർജ് | എച്ച്.എസ്.ടി (എൻ.എസ്) | ചെറുപുഴ HS | 31/03/2023 |
| 24. റോസമ്മ പി.എ. | എച്ച്.എസ്.ടി (എൻ.എസ്) | അങ്ങാടിക്കടവ് HS | 31/05/2023 |
| 25. എൽസമ്മ കെ.എം | എച്ച്.എസ്.ടി (എൻ.എസ്) | വായാട്ടുപറമ്പ HS | 31/03/2023 |
| 26. ആനി ജോസഫ് | എച്ച്.എസ്.ടി (എൻ.എസ്) | വെളിമാനം HS | 31/03/2023 |
| 27. തങ്കമ്മ ജോസഫ് | എച്ച്.എസ്.ടി (എൻ.എസ്) | വായാട്ടുപറമ്പ HS | 31/05/2023 |
| 28. ബീന തോമസ് | എച്ച്.എസ്.ടി (എൻ.എസ്) | കൊളക്കാട് HS | 31/05/2023 |
| 29. സിജി ജോർജ് | എച്ച്.എസ്.ടി (മാത്സ്) | കൊളക്കാട് HS | 31/05/2023 |
| 30. ലൈസമ്മ ഫ്രാൻസിസ് | എച്ച്.എസ്.ടി (മലയാളം) | മണിക്കടവ് HS | 31/05/2023 |
| 31. രഞ്ചിത്ത് പി.എം | എച്ച്.എസ്.ടി (മലയാളം) | കൊളക്കാട് HS | 31/05/2023 |
| 32. ലിസ്സി വി.ജെ | എച്ച്.എസ്.ടി (എസ്.എസ്) | കൊളക്കാട് HS | 31/05/2023 |
| 33. മിനി കെ തോമസ്സ് | എച്ച്.എസ്.ടി (ഹിന്ദി) | ചെമ്പേരി HS | 31/05/2023 |
| 34. സിസിലി സെബാസ്റ്റ്യൻ | നീഡിൽ വർക്ക് | പാലാവയൽ HS | 31/03/2023 |
| 35. റോസമ്മ പി ജെ | നീഡിൽ വർക്ക് | മണിക്കടവ് HS | 31/05/2023 |
| 36. തോമസ് എം.ടി | ഡ്രോയിങ്ങ് | പേരാവൂർ HS | 31/03/2023 |
| 37. ജോസ് ടി.എസ് | യുപിഎസ്ടി | തോമാപുരം HS | 31/05/2023 |
| 38. ലിസി വി.എം | യുപിഎസ്ടി | കച്ചേരിക്കടവ് UP | 31/05/2023 |
| 39. സോളി ജോസ് വി | യുപിഎസ്ടി | മഞ്ഞളാംപുറം UP | 31/05/2023 |
| 40. ലിസമ്മ പി.സി | ജെ.എൽ.ടി ഹിന്ദി | ചെമ്പേരി HS | 30/04/2023 |
| 41. ലിസ്സി കെ.വി | ജെ.എൽ.ടി ഹിന്ദി | കുന്നോത്ത് UP | 31/05/2023 |
| 42. ജെയിംസ് കെ.ജി | ജെ.എൽ.ടി സംസ്കൃതം | കാപ്പാട് UP | 31/05/2023 |
| 43.സലിമ്മ ആന്റണി | എൽപിഎസ്ടി | വീർപാട് UP | 31/03/2023 |
| 44. ജെസ്സി മോൾ വി.കെ | എൽപിഎസ്ടി | പുലിക്കുരുമ്പ UP | 31/05/2023 |
| 45. ബീന ജോസഫ് കെ | എൽപിഎസ്ടി | അങ്ങാടിക്കടവ് UP | 31/05/2023 |
| 46. ലിസ്സി കെ.എം | എൽപിഎസ്ടി | മഞ്ഞളാംപുറം UP | 31/05/2023 |
| 47. ലില്ലി കെ.ടി | എൽപിഎസ്ടി | കാപ്പാട് UP | 31/03/2023 |
| 48. സാലി കുരുവിള എം | എൽപിഎസ്ടി | ഉദയഗിരി UP | 31/05/2023 |
| 49. ജോർജ്ജ് എം.പി | ലാബ് അറ്റന്റർ | പേരാവൂർ HSS | 30/04/2023 |
| 50. പീറ്റർ അഗസ്റ്റിൻ | ക്ലർക്ക് | ചെമ്പന്തൊട്ടി HSS | 31/03/2023 |
| 51. ജോയിച്ചൻ.എസ് | ക്ലർക്ക് | പുലിക്കുരുമ്പ HS | 31/05/2023 |
| 52. തോമസ് ടി.ജെ | ഓഫീസ് അറ്റന്റന്റ് | വായാട്ടുപറമ്പ HS | 31/05/2023 |
| 53. സുകുമാരൻ പി.ആർ | ഓഫീസ് അറ്റന്റന്റ് | കൊളക്കാട് HS | 31/05/2023 |
| 54. ബാബു ഐസക് | ഓഫീസ് അറ്റന്റന്റ് | നെല്ലിക്കുറ്റി UP | 30/04/2023 |

## മികച്ച വിദ്യാലയങ്ങൾക്കുള്ള അവാർഡുകൾ

2022-23 അധ്യായന വർഷത്തെ വിദ്യാലയ വിലയിരുത്തൽ റിപ്പോർട്ടുകൾ പരിശോധിച്ച് ഏറ്റവും മികച്ച വിദ്യാലയങ്ങളെ കണ്ടെത്തി. അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾ നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും നടക്കുന്നു. നമ്മുടെ സ്കൂളുകളെ മികവോടെ മുന്നോട്ടു കൊണ്ടുപോകുന്ന ബഹു.

മാനേജർമാർക്കും പ്രധാനാധ്യാപകർക്കും സ്റ്റാഫ് അംഗങ്ങൾക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും.

ഈ വർഷം കോർപ്പറേറ്റ് തലത്തിൽ അവാർഡു നേടിയ സ്കൂളുകളുടെയും അധ്യാപക – അനധ്യാപകരുടെയും പിടിഎ കളുടെയും പേര് താഴെ ചേർക്കുന്നു.

**എൽ.പി വിഭാഗം :** സെന്റ് തോമസ് എൽ.പി എസ് തോമാപുരം
സെന്റ് മേരീസ് എൽ.പി.എസ് എടൂർ
നിർമ്മലഗിരി എൽ.പി സ്കൂൾ വള്ളരിക്കുണ്ട്

**യുപി വിഭാഗം :** വയത്തൂർ യു.പിഎസ് ഉളിക്കൽ
സെന്റ് ജോസഫ്സ് യുപിഎസ് കുന്നോത്ത്
സെന്റ് ജോൺസ് യുപി എസ് തൊണ്ടിയിൽ

**ഹൈസ്കൂൾ വിഭാഗം :** സെന്റ് തോമസ് എച്ച്.എസ് മണിക്കടവ്
സെന്റ് മേരീസ് എച്ച്.എസ് എടൂർ
സെന്റ് ജോസഫ്സ് എച്ച്.എസ് പേരാവൂർ

**ഹയർസെക്കണ്ടറി വിഭാഗം :** സെന്റ് മേരീസ് എച്ച്.എസ്.എസ് എടൂർ
സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ് വെളിമാനം
ബി.വി.ജെ.എം എച്ച്.എസ്.എസ് പെരുമ്പടവ്

**ചെറിയ സ്കൂളുകളുടെ വിഭാഗം :** കാരിസ് യു.പി. സ്കൂൾ മാട്ടറ
സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ നെല്ലിക്കാംപൊയിൽ
സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.എസ്. ചരൾ

**പിടിഎ അവാർഡ്:** സെന്റ് ജൂഡ്സ് ഹൈസ്കൂൾ വെള്ളരിക്കുണ്ട്
ഗാന്ധി മെമ്മോറിയൽ യുപി സ്കൂൾ നെല്ലിക്കുറ്റി
സെന്റ് സെബാസ്റ്റ്യൻസ് യു.പി.എസ്. കാപ്പാട്

**അധ്യാപകർക്കുള്ള അവാർഡുകൾ**

**മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എക്സലൻസ് അവാർഡുകൾ**

ഡോ. മെൻഡലിൻ മാത്യു, പ്രിൻസിപ്പാൾ,
സെന്റ് ജോൺസ് എച്ച്.എസ് പാലാവയൽ

ശ്രീ. ആന്റോ സി.എൽ., ഹെഡ്മാസ്റ്റർ
സെന്റ് ജോർജ് എച്ച്.എസ് എചമ്പന്തൊട്ടി

ശ്രീമതി. റോസമ്മ പി.ഡി., ഹെഡ്മിസ്ട്രസ്സ് മഞ്ഞളാംപുറം യുപി

ശ്രീമതി. സൂസമ്മ വി.എൽ ഹെഡ്മിസ്ട്രസ്സ്,
വിമല എൽ.പി സ്കൂൾ ഭീമനടി

ശ്രീ. റോബിൻ ജോസഫ് പി., എച്ച്.എസ്.ടി,
സെന്റ് തോമസ് എച്ച്.എസ് മണിക്കടവ്

**പ്രത്യേക പുരസ്കാരം :** ശ്രീ. പീറ്റർ അഗസ്റ്റിൻ, ക്ലർക്ക് സെന്റ് ജോർജ് എച്ച്.എസ് ചെമ്പന്തൊട്ടി.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# നിർമ്മലഗിരി കോളേജ്
## കൂത്തുപറമ്പ്

### പേട്രൻസ് ഡേ സെലിബ്രേഷൻസ്

നിർമലഗിരി കോളേജിൽ നാലാം നാക് അക്രഡിറ്റേഷനു വേണ്ട ഒരുക്കങ്ങൾക്കിടയിൽ സംഘടിപ്പിക്കപ്പെട്ട പേട്രൻസ് ഡേ സെലിബ്രേഷൻസ് ഹൃദ്യവും വേറിട്ടതുമായി. പ്രൗഢഗംഭീരമായ ചടങ്ങിൽ തലശ്ശേരി ആർച്ച് ബിഷപ്പും നിർമലഗിരി കോളേജ് രക്ഷാധികാരിയുമായ മാർ ജോസഫ് പാംപ്ലാനി വിശിഷ്ടാതിഥി ആയിരുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്ന വലിയ മനസ്സിന് ഉടമകളാകണമെന്നും നിസാര കാര്യങ്ങൾക്കുവേണ്ടി ജീവിതവും സമയവും മാറ്റിവയ്ക്കരുതെന്നും തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി മുഖ്യപ്രഭാഷണത്തിൽ ഓർമ്മിപ്പിച്ചു. ആകാശം പോലെ വിശാലമായ ഹൃദയമില്ലെങ്കിലും പലതരം വ്യക്തികളെ ഉൾക്കൊള്ളാൻ പാകത്തിലുള്ള തുറവിയുള്ളവരാകണം എല്ലാവരുമെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ കോളേജ് മാനേജർ മോൺ. ആന്റണി മുതുകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ.വി ഔസേപ്പച്ചൻ ആമുഖഭാഷണം നടത്തി. കോളേജ് ബർസാർ റവ. ഫാ. ഷാജി തെക്കേമുറി നിർമലഗിരി സയൻസ് ആൻഡ് അക്കാദമി അസി. പ്രൊഫ. സിസ്റ്റർ ഡോ. മിനിമോൾ ജോസഫ് എന്നിവർ ആശംസകൾ നേർന്നു. സ്റ്റാഫ് അസോസിയേഷൻ പ്രതിനിധി ഷിനിൽ കുര്യാക്കോസ് അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് പ്രതിനിധി ഫാ. അനീഷ് സി. എ. പേട്രന് ഉപഹാരങ്ങൾ നല്കി. സ്റ്റാഫ് അസോസിയേഷൻ വൈസ് പ്രസിഡന്റ് അസി. പ്രൊഫ. സിസ്റ്റർ സോണിയ ഫിലോമിന സ്വാഗതവും അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് അസോസിയേഷൻ പ്രസിഡന്റ് തോമസ് എം.ജെ നന്ദിയും പറഞ്ഞു.

## പൂർവവിദ്യാർത്ഥി സംഗമം

ഫെബ്രുവരി നാലിന് മാത്തമാറ്റിക്സ് അസോസിയേഷൻ പൂർവവിദ്യാർത്ഥി സംഗമം സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ.വി ഔസേപ്പച്ചൻ ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ കോളേജ് ബസാർ ഫാ. ഷാജി തെക്കേമുറി മുഖ്യാതിഥി ആയിരുന്നു. വകുപ്പ് അധ്യക്ഷ ഡോ. റിൻസി കുര്യൻ, ഐ. ക്യു. എ. സി കോഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ എന്നിവർ ആശംസകൾ നേർന്നു. പ്രസ്തുത പരിപാടിയിൽ ഏകദേശം 75,000ത്തോളം രൂപ വിലയുള്ള അലമാരയും പുസ്തകങ്ങളും പൂർവ്വ വിദ്യാർത്ഥികൾ ഡിപ്പാർട്ടുമെന്റിന് വേണ്ടി സംഭാവന ചെയ്തു.

## ലൈഫ് സയൻസ് അക്കാദമി; വിക്ടറി ഡേ ആഘോഷങ്ങൾ

ഫെബ്രുവരി 6 നു ലൈഫ് സയൻസ് അക്കാദമിയുടെ വിക്ടറി ഡേ ആഘോഷങ്ങൾ കോളേജ് ബർസാർ ഫാ. ഷാജി തെക്കേമുറിയിൽ ഉദ്ഘാടനം ചെയ്തു. കെ. വി. ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ച പരിപാടിയിൽ ശ്രീ. വിനീഷ് സെബാസ്റ്റ്യൻ സ്വാഗതവും കോളേജ് മുൻ പ്രിൻസിപ്പൽ ഡോ. ജോസ്ലെറ്റ് മാത്യു മുഖ്യപ്രഭാഷണവും നടത്തി. തുടർന്ന് കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

## കമാന്റിംഗ് ഓഫീസർ കേണൽ ശർമ കോളേജ് സന്ദർശിച്ചു

ഫെബ്രുവരി 9 നു എൻ.സി.സിയുടെ ആഭിമുഖ്യത്തിൽ കമാന്റിംഗ് ഓഫീസർ കേണൽ ശർമ കോളേജ് സന്ദർശിച്ചു.

## പറവകൾക്കിത്തിരി കുടിനീർ

നിർമലഗിരി കോളേജ് എൻ.എസ്.എസ് യൂണിറ്റ് 25 & 26 ഉം കോളേജ് മാനേജ്മെന്റും സംയുക്തമായി പ്രകൃതിയിലെ ജീവജാലങ്ങൾക്ക് ദാഹജലം ഉറപ്പുവരുത്തുന്നതിനായി പറവകൾക്കിത്തിരി കുടിനീര് എന്ന പദ്ധതി നടപ്പിലാക്കി. കോളേജ് പ്രിൻസിപ്പൽ ഡോ. ജോസഫ്, ദീപ്തി എലിസബത്ത് കെ. എന്നിവർ സംസാരിച്ചു. തുടർന്ന്, കോളേജ് ക്യാമ്പസിലെ വിവിധ ഭാഗങ്ങളിലായി സ്റ്റാന്റുകൾ സ്ഥാപിച്ച് വെള്ളം വെച്ചു. വിദ്യാർത്ഥികളിൽ ജീവജാലങ്ങളോട് അനുകമ്പയും കരുണയും വളർത്തുക എന്നതാണ് പരിപാടിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

## കോളേജ് ഫൈൻ ആട്സ്: ചിരാത്

കോളേജ് ഫൈൻ ആട്സ് ഫെബ്രുവരി 13 നു വിപുലമായി നടത്തപ്പെട്ടു. ഡിപ്പാർട്ടുമെന്റ് അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾ വിവിധ കലാമത്സരങ്ങളിൽ പങ്കെടുത്തു. ചിരാത് എന്ന പേരിൽ നാല് വേദികളിലായി

കോളേജ് യൂണിയന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട കലാമത്സരങ്ങളിൽ കെമിസ്ട്രി വിഭാഗം ഒന്നാംസ്ഥാനം കരസ്ഥമാക്കി.

### ലോക മാതൃഭാഷാ ദിനാചരണം

ലോക മാതൃഭാഷാ ദിനാചരണ ആഘോഷങ്ങളോടനുബന്ധിച്ചുള്ള മലയാള വിഭാഗം ഫെബ്രുവരി 21 നു മാറുന്ന മലയാളവും മലയാളികളും എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിച്ചു. നിർമലഗിരി ആർട്സ് ആൻഡ് സയൻസ് അക്കാദമി വൈസ് പ്രിൻസിപ്പാൾ ഡോ. ടെസ്സി ജോർജ് പ്രഭാഷണം നടത്തി. കോളേജ് വൈസ് പ്രിൻസിപ്പാൾ ഫാ. ഡോ. ജോബി ജേക്കബ് അധ്യക്ഷത വഹിച്ചു. വകുപ്പദ്ധ്യക്ഷ ഡോ. ദീപമോൾ മാത്യു റവ. ഡോ. മാർട്ടിൻ ജോസഫ്, കോളേജ് യൂണിയൻ ചെയർമാൻ സഞ്ജയ് ഷാജി, അന്വിത എന്നിവർ സംസാരിച്ചു.

### എത്നിക്ഡേ

ഫെബ്രുവരി 22 നു കോളേജിൽ എത്നിക് ഡേ ആഘോഷങ്ങൾ സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. കെ.വി ഔസേപ്പച്ചൻ ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. പാരമ്പര്യ വേഷങ്ങൾ അണിഞ്ഞെത്തിയ വിദ്യാർത്ഥികൾ നമ്മുടെ സാംസ്കാരിക തനിമയുടെ നേർകാഴ്ചയായി.

### ബാസ്ക്റ്റ്ബോൾ കോർട്ട് ഉദ്ഘാടനം

ഫെബ്രുവരി 24 നവീകരിച്ച ബാസ്കറ്റ്ബോൾ കോർട്ടിന്റെ ഉദ്ഘാടനം കോളേജ് മാനേജർ ആന്റണി മുതുകുന്നേൽ നിർവഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അദ്ധ്യക്ഷത വഹിച്ചു. ഉദ്ഘാടനത്തോട് അനുബന്ധിച്ച് നടന്ന പ്രദർശന മത്സരത്തിൽ ചെറുപുഷ്പം, ചന്ദനക്കാംപാറ സീനിയേഴ്സും എസ്.ഇ.എസ് ശ്രീകണ്ഠപുരവും തമ്മിൽ ഏറ്റുമുട്ടി.

**പി ആർ ഒ**
നിർമലഗിരി കോളേജ്

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com

ചെമ്പേരി, വെള്ളരിക്കുണ്ട്

**മെഡിക്കൽ - എൻജിനീയറിങ് എൻട്രൻസ് ക്രാഷ് കോഴ്സ്**

ചെമ്പേരി വിമൽജ്യോതി എൻജിനീയറിങ് കോളേജും സാൻജോസ് അക്കാഡമിയും ചേർന്ന നടത്തുന്ന മെഡിക്കൽ എൻജിനീയറിങ് ക്രാഷ് കോഴ്സ് ഏപ്രിൽ ഒന്നിന് ആരംഭിക്കുന്നു.

**മൂന്ന് സെന്ററുകളിൽ ക്രാഷ് കോഴ്സ് ലഭ്യമാണ്.**

1. ചെമ്പേരി വിമൽജ്യോതി എൻജിനീയറിങ് കോളേജ്
2. ആലക്കോട് മേരി മാതാ കോളേജ്
3. വെള്ളരിക്കുണ്ട് സെന്റ് ജൂഡ് കോളേജ്

ഒരു സെന്ററിൽ 50 സീറ്റുകൾ മാത്രമാണുള്ളത്.
ആദ്യം ബുക്ക് ചെയ്യുന്ന 50 പേർക്കാണ് അവസരം ലഭിക്കുക.

**ക്രാഷ് കോഴ്സിന്റെ പ്രത്യേകതകൾ**

1. മുപ്പത് ദിവസം നീണ്ടുനിൽക്കുന്ന തീവ്ര പരിശീലനം.
2. ഓരോ വിഷയത്തിനും ഗുണമേന്മയുള്ള പുസ്തകങ്ങൾ
3. കേരളത്തിലെ പ്രഗത്ഭരായ ട്രെയിനേഴ്സിന്റെ പരിശീലനം
4. എല്ലാ ദിവസവും മോഡൽ പരീക്ഷകൾ.
5. കരിയർ ഗൈഡൻസ് ക്ലാസുകൾ.
6. പരീക്ഷ ഒരുക്ക കൗൺസിലിംഗ് സെഷൻസ്.
7. കോളേജ് ക്യാമ്പസിനുള്ളിൽ തന്നെ ഹോസ്റ്റൽ സൗകര്യം.

കോഴ്സ് ഫീസ് 15,000 രൂപ, അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

Sanjose Academy യിലെ German, IELTS ന്റെ പുതിയ ബാച്ചുകൾ എല്ലാ സെന്ററിലും ഏപ്രിൽ ഒന്നിന് ആരംഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക Mob: 8281 750 777 Mob: 8281 730 777

താഴെ കൊടുത്തിരിക്കുന്ന ലിങ്ക് വഴി സീറ്റ് ബുക്ക് ചെയ്യുക.
https://forms.gle/jcytLntiHFYDMED56

**ഫാ. സോണി വടശ്ശേരിൽ**
*ഡയറക്ടർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**സ്കോളർഷിപ്പുകൾക്ക് ഇപ്പോൾ അപേക്ഷ സമർപ്പിക്കാവുന്നതാണ്**

https://vjec.ac.in/scholarship/ എന്ന ലിങ്ക് വഴിയും QR കോഡ് സ്കാൻ ചെയ്തും പ്ലസ് വൺ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഇപ്പോൾ തന്നെ സ്കോളർഷിപ്പ് ആപ്ലിക്കേഷൻ സമർപ്പിക്കാവുന്നതാണ്.

SCAN TO APPLY

MAR JOSEPH PAMPLANY EDUCATIONAL SCHOLARSHIP

| SCHOLORSHIP | Total Marks Scored Plus One Physics, Mathematics, Chemistry Exams |
|---|---|
| Platinum Rs.2,65,400 Tution Fee 8650/- മാത്രം | 95% & Above Marks |
| Diamond Rs.1,50.000/- Tution Fee പകുതി മാത്രം 37500/- | 90% & Above Marks |
| Golden Rs. 60,000/- Yearly 15000/- | 85% Above Marks |
| Silver Rs. 40,000/- Yearly 10000/- | 80% Above Marks |

KEAM പരീക്ഷ പാസ്സാകുന്ന കുട്ടികൾക്ക് മാത്രമാണ് സ്കോളർഷിപ്പ് ലഭ്യമാവുക. എല്ലാ ബ്രാഞ്ചുകളിലും സ്കോളർഷിപ്പുകൾ ലഭ്യമാണ്. എന്നാൽ, കമ്പ്യൂട്ടർ സയൻസ്& എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് & ഡിസൈൻ, സൈബർ സെക്യൂരിറ്റി സയൻസ് & ഡിസൈൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & ഡാറ്റാ സയൻസ്, കമ്പ്യൂട്ടർ സയൻസ്&സൈബർ സെക്യൂരിറ്റി കമ്പ്യൂട്ടർ സയൻസ്&ബിസിനസ്സ് സിസ്റ്റം എന്നീ ബ്രാഞ്ചുകളിൽ മാത്രം 95% മാർക്കിൽ കൂടുതലുള്ള 10 കുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. പ്ലസ് ടു റിസൽട്ട് വന്നുകഴിഞ്ഞാൽ സ്കേളർഷിപ്പിന് പ്ലസ് ടു മാർക്ക് ആയിരിക്കും ബാധകം.

KEAM RANK SCHOLORSHIP 2023

KEAM Rank 1-5000 : Scholorship:Entire College Fee
Rank 5001-8000 : Scholorship: 2,65,400/- (66,350x4 year)
Tution Fee= Government Fee only
Rank 8001 - 10000 : Scholorship : 1,20,000/- (30000x 4 year
Rank 10001-20000 : Scholorship : 20,000/- (5000x4 year)

NBA, NAAC അക്രഡിറ്റേഷൻ ഉള്ള കേരളത്തിലെ ചുരുക്കം കോളേജുകളിൽ ഒന്നാണ് വിമൽ ജ്യോതി. കോവിഡിന്റെ പ്രത്യേക സാഹചര്യം ഉണ്ടായിട്ടും യോഗ്യരായ എല്ലാ കുട്ടികൾക്കും പ്രമുഖ കമ്പനികളിൽ പ്ലേസ്മെന്റ് നേടിക്കൊടുക്കാൻ ഈ വർഷവും കോളേജിനു സാധിച്ചിട്ടുണ്ട്. സ്കേളർഷിപ്പ്, അഡ്മിഷൻ, എൻട്രൻസ് കോച്ചിംഗ്, കരിയർ ഗൈഡൻസ് എന്നിവയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് 9846423448, 9400062919, 0490 2212240 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

Web:www.vjec.ac.in Email:admission@vjec.ac.in

## വിമൽജ്യോതി വിദ്യാർത്ഥിക്ക് അംഗീകാരം

നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് ഇന്ത്യാ ഗവൺമെന്റ് വിദ്യാഭ്യാസ മന്ത്രാലയം സ്കൂൾ, യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കായി രാജ്യവ്യാപകമായി നടത്തിയ ഓൺലൈൻ ചിത്രരചന മത്സരത്തിൽ മികച്ച 25 എൻട്രികൾ കേരളത്തിൽ നിന്ന് യാദവ് പനങ്കാവിൽ അർഹനായി. ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും കഴിഞ്ഞ ജനുവരി 25 ന് പ്രധാനമന്ത്രിയുടെ വസതിയിൽ നടന്ന വിജയികൾക്കായുള്ള വിരുന്നു സൽക്കാരത്തിലും 26 ന് നടന്ന റിപ്പബ്ലിക് ദിനപരേഡിലും പങ്കെടുത്തു.

ചിറക്കൽ പുതിയതെരുവിലെ പനങ്കാവിൽ ദിനേഷിന്റെയും രഞ്ജിനിയുടെയും മകനാണ്. വിമൽജ്യോതി എൻജിനീയറിംഗ് കോളേജ് കംപ്യൂട്ടർ സയൻസ് ഒന്നാം വർഷ വിദ്യാർത്ഥിയാണ്. ചിത്രരചനയ്ക്ക് പുറമേ സംഗീതവും മൃദംഗവും അഭ്യസിക്കുന്നുണ്ട്. പ്ലസ് വൺ വിദ്യാർത്ഥി മാനവ് സഹോദരനാണ്.

## എം ബി എ വാർത്തകൾ

കണ്ണൂർ ജില്ലയിലെ ഏക നാക് അക്രഡിറ്റഡ് മാനേജ്മെന്റ് സ്ഥാപനമായ വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അന്റ് റിസേർച്ചിൽ 2023–25 വർഷത്തേക്കുള്ള എംബിഎ പ്രവേശനത്തിനുള്ള നടപടികൾ ആരംഭിച്ചു. ബിരുദപഠനം പൂർത്തിയാക്കിയവർക്കും അവസാനവർഷ ബിരുദ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. ഡിഗ്രിക്ക് കുറഞ്ഞത് 70% മാർക്ക് എങ്കിലും വാങ്ങിയ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ സ്കോളർഷിപ്പുകളും ലഭ്യമാണ്. 80% മാർക്ക് വാങ്ങിയ മികച്ച വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഫീസിൽ വിമൽജ്യോതിയിൽ നിന്നും എംബിഎ പഠനം പൂർത്തിയാക്കാവുന്നതാണ്.

ആദ്യം അഡ്മിഷൻ എടുക്കുന്ന 20 പേർക്ക് ഗവൺമെന്റ് ഫീസിൽ (10500 രൂപ per semmester) അടുത്ത 20 പേർക്ക് ലാപ്ടോപ് സൗജന്യമായി ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക: **9497517396, 9656786719 +8111918367**.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**

*മാനേജർ*

# ഇൻഫാം

കാർഷിക മേഖലാ കടുത്തപ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോഴും യാതൊരു പരിഹാരമാർഗവുമില്ലാതെ ഭരണകർത്താക്കൾ ഇരുട്ടിൽതപ്പുകയാണ്. നമ്മുടെ നാടിനെ രക്തം വിയർപ്പാക്കി പടുത്തുയർത്തിയ ഒരു ജനത അവഗണനയ്ക്കും, ചൂഷണത്തിനും, അഴിമതിക്കും ഇരയായി അന്യരാജ്യങ്ങളിലേക്ക് പാലായനം ചെയ്യേണ്ടിവരുകയും പരദേശികളായി ജീവിക്കേണ്ടി വരുന്ന സാഹചര്യം എത്ര ഭീകരമാണ്. കാർഷിക മേഖലയിലെ തകർച്ചയ്ക്ക് പിന്നിലുള്ള ഗൂഢാലോചന തിരിച്ചറിയാൻ കർഷകജനതയ്ക്ക് സാധിച്ചില്ല. ഭരണകർത്താക്കളെ വിശ്വസിച്ചു. പക്ഷേ അധികാരം നിലനിർത്തുന്നതിനും ജനങ്ങളെ കൊള്ളയടിക്കുന്നതിനും ഇടത് വലത് വിത്യാസമില്ലാതെ മത്സരിക്കുകയാണ്. ഈ സാഹചര്യത്തിൽ അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിൽ കർഷകർ ഒരു സമ്മർദ്ദശക്തിയായി മാറുവാനും അവകാശങ്ങൾക്കായി ശബ്ദമുയർത്തുന്നതിനും ഇൻഫാമിന്റെ പ്രവർത്തനങ്ങൾക്ക് ഏവരുടേയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**ഇൻഫാം ജില്ലാ കമ്മറ്റി:** കർഷകർക്ക് എന്നും തലവേദനയായിരുന്ന വന്യമൃഗശല്യത്തിന് പരിഹാരമായി സോളാർ ഫെൻസിംങ്ങ് സ്ഥാപിക്കാൻ മുൻകൈയെടുത്ത പയ്യാവൂർ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സാജു സേവ്യറിനും, കാട്ടുപന്നികളെ വെടിവെയ്ക്കാൻ അനുവദിച്ച ഉളിക്കൽ പഞ്ചായത്ത് പ്രസിഡന്റ് പി.സി. ഷാജിക്കും ഇൻഫാമിന്റെ അഭിനന്ദനങ്ങൾ. റബ്ബർ ഇൻസന്റീവ് 250 രൂപയായി പ്രഖ്യാപിക്കണമെന്നും ഇൻസന്റീവ് അടിയന്തരമായി വിതരണം ചെയ്യണമെന്നും ഇൻഫാം ജില്ലാകമ്മറ്റി സർക്കാരിനോടാവശ്യപ്പെട്ടു.

സാമൂഹ്യ സുരക്ഷാപെൻഷനിൽ നിന്ന് 5 ലക്ഷത്തോളം കർഷകരെ ഒഴിവാക്കാനുള്ള നീക്കത്തിൽനിന്ന് സർക്കാർ പിന്തിരിയണമെന്നും ഇൻഫാം ആവിശ്യപ്പെട്ടു. കശുവണ്ടിയുടെ വില 150 രൂപ എങ്കിലും കർഷകർക്ക് ഉറപ്പാക്കുന്ന വിധത്തിൽ മാർക്കറ്റിൽ സർക്കാർ ഇടപെടലുകൾ ഉണ്ടായാൽ മാത്രമേ മലയോര കർഷകർക്ക് മുന്നോട്ട് ജീവിക്കാൻ സാധിക്കു.

**ശ്രീ. സ്കറിയ നെല്ലംകുഴിയിൽ**
*പ്രസിഡന്റ്*

**ഫാ. തോമസ് ചെരുവിൽ**
*ഡയറക്ടർ*

# കത്തോലിക്കാ കോൺഗ്രസ് (എ.കെ.സി.സി.)

## ഹാർട്ട് ലിംഗ്സ്

തലശ്ശേരി അതിരൂപത ഹാർട്ട് ലിംഗ്സ് കോ-ഓർഡിനേറ്ററും രൂപത വൈസ് പ്രസിഡണ്ടും ആയിരുന്ന ശ്രീ. ജോർജ് വടകര 28-02-2023 നിര്യാതനായി. രൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിലിന്റെ നേതൃത്വത്തിൽ ഭവനത്തിൽ വച്ച് ഒപ്പീസ് ചൊല്ലി അതിരൂപത നേതൃത്വം മുഴുവനും മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

അദ്ദേഹത്തിന്റെ മൃതസംസ്കാര ശുശ്രൂഷ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയുടെ മുഖ്യകാർമികത്വത്തിൽ നടന്നു. ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, രൂപത-ഗ്ലോബൽ-ഫൊറോന യൂണിറ്റ് ഭാരവാഹികളും പ്രവർത്തകരും നാനാജാതി മതസ്ഥരും അദ്ദേഹത്തിന്റെ ഭവനത്തിലും ദൈവാലയത്തിലും സെമിത്തേരിയിലും എത്തിച്ചേർന്നു. ജോർജ് സാറിന്റെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിച്ചതോടൊപ്പം കുടുംബാംഗങ്ങളുടെ ദുഃഖത്തിലും കത്തോലിക്കകോൺഗ്രസ് പങ്കുചേർന്നു.

മൃതസംസ്കാര ശുശ്രൂഷയ്ക്കുശേഷം സിമിത്തേരിയിൽ വെച്ച് തന്നെ അനുസ്മരണ സമ്മേളനവും നടന്നു. തളിപ്പറമ്പ ഫൊറോന പ്രസിഡണ്ട് അഡ്വ. കെ. ഡി. മാർട്ടിൻ അനുസ്മരണ സമ്മേളനത്തിനു നേതൃത്വം നൽകി. അതിരൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ എന്നിവരോടൊപ്പം നിരവധി രാഷ്ട്രീയ-സാമൂഹിക- സാംസ്കാരിക നേതാക്കൾ അനുസ്മരണ യോഗത്തിൽ സംസാരിച്ചു.

## ലഹരിക്കും മദ്യത്തിനും എതിരെയുള്ള പ്രചരണം

കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെയും, അതിരൂപത വനിത വിഭാഗത്തിന്റെയും യുവജന വിഭാഗത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പൈസക്കരി ദേവമാത

കോളേജിൽ വെച്ച് 'CAN' (Campaign Against Narcotism) എന്ന സെമിനാർ നടത്തി.

അതിരൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് സെമിനാർ ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ മുഖ്യ പ്രഭാഷണം നടത്തി.

വനിതാ വിഭാഗം അതിരൂപത പ്രസിഡണ്ട് അഡ്വ. ഷീജ സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു. പയ്യാവൂർ സർക്കിൾ ഇൻസ്പെക്ടർ എം.ജെ. ബെന്നി സെമിനാറിന് നേതൃത്വം നൽകി. പൈസക്കരി ഫൊറോന വികാരി ഫാ. നോബിൾ ഓണംകുളം അനുഗ്രഹപ്രഭാഷണം നടത്തി. ഗ്ലോബൽ വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി, രൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, ദേവമാതാ കോളേജ് പ്രിൻസിപ്പൽ എം.ജെ മാത്യു, അതിരൂപത സെക്രട്ടറി വർഗീസ് പള്ളിച്ചിറ, ഫൊറോന പ്രസിഡണ്ട് മൈക്കിൾ ചാണ്ടിക്കൊല്ലി എന്നിവർ പ്രസംഗിച്ചു.

## അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം

ഫെബ്രുവരി 16-ാം തീയതികളിൽ തലശ്ശേരി സന്ദേശഭവനിൽ വെച്ചും, 18,21 തീയതികളിൽ ഓൺലൈൻ ആയും അതിരൂപതാ എക്സിക്യൂട്ടീവ് നടന്നു.

## കേന്ദ്ര-കേരള ബഡ്ജറ്റിലെ ജനദ്രോഹ നടപടികൾക്കെതിരെയും കർഷക വിരുദ്ധ നടപടികൾക്കെതിരെയും കർഷക ജ്വാല

കേന്ദ്ര-കേരള ഗവൺമെന്റുകളുടെ ബഡ്ജറ്റുകൾ തീർത്തും ജനദ്രോഹ പരമാണ്. പൊതുസമൂഹത്തിന്റെയും, കർഷകരുടെയും ജീവിതപ്രശ്ന ങ്ങൾക്ക് പരിഹാരം ഉണ്ടാകുന്നതിനുവേണ്ടി സർക്കാരുകളുടെ സത്വരശ്രദ്ധ ആകർഷിക്കുവാൻ അതിശക്തമായ സമരങ്ങൾ ആരംഭിക്കുവാൻ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ കമ്മിറ്റിയും അതിരൂപത കമ്മിറ്റിയും തീരുമാനിച്ചു. അതിന്റെ ഭാഗമായി മാർച്ച് 18 ന് ഉച്ചകഴിഞ്ഞ് 3.30 ന് ആലക്കോട് വച്ച് രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ കർഷക റാലിയും ജ്വാല സമ്മേളനവും നടത്തുവാൻ തീരുമാനിച്ചു. ജ്വാലയുടെ ഉദ്ഘാടനം ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിക്കും. ഈ സമരപരിപാടിയുടെ വിജയത്തിനായി 19 ഫൊറോനകളുടെ കമ്മിറ്റി യോഗം വിളിച്ചു കൂട്ടുവാനും എല്ലാ യൂണിറ്റുകളിലും, ഫൊറോന കേന്ദ്രങ്ങളിലും കർഷക ജ്വാല നടത്തുവാനും യോഗം തീരുമാനിച്ചു.

| | |
|---|---|
| **അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ** | **ഫാ. ഫിലിപ്പ് കവിയിൽ** |
| *പ്രസിഡണ്ട്* | *ഡയറക്ടർ* |

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ.ഡി.എസ്.യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

### റിപ്പബ്ളിക് ദിനം: വാഹന പ്രചരണജാഥ

ജനുവരി 26ന് എടൂർ മേഖലയിലെ എല്ലാ ഇടവകകളിലൂടെയും മദ്യം മയക്കുമരുന്ന് ബോധവത്ക്കരണ വാഹന പ്രചരണ ജാഥ സംഘടിപ്പിച്ചു. കീഴ്പ്പള്ളി ടൗണിൽ രാവിലെ 9ന് ഫാ. ജോസ് പൂവന്നിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ അദ്ധ്യക്ഷത വഹിച്ചു. വൈകുന്നേരം 4 മണിക്ക് ഇരിട്ടി ടൗണിൽ വാഹനപ്രചരണ ജാഥ സമാപിച്ചു. സമാപന സമ്മേളനം ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ആന്റണി മേൽവെട്ടം, മേരി ആലയ്ക്കാമറ്റം എന്നിവർ പ്രസംഗിച്ചു.

### റിപ്പബ്ളിക് ദിനം: വാഹന പ്രചരണജാഥ

ജി.എസ്.യു. ആനിമേറ്റേഴ്സ് മീറ്റ് ഫെബ്രുവരി 4ന് സംഘടിപ്പിച്ചു. ഹയർ സെക്കണ്ടറിക്കാർക്കായ് സംഘടിപ്പിച്ച ത്രിദിന ക്യാമ്പ് അവലോകനം നടത്തി. മെയ് 4,5 തീയതികളിൽ സന്ദേശഭവനിൽ വച്ച് യു. പി വിഭാഗം കുട്ടികൾക്കായ് ത്രിദിന ക്യാമ്പ് നടത്തുവാൻ തീരുമാനിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ, ഫാ. സോണി വടശ്ശേരി, ടോണിസ് സാർ, ശോഭ ടീച്ചർ എന്നിവർ പ്രസംഗിച്ചു. ഫാ. മാത്യു ശാസ്താംപടവിൽ ഉദ്ഘാടനം നിർവഹിച്ചു.

### മതാദ്ധ്യാപകർക്ക് സെമിനാർ – ജനുവരി 27

ചെമ്പേരി: മതാദ്ധ്യാപകർക്ക് മദ്യ – ലഹരി ബോധവത്ക്കരണ സെമിനാർ നടത്തി. ജനുവരി 27ന് നടന്ന സെമിനാറിൽ ഡെന്നീസ് കൂട്ടുങ്കൽ അജീഷ് വാഴപ്പനാടിയിൽ എന്നിവരും ഡയറക്ടറച്ചനോടൊപ്പം ക്ലാസ്സെടുത്തു.

### ജൈവകൃഷി സംരംഭകർക്ക് സെമിനാർ – ജനുവരി 31

ദീപഗിരി : ജൈവകൃഷി സംരംഭകർക്ക് ഡയറക്ടറച്ചൻ മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവയുടെ ദോഷവശങ്ങളെക്കുറിച്ച് സെമിനാർ നയിച്ചു. ടോമി ഇരിട്ടി അദ്ധ്യക്ഷത വഹിച്ച സെമി

നാറിൽ ജോർജ് മണക്കാട്ടുചിറ, സലോമി കണിയാർവേലി എന്നിവർ പ്രസംഗിച്ചു.

**A. A മീറ്റിംഗ് വലിയ അരീക്കമലയിൽ :** ഫെബ്രുവരി 4ന് A. A മീറ്റിംഗ് നടന്നു. മദ്യരഹിതജീവിതം നയിക്കുന്നവർ ഒരുമിച്ചുകൂടി കോഡിനേറ്റർ ജോർജ് പിണക്കാട്ട്, ജോയ് മണക്കാട്ട്ചിറ എന്നിവരും ഡയറക്ടറച്ചനോടൊപ്പം ക്ലാസ്സ് എടുത്തു.

**ഏറ്റുപാറയിൽ മദ്യവിരുദ്ധ സന്ദേശം :** ഫെബ്രു. 5ന് ഏറ്റുപാറയിൽ മദ്യവിരുദ്ധ സന്ദേശം ഡയറക്ടറച്ചൻ നല്കി. തിരുനാളിനോടനുബന്ധമായി നടന്ന പൊതുപരിപാടിയിൽ ആണ് മുഖ്യപ്രഭാഷണം നടത്തിയത്.

**കണ്ണൂർ കലക്ട്രേറ്റ് മാർച്ചും ധർണ്ണയും ഫെബ്രുവരി 6**

K.C.B.C. മദ്യവിരുദ്ധ സമിതിയും മുക്തി ശ്രീ സംയുക്തമായി കലക്ട്രേറ്റ് മാർച്ചും ധർണ്ണയും നടത്തി. മദ്യാസക്തരുടെ കുടുംബങ്ങളെ കുരുതി കൊടുക്കുന്ന ഭരണകൂടത്തിനെതിരെയുള്ള താക്കീതായിരുന്ന് അത്. സംസ്ഥാന വക്താവ് ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ആന്റണി മേൽവെട്ടം അദ്ധ്യക്ഷത വഹിച്ചു. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ മുഖ്യപ്രഭാഷണം നടത്തി. ഷിനോ പാറയ്ക്കൽ ഷെൽസി കാവനാടിയിൽ, ജിൻസി കുഴിമുള്ളിൽ എന്നിവർ പ്രസംഗിച്ചു.

**എ.ഡി.എസ്.യു എക്സിക്യൂട്ടീവ് :** എ.ഡി.എസ്.യു എക്സിക്യൂട്ടീവ് മീറ്റിംഗ് ഫെബ്രു. 15ന് നടന്നു. മെയ് 4 മുതൽ 6 വരെ തലശ്ശേരിയിൽ നടക്കുന്ന മൂന്നുദിവസത്തെ ക്യാമ്പുകൾക്കുള്ള അടുത്ത ഒരുക്കങ്ങളെക്കുറിച്ച് ധാരണയായി. ഫെബ്രുവരി 19ന് പരീക്ഷ ഒരുക്ക സെമിനാർ നടത്തുവാൻ തീരുമാനിച്ചു.

**എ.ഡി.എസ്.യു എക്സിക്യൂട്ടീവ് മീറ്റിംഗ് :** എ.ഡി.എസ്.യു എക്സിക്യൂട്ടീവ് മീറ്റിംഗ് ഫെബ്രു. 15ന് ചെമ്പേരിയിൽ വച്ച് നടന്നു. ഡിസംബറിൽ നടന്ന ത്രിദിന ക്യാമ്പിന്റെ വിലയിരുത്തൽ നടന്നു. 101 കുട്ടികൾ പങ്കെടുത്ത ക്യാമ്പ് വലിയ വിജയമായിരുന്നു എന്നതിന്റെ തെളിവാണ് തുടർന്നു നടന്നുകൊണ്ടിരിക്കുന്ന പോസ്റ്റ് ക്യാമ്പ് ആക്ടിവിറ്റീസിൽ കുട്ടികളുടെ സജീവപങ്കാളിത്തമെന്ന് വിലയിരുത്തപ്പെട്ടു. ഫാ. മാത്യു ശാസ്താംപടവിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. ചാക്കോ കുടിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ടോണിസ് സാർ സ്വാഗതവും ശോഭടീച്ചർ നന്ദിയും പറഞ്ഞു.

**എ.ഡി.എസ്.യു പരീക്ഷ ഒരുക്ക സെമിനാർ :** ഫെബ്രുവരി 19ന് എ.ഡി.എസ്.യു പരീക്ഷ ഒരുക്ക സെമിനാർ നടന്നു. 68 ഓളം പേർ പങ്കെടുത്തു. ഫാ. ചാക്കോ കുടിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. സോണി വടശ്ശേരി സെമിനാർ നയിച്ചു. ടോണി സാർ, ശോഭടീച്ചർ, ജോയേൽ ജോൺ എന്നിവർ പ്രസംഗിച്ചു.

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ, പ്രതീക്ഷ

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ ഡയറക്ടർ

# എയ്ഞ്ചൽ ട്രസ്റ്റ്

**ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി സംഭാവന നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു**
(2023 ജനുവരി 20 – 2023 ഫെബ്രുവരി 23 വരെയുള്ള കണക്ക്)

| | |
|---|---|
| 1. Fathima Matha Church, Aryaparamba | 10,000/- |
| 2. St.Sebastians Church, Padimaruth | 5,000/- |
| 3. Saji Vayalamannil, Chempenthotty | 3,000/- |
| 4. St. Joseph Church, Josegiri | 10,000/- |
| 5. St. Francis Assissi Church, Melechovva | 10,000/- |

**പ്രത്യേക അറിയിപ്പ്**

2023 മാർച്ച് 31-ഓടു കൂടി ഈ സാമ്പത്തിക വർഷം പൂർത്തിയാകുന്ന തിനാലും, കഴിഞ്ഞ വർഷത്തെ സാമ്പത്തിക ഇടപാടുകളുടെ ഓഡിറ്റ് നടത്തേണ്ടതിനാലും എല്ലാ ഫൊറോനകളിൽ നിന്നുമുള്ള ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ് - ചെലവ് കണക്കുകളും, സാമ്പത്തിക സഹായങ്ങൾ ലഭിച്ചതിന്റെയും നൽകിയതിന്റെയും വിവരങ്ങളും അടുത്ത മാസം 5-ാം തീയതിക്കു മുമ്പായി ഇതോടൊപ്പം തന്നിരിക്കുന്ന മെയിൽ ഐഡിയിലേക്ക് അയയ്ക്കേണ്ടതാണ്. അതിനായി ഫൊറോനയിലെ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

E-mail : angeltrust50@gmail.com
കൂടുതൽ വിവരങ്ങൾക്ക് : +918281955563

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
*കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്*

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (ടി.എസ്.എസ്.എസ്.)

### ധനലക്ഷ്മി ബാങ്കിന്റെ BEST NGO AWARD TSSS-ന്

2022-23 വർഷത്തിൽ ധനലക്ഷ്മി ബാങ്ക് നടത്തിയ സാമ്പത്തിക സർവ്വെയിൽ മികച്ച ഓവറോൾ പെർഫോമൻസ് കാഴ്ച വച്ച NGO ആയി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ തെരഞ്ഞെടുത്തു. വടക്കൻ കേരളത്തിലെ വിവിധ ഓർഗനൈസേഷനുകൾ സാമൂഹ്യസേവനം, ആരോഗ്യം, വിദ്യാഭ്യാസം, കാർഷികം, പാർപ്പിടം തുടങ്ങിയ വിവിധ മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് ധനലക്ഷ്മി ബാങ്ക് ഇത്തരത്തിൽ സർവ്വെ സംഘടിപ്പിച്ചത്. 2022-23 വർഷത്തിൽ കാർഷിക മേഖലയിൽ മാത്രം 29 കോടിയോളം രൂപയുടെ വിതരണം തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി നടത്തിയിരുന്നു. ധനലക്ഷ്മി ബാങ്കിന്റെ മട്ടന്നൂർ ബ്രാഞ്ച് ഉദ്ഘാടനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ചടങ്ങിൽവച്ച് ധനലക്ഷ്മി ബാങ്ക് മാനേജിംഗ് ഡയറക്ടറും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ ശ്രീ. ജെ.കെ. ശിവൻ **BEST NGO AWARD** തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേലിന് നൽകി ആദരിച്ചു.

### TSSS മേഖലാ മീറ്റിംഗ്

ഈ വർഷത്തെ TSSS-ന്റെ ആദ്യ മേഖലാ മീറ്റിംഗുകൾ 2023 ഫെബ്രു. മാസത്തിൽ സംഘടിപ്പിച്ചു. 2023 ഫെബ്രുവരി 4 ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ചെമ്പേരി വച്ച് പൈസക്കരി, ചെമ്പേരി മേഖലകളുടെയും, ഫെബ്രു. 9 വ്യാഴാഴ്ച ഉച്ചയ്ക്ക് 2.30-ന് ആലക്കോട് വച്ച് മേരിഗിരി, ആലക്കോട് മേഖലകളുടെയും, വൈകുന്നേരം 4 മണിക്ക് ചെറുപുഴ മേഖലയുടെയും, ഫെബ്രുവരി 13 തിങ്കളാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് തോമാപുരം, ഉച്ചയ്ക്ക് 1.30-ന് വെള്ളരിക്കുണ്ട്, വൈകുന്നേരം 4 മണിക്ക് പനത്തടി മേഖലകളുടെയും, ഫെബ്രുവരി 14 ചൊവ്വാഴ്ച ഉച്ചയ്ക്ക് 2.30-ന് ഇരിട്ടി പള്ളി ഓഡിറ്റോറിയത്തിൽവച്ച് നെല്ലിക്കാംപൊയിൽ, എടൂർ, പേരാവൂർ മേഖലകളുടെയും മീറ്റിംഗുകളാണ് സംഘടിപ്പിച്ചത്.

**ജൽ ജീവൻ മിഷൻ പദ്ധതി:** എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധമായ കുടിവെള്ളമെത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരത്തോടെ നടപ്പിൽ വരുത്തുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആലക്കോട്, ചെറുപുഴ, ഉദയഗിരി, പനത്തടി, കള്ളാർ പഞ്ചായത്തുകളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത പഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത വാർഡുകളിൽ മീറ്റിംഗ് സംഘടിപ്പിക്കുകയും, എല്ലാ പഞ്ചായത്തുകളിലും പദ്ധതിയുടെ ബ്രോഷറുകൾ വിതരണം ചെയ്യുകയും, ബോധവൽക്കരണം നടത്തുകയും, ബാനറുകൾ സ്ഥാപിക്കുകയും ചെയ്തു.

## ആശാകിരണം ആരോഗ്യ ഇൻഷൂറൻസ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി വിവിധ ഇൻഷൂറൻസ് കമ്പനികളുമായി നിരന്തരം ബന്ധപ്പെട്ട് TSSS പ്രവർത്തകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മാത്രമായി പുതുതായി ആരോഗ്യ ഇൻഷൂറൻസ് പദ്ധതി പ്രത്യേകമായി ആരംഭിക്കുന്നു. അഞ്ച് ലക്ഷം രൂപ മുതൽ രണ്ട് കോടി രൂപവരെ പരിരക്ഷ ലഭിക്കുന്ന നിരവധി പോളിസികളാണ് ഈ പദ്ധതിയിലൂടെ TSSS ഒരുക്കുക. പ്രീമിയംതുക ഒന്നിച്ച് അടച്ച് അംഗത്വമെടുക്കുവാൻ സാധിക്കാത്ത TSSS പ്രവർത്തകർക്ക് അതാത് യൂണിറ്റുകളിൽ നിന്നും പലിശ രഹിത സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതാണ്. ഇൻഷൂറൻസിൽ അംഗത്വമെടുക്കുവാൻ മാത്രമായി നൽകുന്ന ഈ സഹായം നിശ്ചിത കാലയളവിനുള്ളിൽ തവണകളായി തിരിച്ചടയ്ക്കുന്നതിനുള്ള സൗകര്യവും TSSS-ന്റെ യൂണിറ്റുകൾ വഴി നൽകുന്നു. 2023 മാർച്ച് ആദ്യ ആഴ്ച മുതൽ വിവിധ ഇൻഷൂറൻസ് പോളിസികളെക്കുറിച്ച് പരിചയപ്പെടുത്തുന്നതിനും, അംഗങ്ങളെ ചേർക്കുന്നതിനാവശ്യമായ ട്രെയിനിംഗ് നൽകുന്നതിനും TSSS മേഖലാ ഓഫീസുകളിൽവച്ച് മീറ്റിംഗുകൾ സംഘടിപ്പിക്കുന്നു.

## ബ്രഷ് ബയോപ്സി - അർബുദ പരിശോധനാക്യാമ്പ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ വായിലെ കാൻസറിന് പ്രത്യേകമായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വായിലെ അർബുദ സാധ്യത കണ്ടെത്താനായി ബ്രഷ് ബയോപ്സി പരിശോധനയ്ക്കുള്ള സൗകര്യമാണ് 2023 മാർച്ച് മാസത്തിലെ തെരഞ്ഞെടുത്ത ദിവസങ്ങളിൽ പ്രത്യേകമായി ഒരുക്കുന്നത്. 2023 മാർച്ച് 03 വെള്ളിയാഴ്ച കരിക്കോട്ടക്കരി, മാർച്ച് 09 വ്യാഴാഴ്ച ചെമ്പേരി, മാർച്ച് 16 വ്യാഴാഴ്ച ബദിയടുക്ക, മാർച്ച് 23 വ്യാഴാഴ്ച മാലോം, മാർച്ച് 28 ചൊവ്വാഴ്ച മേരിഗിരി, മാർച്ച് 30 വ്യാഴാഴ്ച ചെറുപുഴ എന്നിവിടങ്ങളിലാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. രാവിലെ 10 മണി മുതൽ 12.30 വരെയാണ് ക്യാമ്പ് ഉണ്ടായിരിക്കുക. പരമാവധി 35 പേർക്ക് ഒരു ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. പുകവലി, മദ്യപാനം, വെറ്റില മുറുക്ക്, ഹാൻസ്, പാൻപരാഗ് തുടങ്ങിയവ ഉപയോഗിക്കുന്നവർ, വായിൽ ഉണങ്ങാത്ത മുറിവുകൾ ഉള്ളവർ, വായിൽ എരിച്ചിലോ, മറ്റു അസ്വസ്ഥതകളോ അനുഭവപെടുന്നവർ, വായിൽ വെളുത്ത/ചുവന്ന നിറ വ്യത്യാസങ്ങൾ ഉള്ളവർ തുടങ്ങിയവരെ പ്രസ്തുത ക്യാമ്പിൽ പരിശോധിക്കുകയും ബ്രഷ് ബയോപ്സി പരിശോധന നടത്തുകയും ചെയ്യുന്നു.

**കെ.എൽ.എം. വാർഷിക പൊതുയോഗം**

അസംഘടിത മേഖലകളിലെ തൊഴിലാളികൾക്കായി രൂപീകൃതമായ കേരള ലേബർ മൂവ്മെന്റ് (KLM) 2022-23 വാർഷിക ജനറൽ മീറ്റിംഗും പൊതുയോഗവും സംഘടിപ്പിച്ചു. മാനന്തവാടി രൂപത മെത്രാൻ മാർ ജോസ് പൊരുന്നേടം പിതാവും, പുനലൂർ രൂപതാ മെത്രാൻ മാർ സെൽവിസ്റ്റർ പൊന്നുമുത്തൻ പിതാവും മീറ്റിംഗിന്റെ ഉദ്ഘാടചടങ്ങിൽ പങ്കെടുത്തു. 2023 ഫെബ്രുവരി മാസത്തിൽ സംഘടിപ്പിച്ച ദ്വിദിന മീറ്റിംഗിൽ തലശ്ശേരി അതിരൂപതയെ പ്രതിനിധീകരിച്ച് ഫാ. ലൂക്കോസ് മാടശ്ശേരി, കെ.എൽ.എം. കോർഡിനേറ്റർ സി. ആഷ ജോർജ്, സ്റ്റാഫ് അംഗങ്ങളായ ജോജോ, അലീന, പ്രീതി എന്നിവരും മീറ്റിംഗിൽ സംബന്ധിച്ചു.

**ആദരവ് നൽകി**

വയനാട് വച്ച് നടന്ന സംസ്ഥാന ഹയർ സെക്കന്ററി സ്കൂൾതല വടംവലി മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ TSSS എടൂർ മേഖല സെക്രട്ടറി ശ്രീമതി ആശ ഷിബുവിന്റെ മകൾ ആൻ റോസ് ആന്റോ കാപ്പുങ്കലിനെ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആദരിച്ചു. എടൂർ, പേരാവൂർ, നെല്ലിക്കാംപൊയിൽ മേഖലകൾക്കായി ഇരിട്ടി പള്ളി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽവച്ച് TSSS ഡയറക്ടർ പൊന്നാടയണിയിക്കുകയും പാരിതോഷികം നൽകുകയും ചെയ്തു.

**ഓൺലൈൻ സ്റ്റാഫ് മീറ്റിംഗ്**

TSSS സ്റ്റാഫ് അംഗങ്ങൾക്കായി ഫെബ്രുവരി മാസത്തിൽ ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിച്ചു. സ്റ്റാഫ് അംഗങ്ങൾക്കുള്ള നിർദ്ദേശങ്ങളോടൊപ്പം വിവിധ പ്രൊജക്ടുകളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും മീറ്റിംഗിൽ ചർച്ച നടത്തുകയും ചെയ്തു.

**കാൻസർ പരിശോധനാക്യാമ്പ്**

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണവിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി വരുന്നു. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചുവരുന്നത്. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാരീതികളിലൂടെയും നിരവധിപേരെ രോഗമുക്തരാക്കാനും സഹായിക്കാനും ഇതുവഴി സാധിച്ചിട്ടുണ്ട്. 2023 മാർച്ച് 13 തിങ്കളാഴ്ച ചിറ്റാരിക്കൽ TSSS മേഖലാ ഓഫീസിൽ വച്ച് വായിലെ കാൻസറിനാണ് പരിശോധന സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ആലക്കോട് മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ബെന്നി നിരപ്പേൽ**

*ഡയറക്ടർ*

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**സന്ദർശനം**

തലശ്ശേരി അതിരൂപതയുടെ കർഷക കൂട്ടായ്മയായി പ്രവർത്തന മാരംഭിച്ച ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, ബിസിനസ് കൺസൾട്ടന്റ് ശ്രീ. ഷാജി എന്നിവർ തിരുവനന്തപുരം Small Farmers Agribusiness Consortium (SFAC) സന്ദർശിക്കുകയും, ഏറ്റവും സുലഭമായി വിളയിച്ചെടുക്കാവുന്ന മരച്ചീനിയിൽ നിന്ന് തയ്യാറാക്കി എടുക്കാവുന്ന വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തെക്കുറിച്ചും വിതരണശൃംഖലയെക്കുറിച്ചും ആശയവിനിമയം നടത്തുകയും ചെയ്തു.

**ദ്വിദിന ട്രെയിനിംഗ്**

തൃശ്ശൂർ വെള്ളാനിക്കര കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി (KAU) Agri Business Incubator-ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദ്വിദിന ട്രെയിനിംഗിൽ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ തെരഞ്ഞെടുത്ത 20-ഓളം അംഗങ്ങൾ വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണവും വിപണനവുമായി ബന്ധപ്പെട്ട് പരിശീലനം കരസ്ഥമാക്കി.

**ഫാർമേഴ്സ് ക്ലബ് രൂപീകരണ ചർച്ച**

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കർഷകരുടെ ഫാർമേഴ്സ് ക്ലബ് രൂപീകരണവുമായി ബന്ധപ്പെട്ട് കണ്ണൂർ കൃഷിഭവനിൽ സംഘടിപ്പിച്ച മീറ്റിംഗിൽ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയെ പ്രതിനിധീകരിച്ച് TSSS പ്രൊജക്ട് ഓഫീസർ ശ്രീ. തോമസ് ജോൺ, ബയോ മൗണ്ടൻ കമ്പനി ബിസിനസ്സ് കൺസൾട്ടന്റ് ശ്രീ. പി.സി. ഷാജി എന്നിവർ പങ്കെടുത്തു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*ചെയർമാൻ*

**ഫാ. ജോജോ പൊടിമറ്റം**
*കോർഡിനേറ്റർ*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ജനുവരി 2023

21 രാവിലെ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെട്ട ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദദാന ചടങ്ങ് നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം രത്നഗിരി ഇടവകയിൽ പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന്റെയും പാരീഷ് ഹാളിന്റെയും വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. തുടർന്ന് ചെമ്പന്തൊട്ടി ടൗണിൽവച്ച് ഇൻഫാമിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട കർഷക കൂട്ടായ്മയിൽ അധ്യക്ഷത വഹിച്ചു. ചെമ്പന്തൊട്ടി ഇടവകാംഗമായ വയലാമണ്ണിൽ സജിയുടെ ഭവനം സന്ദർശിച്ചു. 9 മണിയോടെ വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽവച്ച് നടത്തപ്പെട്ട വിമലാ ഹോസ്പിറ്റൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

22 രാവിലെ നെടുവാലൂർ ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ തറക്കല്ലിടൽ കർമ്മവും നിർവ്വഹിച്ചു. ഇടവകാ ജൂബിലിയുടെ ഭാഗമായി മാമ്പൊയിൽ ദൈവലയത്തിൽ ദിവ്യബലിയർപ്പിക്കുകയും നവീകരിച്ച കുരിശുപള്ളിയുടെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിക്കുകയും ചെയ്തു. തുടർന്ന് പുളിങ്ങോം ദൈവാലയത്തിൽവച്ച് എം.സി.ബി.എസ് സുപ്പീരിയർ ജനറാളായി നിയമിതനായ ഫാ. മാത്യു ഓലിക്കലിനെയും പ്രൊവിൻഷ്യാളായി നിയമിതനായ ഫാ. അഗസ്റ്റിൻ പായിക്കാട്ടിനെയും ആദരിക്കുന്ന ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം പച്ചാണി ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

23 മെൽബൺ രൂപതയുടെ പുതിയ മെത്രാൻ മാർ ജോൺ പനന്തോട്ടം പിതാവിനെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു. 10 മണിമുതൽ ആരംഭിച്ച പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. 4 മണിയോടെ കീഴ്പള്ളി ഇടവകാംഗമായ കുഞ്ഞുവർക്കിച്ചേട്ടന്റെ മൃതസംസ്കാര ശുശ്രൂഷയുടെ പള്ളിയിലെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് കുന്നോത്ത് യു.പി. സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

24 രാവിലെ വെളിമാനം സ്കൂളിൽവച്ച് നടത്തപ്പെട്ട അധ്യാപകരുടെ റിട്ടയർമെന്റ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് ഇരിട്ടിയിൽവച്ച് നടത്തപ്പെട്ട നസ്രത്ത് സന്ന്യാസിനിമാരുടെ വ്രതവാഗ്ദാന തിരുകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയോടെ കുന്നോത്ത് മേജർ സെമിനാരി

യിലെത്തി പുതുതായി നിർമ്മിക്കുന്ന ഓഡിറ്റോറിയത്തിനുള്ള സ്ഥലം സന്ദർശിച്ചു. തുടർന്ന് കുന്നോത്ത് ബയോമൗണ്ടൻ പ്രൊഡ്യൂസർ കമ്പനിക്കായി നിർമ്മിക്കുന്ന കെട്ടിടത്തിനുള്ള സ്ഥലം സന്ദർശിച്ചു. വൈകുന്നേരം തടിക്കടവ് ദൈവാലയത്തിൽ നടന്നുകൊണ്ടിരുന്ന അഖണ്ഡ ജപമാലയുടെ 365-ാം ദിനത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തടിക്കടവ് ഇടവകാംഗമായ ശ്രീ. കട്ടിക്കാനാ ജോസഫിന്റെ ഭവനം സന്ദർശിച്ചു. തുടർന്ന് നെല്ലിക്കാംപോയിലിൽ പണികഴിപ്പിച്ച മുട്ടത്തുകുന്നേൽ ബിജു അച്ചന്റെ ഭവനം വെഞ്ചരിച്ചു. നെല്ലിക്കാംപൊയിൽ ഇടവാകാംഗമായ പുത്തേട്ട് ചാക്കോയുടെ ഭവനം സന്ദർശിച്ചു.

25 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം യുറോപ്യൻ രാജ്യങ്ങളിൽ ജോലിചെയ്യുന്ന വൈദികരുടെയും പുതുതായി പട്ടം സ്വീകരിച്ച വൈദികരുടെയും കൂട്ടായ്മയിൽ സന്ദേശം നൽകി.

26 നെല്ലിക്കാംപൊയിലിൽ പുതുതായി നിർമ്മിക്കുന്ന പള്ളിമുറിയുടെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. നെല്ലിക്കാംപൊയിൽ ഫൊറോനാ ദൈവാലയത്തിന്റെ ജൂബിലി ആരംഭം തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു. തുടർന്ന് തലശ്ശേരിയിലെത്തി നവവൈദികരുമായി കൂടിക്കാഴ്ച നടത്തി. ഉച്ചയോടെ തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് നടത്തപ്പെട്ട ഉപകാരികളുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം പടിമരുത് ദൈവാലയത്തിൽ പുതുതായി നിർമ്മിച്ച സിമിത്തേരിയുടെയും ഗ്രോട്ടോയുടെയും വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

27 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് നവവൈദികർക്കൊപ്പം ദിവ്യബലിയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്ന് 10 മണിയോടെ ചേർന്ന അതിരൂപതാ ആലോചനാ സമിതി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം കണ്ണിവയൽ ഇടവകാംഗങ്ങളായ ബഹു. ജെയിംസ് അരീപ്പറമ്പിൽ അച്ചന്റെയും ബഹു. സെബാസ്റ്റ്യൻ ഏഴുപറയിൽ അച്ചന്റെയും ഭവനങ്ങൾ സന്ദർശിച്ചു. തുടർന്ന് രയറോം സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

28 താമരശ്ശേരി രൂപതയിൽപ്പെട്ട കല്ലാനോട് സെന്റ് മേരീസ് ഇടവകയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

29 രാവിലെ ആര്യപ്പറമ്പ് ദൈവാലയത്തിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് എടൂരിൽവച്ച് ബഹു. സാഫി പൗവ്വത്ത് അച്ചന്റെ ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ബഹു. ജോബി കരിന്തോളിൽ അച്ചന്റെയും ബഹു. ക്രിസ്റ്റി പറമ്പുകാട്ടിൽ അച്ചന്റെയും ഭവനങ്ങൾ സന്ദർശിച്ചു.

30 വെളിമാനം ഇടവകയിൽവച്ച് കെ.സി.വൈ.എം അതിരൂപതാ പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറയുടെയും ജോബിൻ ഐക്കരകുടിയിലിന്റെയും മനസമ്മതം നടത്തി. പരിയാരം ഇടവകാംഗമായ ബഹു. മേച്ചിറാകത്ത് അച്ചന്റെ മാതാ

പിതാക്കളെ സന്ദർശിച്ചു. വൈകുന്നേരം കാഞ്ഞങ്ങാട് ക്രൈസ്റ്റ് സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

31 ചാലക്കുടിയിൽവച്ച് കുർബ്ബാന ഏകീകരണ വിഷയത്തിൽ വിവിധ പ്രതിനിധികളുമായി ചർച്ചയിൽ പങ്കുചേർന്നു. വൈകുന്നേരം കോട്ടയം രൂപതയുടെ കടുത്തുരുത്തി വലിയപള്ളിയിൽ പുറത്തു നമസ്കാരത്തോടനുബന്ധിച്ച് വചനസന്ദേശം നൽകി.

## ഫെബ്രുവരി 2023

01 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം തളിപ്പറമ്പ് ഇടവകാംഗമായ ശ്രീ. ജോർജ് വടകരയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ തിരുകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് തലശ്ശേരിയിൽവച്ച് നടത്തപ്പെട്ട സാൻജോസ് സ്കൂളിന്റെ ബോർഡ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. രാത്രി 9 ന് പബ്ലിക് അഫയേർഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ അധ്യക്ഷനായി.

02 രാവിലെ പേരാവൂർ എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ചു. കൊളക്കാട് പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. തുടർന്ന് നിർമ്മലഗിരി കോളേജിൽ നാക് അക്രിഡിഷനുമായി ബന്ധപ്പെട്ട മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം നിർമ്മലഗിരി സെന്റ് ജോസഫ് കോൺവെന്റിലെ അൾത്താര വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം ബഹു. ജോൺസൺ തോട്ടത്തിൽ അച്ചന്റെ മാതാപിതാക്കളെ സന്ദർശിച്ചു.

03 മുംബൈയിൽ വച്ചുനടന്ന എഫ്.എ.ബി.സി ഡ്രാഫ്റ്റിംഗ് കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു.

04 രാവിലെ ജോസ്ഗിരി ഹോസ്പിറ്റലിൽ ദിവ്യബലിയർപ്പിക്കുകയും എസ്.എ.ബി.എസ് സന്യസസമൂഹത്തിലെ സിസ്റ്റേഴ്സിന്റെ സുവർണ-രജത ജൂബിലി മീറ്റിംഗിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. ഉച്ചയ്ക്കുശേഷം ചെമ്പേരി നിർമ്മല ഹയർസെക്കന്ററി സ്കൂളിന്റെ രജത ജൂബിലി ഉദ്ഘാടനവും ജൂബിലി സ്മാരക ബ്ലോക്കിന്റെ ശിലാസ്ഥാപനവും നിർവ്വഹിച്ചു. തുടർന്ന് നവീകരിച്ച വിമലാ ഹോസ്പിറ്റലിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും നിർവ്വഹിച്ചു. 5 മണിയോടെ കോട്ടൂർ ഇടവകയിൽവച്ച് പ്ലാവൻകുഴി വിവേകിന്റെയും കാഞ്ഞിരത്തിങ്കൽ മരിയയുടെയും മനസമ്മതം നടത്തി. രാത്രി 10.30 ന് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഗ്രേറ്റ് ബ്രിട്ടണിൽ ആരംഭിക്കുന്ന 2023 വർഷത്തെ ബിരുദകോഴ്സിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

05 നെല്ലിക്കുന്ന് ഇടവകയിൽ ഇടയസന്ദർശനം നടത്തി. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് നടന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

06 നെല്ലിക്കുറ്റി ഇടവകാ ദൈവാലയത്തിൽവച്ച് കട്ടിക്കാനായിൽ ബിപിൻ–അഞ്ജു ദമ്പതികളുടെ നാലാമത്തെ കുട്ടിയായ ആൻഡ്രിയ റോസിന്റെ മാമ്മോദീസാ നടത്തി. നെല്ലിക്കുറ്റി ഇടവകയിൽ മരണമടഞ്ഞ മാത്യു

മറ്റത്തിനാലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി. വെള്ളാട് ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ മാത്യു പള്ളിക്കലിന്റെ (O.Praem) പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം തലശ്ശേരി സന്ദേശഭവനിൽവച്ച് വിവിധ ഡിപ്പാർട്ട്മെന്റ് ഡയറക്ടർമാരുമായി കൂടിക്കാഴ്ച നടത്തി.

07 രാവിലെ ചേർന്ന ഫൊറോനാ വികാരിമാരുടെ മീറ്റിംഗിലും ഉച്ചയ്ക്കുശേഷം കൂടിയ മതബോധന കൗൺസിലിലും അധ്യക്ഷത വഹിച്ചു. വൈകുന്നേരത്തോടെ സെമിനാരി കമ്മീഷൻ മീറ്റിംഗിനായി കുന്നോത്തേയ്ക്ക് പുറപ്പെട്ടു.

08 കുന്നോത്ത് സെമിനാരി കമ്മീഷൻ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം പുറവയൽ ഇടവകയിൽ മരണപ്പെട്ട ചാക്കോ പള്ളുരുത്തിയിലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

09 രാവിലെ ജോസ്ഗിരി ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് നവീകരിച്ച ടൗൺ കുരിശുപള്ളിയുടെ വെഞ്ചരിപ്പുകർമ്മവും നിർവ്വഹിച്ചു. ഉച്ചയോടെ കരുവഞ്ചാൽ സെന്റ് ജോസഫ്സ് ആശുപത്രിയിൽ പുതുതായി ആരംഭിച്ച ഡെന്റൽ ഡിപ്പാർട്ടുമെന്റിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും നിർവ്വഹിച്ചു. ചെമ്പേരിയിൽ മരണപ്പെട്ട ഏലിയാമ്മ ജോസഫ് കളരിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ പള്ളിയിലെ കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉളിക്കൽ ഇടവകയിൽ മരണപ്പെട്ട അഗസ്റ്റിൻ ഇല്ലിക്കലിന്റെ (കുട്ടപ്പായി ചേട്ടൻ) ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം പൊന്നിയത്ത് LEUCA നഴ്സറി സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

10 കണ്ണൂർ രൂപതയുടെ ആഭിമുഖ്യത്തിൽ പിലാത്തറയിൽവച്ച് നടത്തപ്പെട്ട ബൈബിൾ കൺവെൻഷനിൽ വചനസന്ദേശം നൽകി. പരിയാരത്ത് ചികിത്സയിലായിരുന്ന ബഹു. മനോജ് കൊച്ചുപുര അച്ചന്റെ അമ്മയെ സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം പൊൻമലയിൽ തിരുനാൾ കൊടിയേറ്റ് കർമ്മം നിർവ്വഹിച്ചു. ചെമ്പേരി ഇടവകാംഗമായ ബഹു. അനീഷ് കുളത്തറ അച്ചന്റെ ഭവനം സന്ദർശിച്ചു. വൈകുന്നേരം ചെമ്പേരി ഫൊറോനാ ദൈവാലയത്തിന്റെ പ്ലാറ്റിനം ജൂബിലി ആരംഭത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

11 രാവിലെ ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് ചാപ്പലിൽ നവീകരിച്ച അൾത്താരയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. തുടർന്ന് ചെമ്പേരിയിൽവച്ച് ചേർന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

12 പടന്നക്കാട് ഇടവകാ ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി. വൈകുന്നേരം പരിയാരം മദർഹോമിൽവച്ച് നടത്തപ്പെട്ട വിവാഹ ഒരുക്ക പ്രാർത്ഥനാ ശുശ്രൂഷയായ ബ്ലസ്സിംഗ് ധ്യാനത്തിലായിരുന്ന യുവജനങ്ങളോട് സംവദിച്ചു.

13 ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടിമാലി, ഇടുക്കി സെന്ററുകളിൽവച്ച് നടത്തപ്പെട്ട ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്ത് 102 വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകി.

14 രാവിലെ ജോസ്ഗിരി നഴ്സിംഗ് സ്കൂളിൽ ദീപംതെളിയിക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിലെത്തിയ അഭിവന്ദ്യ സ്റ്റീഫൻ ചിറപ്പണത്ത് പിതാവ്, ബഹു. കേരളാ നിയമസഭാ സ്പീക്കർ ശ്രീ. എ.എൻ. ഷംസീർ, എ.ഐ.സി.സി വക്താവ് ശ്രീമതി. ക്ഷമാ മുഹമ്മദ് എന്നിവരെ സ്വീകരിച്ചു.

15 രാവിലെ തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കായി ദിവ്യബലിയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. നെല്ലിക്കുറ്റി സീയോനിൽവച്ച് എം.എസ്.എം.ഐ സന്യാസിനി സമൂഹാംഗമായ സി. ഗ്രേയ്സ് മരിയയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. വൈകുന്നേരത്തോടെ സിദ്ധാപുരത്തുള്ള Sacred Heart ഹോസ്പിറ്റൽ സന്ദർശിച്ചു.

16 രാജമുടി ഇടവകയിൽവച്ച് അയിലൂക്കുന്നേൽ സോണിയുടെയും ജെസ്ലിന്റെയും വിവാഹം ആശീർവ്വദിച്ചു. അതിരൂപതാ കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

17 രാവിലെ തലശ്ശേരിയിൽവച്ച് നടന്ന ഫിനാൻസ് കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം കോട്ടൂർവയൽ ഇടവകയിൽ പുതുതായി പണികഴിപ്പിച്ച സിമിത്തേരിയുടെയും നവീകരിച്ച കുരിശുപള്ളിയുടെയും വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. തുടർന്ന് ചെമ്പേരി കരുണാലയത്തിലെത്തി വിമലാ ഹോസ്പിറ്റലിന്റെ നവീകരണവുമായി ബന്ധപ്പെട്ടുള്ള മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

18 കുറ്റിക്കോലിൽ പുതുതായി പണികഴിപ്പിച്ച സെന്റ് തോമസ് ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു. പറമ്പ ദൈവാലയം സന്ദർശിച്ചു. മാലോം ഇടവകയിൽവച്ച് ജോജൻ-സൗമ്യ ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയായ ജെറോമിന് മാമ്മോദീസ നൽകി. തുടർന്ന് പുഞ്ച ഇടവകയുടെ രജത ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

19 തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി. വൈകുന്നേരം തളിപ്പറമ്പിൽവച്ച നടത്തപ്പെട്ട ദീപിക കണ്ണൂർ യൂണിറ്റിന്റെ 30-ാം വാർഷികാഘോഷ പ്രോഗ്രാമിന് അധ്യക്ഷത വഹിച്ചു.

20 കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വിഭൂതി തിരുകർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

**MARCH 2023**

# ENGAGEMENTS
## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 09-12 pm | - | Visitors Day |
| 02 | 01.00 pm | - | Karuvanchal: St. Joseph's Hospital |
| | 04.00 pm | - | Payyavoor: Bible Convention |
| 03, 04 | | - | Engaged |
| 05 | | - | Manakkadavu: Pastoral Visit |
| 06 | 8.00 am | - | Iritty |
| 07 | 09-12 pm | - | Visitors Day (Priests) |
| 08 | 09-12 pm | - | Visitors Day (General Public) |
| 09 | | - | Colloquium on NEP |
| 10 | | - | Ernakulam: Media Commission Meeting |
| 11 | | - | Pariyaram: Snehagiri Provincial House |
| | | - | Cherupuzha: Forane Retreat |
| 12 | | - | Varakkad: Pastoral Visit |
| 13 | 10.00 am | - | Angadikkadavu: Donbosco College |
| 14 | | - | Shalome Shooting |
| 15 | 09-12 pm | - | Visitors Day |
| 16 | | - | Shalome Shooting |
| 17 | | - | Sulthan Bathery : Waynad Convention |
| 19 | 04.30 pm | - | Thalassery : Cathedral |
| 20 | | - | Engaged |
| 21 | 09-12 pm | - | Visitors Day (Priests) |
| 22 | 09-12 pm | - | Visitors Day (General Public) |
| 23 | 10.00 am | - | Nirmalagiri College |
| | | - | Paisakary: Forane Retreat |
| 24-26 | | - | Dubai |
| 27-31 | | - | Jalandhar: Priest Retreat |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ജനുവരി 2023

24 രാവിലെ 10:30 ന് ഇരിട്ടി ഇടവകയിൽവച്ച് നസ്രത്ത് സന്യാസ സമൂഹത്തിലെ നവ സന്യാസിനിമാരുടെ പ്രഥമ വ്രതവാഗ്ദാനത്തിലും സന്യാസ വസ്ത്രസ്വീകരണത്തിലും പങ്കെടുത്തു. വൈകിട്ട് 5:45 ന് ഇരിട്ടി സി.എം.ഐ. സ്കൂളിന്റെ വാർഷികത്തോടനുബന്ധിച്ച് നടത്തിയ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. വൈകിട്ട് 7:30 ന് ഫാ. ബിജു മുട്ടത്തുകുന്നേലിന്റെ ഭവന ആശീർവാദത്തിൽ പങ്കെടുത്തു.

25 വൈകിട്ട് 7 മണിക്ക് തലശ്ശേരി ബിഷപ്സ് ഹൗസിൽവച്ച് നവ വൈദികർക്കു നൽകിയ സ്വീകരണത്തിലും വിദേശത്തു ശുശ്രൂഷ ചെയ്യുന്ന വൈദികരുടെ കൂട്ടായ്മയിലും പങ്കെടുത്തു.

29 രാവിലെ എടൂർ ഇടവകയിൽവച്ച് ബഹു. ഫാ. സാഫി പൗവ്വത്തിലിന്റെ ജൂബിലിയോട് അനുബന്ധിച്ച് അർപ്പിച്ച വി. കുർബാനയിൽ ആമുഖ പ്രഭാഷണം നടത്തി.

### ഫെബ്രുവരി 2023

04 രാവിലെ 10.30 ന് തലശ്ശേരി ജോസ്ഗിരി ഹോസ്പിറ്റലിൽവച്ച് നടന്ന എസ്.എ.ബി.എസ് സന്യാസ സമൂഹത്തിലെ സിസ്റ്റേഴ്സിന്റെ സുവർണ ജൂബിലിയുടെയും രജതജൂബിലിയുടെയും ആഘോഷങ്ങളിൽ പങ്കെടുത്തു.

05 വൈകുന്നേരം മൈസൂരിൽ പുതുതായി നിർമ്മിച്ച കമനകര മൗണ്ട് കാർമൽ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബ്ബാന അർപ്പിച്ചു.

06–08 മാണ്ഡ്യ രൂപതയിലെ വിവിധ സ്റ്റേഷനുകൾ ഭൂമി ഇടപാടുകൾക്കായി സന്ദർശിച്ചു.

09 രാവിലെ 10 മണിക്ക് നെല്ലിക്കാംപൊയിൽ വച്ച് സി.എം.സി. സന്യാസ സമൂഹത്തിലെ അംഗങ്ങളായ സിസ്റ്റേഴ്സിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അർപ്പിച്ച വിശുദ്ധ കുർബ്ബാനയിൽ

മുഖ്യകാർമികത്വം വഹിച്ചു. ഉളിക്കൽ ഇടവകയിൽ മരണമടഞ്ഞ അഗസ്റ്റിൻ ഇല്ലിക്കലിന്റെ ഭവനം സന്ദർശിച്ചു പ്രാർത്ഥിച്ചു. വൈകിട്ട് 4.30 ന് കുന്നോത്ത് സെമിനാരിയിൽ വെച്ച് നടന്ന കുന്നോത്ത്-മംഗലപ്പുഴ സൗഹൃദം ബാസ്ക്കറ്റ്ബോൾ മത്സരം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

11 രാവിലെ 10.30 ന് വായാട്ടുപറമ്പ് റഫാല്ലോ നിവാസിൽ വച്ച് നടന്ന സിസ്റ്റേഴ്സിന്റെ രജത ജൂബിലിയോടനുബന്ധിച്ച് അർപ്പിച്ച വിശുദ്ധ കുർബ്ബാനയിൽ മുഖ്യകാർമികത്വം വഹിച്ചു

12 രാവിലെ 10 മണിക്ക് ജോസ്ഗിരി ഇടവകയിൽ വച്ച് ഇടവകാ തിരുനാളിനോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ച് വചനസന്ദേശം നൽകി.

15 രാവിലെ 6.30 ന് നസ്രത്ത് സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ വച്ച് സുപ്പീരിയർ ജനറൽ സി. ജസീന്തയുടെ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

## MARCH 2023 ENGAGEMENTS

### ARCHBISHOP EMERITUS GEORGE NJARALAKATT

| | | |
|---|---|---|
| 07 | - | Irrity : Retreat for Sacristans |
| 18 | - | Thalassery : Cathedral |
| 19 | - | Aryaparamba : Golden Jubilee |

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**ജനുവരി 2023**

23 വായാട്ടുപറമ്പ് ഇടവകയിൽവച്ച് അട്ടാരമാക്കൽ സിറിയക് റോസ്‌ലെറ്റ് ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

25 താമരശ്ശേരി രൂപതയിലെ കോടഞ്ചേരി ഇടവകയിൽ അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവിന്റെ വത്സലപിതാവ് ശ്രീ. തോമസ് വലിയമറ്റത്തിന്റെ പതിനേഴാം ചരമവാർഷികത്തിൽ വി. കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.

26 രാവിലെ 6 മണിക്ക് കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. രാവിലെ 10 മണിക്ക് ചരൾ ഇടവകയിൽ സി. എൽസി എം.എസ്.എം.ഐയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

28 കല്ലുമുതിരക്കുന്ന് ഇടവകയിൽ സി.എസ്.ടി. സഭാംഗമായ ഫാ. ഡൊമിനിക് പെരുമ്പനാനിയുടെ ഒന്നാം ചരമവാർഷികത്തിൽ വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിച്ചു.

29 എടൂർ ഇടവകയിൽവച്ച് തലശ്ശേരി അതിരൂപതാംഗമായ ഫാ. സെബാസ്റ്റ്യൻ പൗവ്വത്തിന്റെ രജത ജൂബിലി ആഘോഷത്തിൽ സംബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

**ഫെബ്രുവരി 2023**

01 മാനന്തവാടി രൂപതയിൽ കല്ലോടി ഇടവകയിൽ മെത്തിക്കര സാനു-സൂര്യ ദമ്പതികളുടെ മകൻ ഫ്രാൻസിസിന്റെ മാമ്മോദീസ നടത്തി.

02 തിരുവമ്പാടി ഇടവകയിൽ ബഹു. ആന്റണി പുരയിടം അച്ചന്റെ ഇളയ സഹോദരൻ പി. ജെ. സേവ്യറിന്റെ മൃതസംസ്ക്കാര ചടങ്ങിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

03 കോട്ടൂർ ഇടവകയിൽവച്ച് തലശ്ശേരി അതിരൂപതാംഗമായ ബഹു. ജോൺസൺ തോട്ടത്തിൽ അച്ചന്റെ മാതാപിതാക്കളുടെ അറുപത്തി

യഞ്ചാം വിവാഹവാർഷിക ആഘോഷത്തിൽ സംബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും മൂത്ത സഹോദരൻ ഫാ. ജോർജ് സി.എസ്.ടി. യുടെ കബറിടത്തിൽ അനുസ്മരണ പ്രാർത്ഥന നടത്തുകയും ചെയ്തു.

04 താമരശ്ശേരി രൂപതയിലെ ചെമ്പനോട് ഇടവകയിൽ പുതുകുളങ്ങര ജിനീഷ്-ജീന്ന ദമ്പതികളുടെ മകനായ ജെസ്വിന്റെ ആദ്യകുർബ്ബാന നടത്തി.

06 മേലെചൊവ്വ ഇടവകയിൽ നിര്യാതയായ ശ്രീമതി ലൈസമ്മ കട്ടക്കയത്തിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പള്ളിയിലെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

07-17 പെരുമ്പുന്നയിലെ അർച്ചനാ ആശുപത്രിയിൽ ആയുർവേദ ചികിത്സ നടത്തി.

09 ഉളിക്കൽ ഇടവകയിൽ നിര്യാതനായ ഇല്ലിക്കൽ അഗസ്റ്റിന്റെ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു.

18 എടൂർ ഇടവകയിൽ മരോട്ടിക്കൽ വർഗീസ്-മേഴ്സി ദമ്പതികളുടെ നാലാമത്തെ മകളായ അൽഫോൻസയുടെ മാമ്മോദീസ നടത്തി.

20 തലശ്ശേരി കത്തീഡ്രൽ ഇടവകയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനോടൊപ്പം വിഭൂതി തിരുനാളിന്റെ തിരുകർമങ്ങളിൽ സംബന്ധിച്ചു.

# മോൺ. ഡോ. തോമസ് മണ്ണൂരാംപറമ്പിലിന്

## അഭിനന്ദനങ്ങൾ...










2023 ഫെബ്രുവരി 11-ാം തീയതി ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് നടന്ന പാസ്റ്ററൽ കൗൺസിലിൽ, തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ്

**റവ. ഡോ. തോമസ് മണ്ണൂരാംപറമ്പിലിനെ**

സ്ഥാനിക ചിഹ്നങ്ങൾ അണിയിച്ചപ്പോൾ...

RNI Reg. No. 5910/18
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24

₹10/-
Date of Publication: 28/02/2023
വാല്യം : 06 ലക്കം : 03



മാർച്ച് 25

# മംഗളവാർത്ത തിരുനാൾ

Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.